# 1 ഉയിർപ്പുതിരുനാൾ

**ഏപ്രിൽ 1966**

**(ഏപ്രിൽ 10 1966)**

നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റെയും, മരണത്തിന്റെയും, സംസ്ക്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ നാം ദിവസേന ബലിപീഠത്തിങ്കൽ ആചരിച്ചുവരുന്നുണ്ട്. ഈ ഓർമ്മ നവചൈതന്യത്തോടെ ആചരിക്കുവാൻ തിരുസഭ നമ്മെ ആഹ്വാനം ചെയ്യുന്ന സമയമാണ് വലിയ നോമ്പുകാലവും ഉയിർപ്പുകാലവും. നമ്മുടെ കർത്താവും അവിടുത്തെ സഭയും ഈ ഓർമ്മ ആചരിക്കുന്നതിൽ നമ്മെ ഇത്രയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള കാരണം എന്താണ്? ഈ രഹസ്യങ്ങൾ നാം ഓരോരുത്തരിലും നാം വഴിയായി മറ്റു വ്യക്തികളിലും യാഥാർത്ഥ്യങ്ങളായിത്തീരേണ്ടതുണ്ട് എന്നതുതന്നെ. നാം ക്രിസ്തുവിലേയ്ക്ക് രൂപാന്തരപ്പെട്ടുകഴിയുമ്പോൾ മാത്രമേ യാഥാർത്ഥ ക്രിസ്ത്യാനികളായിത്തീരുകയുള്ളൂ. ഒരു ക്രിസ്ത്യാനി മറ്റൊരു ക്രിസ്തുവാണെന്നു പറയുന്നതിന്റെ അർത്ഥം ഇതാണല്ലോ.

മിശിഹായുടെ പീഡാനുഭവത്തിൽ ഏറ്റം തെളിഞ്ഞു കാണുന്ന ചൈതന്യം കടക്കാരോടു ക്ഷമിക്കുക എന്നതാണെന്നു തോന്നുന്നു. കുരിശിൽ കിടന്നുകൊണ്ടു സ്വന്തം ഘാതകർക്കുവേണ്ടി പിതാവിനോടു ക്ഷമയാചിക്കുന്ന ദൈവസുതന്റെ സുന്ദര രൂപം നമ്മുടെ മനസ്സിൽ മായാമുദ്ര പതിക്കട്ടെ!

ഈ ചൈതന്യം, അടുത്തവർഷം ഉയിർപ്പു തിരുനാൾ വരെയുള്ള നമ്മുടെ പ്രത്യേക പഠനത്തിനും പരിശീലനത്തിനും വിഷയമാക്കുന്നതു നന്നായിരിക്കും. ഈ വർഷം മാസധ്യാനങ്ങളിലെ പ്രധാന ചിന്ത, ആണ്ടിൽ നാലു പ്രാവശ്യം നടത്താനുള്ള അധികരണങ്ങൾ (നമ്മുടെ നിയമാവലി.140) എന്നിവയുടെ വിഷയം, ഈ ചൈതന്യത്തിൽ വിവിധ വശങ്ങളാക്കുക, പഠിപ്പിക്കുന്ന ജോലിയിലേർപ്പെട്ടിരിക്കുന്നവർ അവസരോചിതമായി വിദ്യാർത്ഥികളിലേയ്ക്കു ഈ ചൈതന്യം പകർന്നുകൊടുക്കുവാൻ പറ്റിയ മാർഗ്ഗങ്ങൾ അവലംബിക്കുക. നമ്മുടെ പ്രസംഗങ്ങളിലും, കുട്ടികളുടെയും, മുതിർന്നവരുടെയും ചർച്ച സമ്മേളനങ്ങ

ളിലും ഈ വിഷയം അവതരിപ്പിക്കുക, സാഹിത്യവാസനയുള്ളവർ, ഈ ചൈതന്യം പരിപോഷിപ്പിക്കുന്നതിനുതകത്തക്കവിധത്തിൽ തങ്ങളുടെ കഴിവുകൾ വിനിയോഗിക്കുക, ഇങ്ങനെയെല്ലാം ഈ പ്രത്യേക പഠനം പ്രയോഗത്തിലാക്കാവുന്നതാണ്.

നമ്മുടെ സന്യാസാർത്ഥികളും, നവസന്യാസികളും, വിദ്യാർത്ഥികളും, അവരുടെ ഗുരുക്കന്മാരുടെ നിർദ്ദേശമനുസരിച്ച്, ഈ വിഷയം സംബന്ധിച്ചു ചർച്ചകൾ നടത്തുകയും, ലേഖനങ്ങൾ, ചെറുകഥകൾ, പ്രഹസനങ്ങൾ മുതലയാവ എഴുതുകയും ചെയ്തു കാണുവാൻ ആഗ്രഹിക്കുന്നു. അടുത്ത ഡിസംബർ അവസാനിക്കുന്നതിനുമുമ്പായി ഇത്തരം തൂലികാ സമ്പത്തു ഇവിടെ അയച്ചു കിട്ടിയാൽ, അവയിൽ നിന്നും ജനസാമാന്യത്തിനു ഉപകരിക്കുമെന്നു തോന്നുന്നവ, അടുത്ത ഉയിർപ്പു തിരുനാളിനുമുമ്പായി പ്രസിദ്ധീകരിക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഈ ചൈതന്യത്തിന്റെ പരിശീലനത്തിനു ദിവസം തോറും വളരെ അവസരങ്ങൾ നമുക്കു ലഭിക്കുമെന്നു പ്രസ്താവിച്ചിട്ടാവശ്യമില്ലല്ലോ. ആദ്യമായിത്തന്നെ എന്നോടു ക്ഷമിക്കുന്നതിൽ ഈ ചൈതന്യം ഏവരും പ്രായോഗികമാക്കണമെന്നു ഒരപേക്ഷയുണ്ട്. പൊതുശ്രേഷ്ഠന്റെ ജോലി ഏറ്റെടുത്തിട്ടു മൂന്നുമാസമായി. എങ്കിലും, നമ്മുടെ സഭാംഗങ്ങളിൽ പലരും സസ്നേഹം, അയച്ചുതന്ന അനുമോദനകത്തുകളിൽ ഭൂരിഭാഗത്തിനും ഒരു മറുപടി കുറിച്ചയക്കുവാൻ ഇനിയും സാധിച്ചിട്ടില്ല. നമ്മുടെ ആശ്രമങ്ങളിൽ താമസിയാതെ ചെല്ലുന്നതാണെന്നു ഓരോ ആശ്രമശ്രേഷ്ഠന്റെ പേർക്കും ഞാൻ എഴുതിയിരുന്നു. ആ വാഗ്ദാനവും, ഇനിയും നിറവേറ്റികഴിഞ്ഞിട്ടില്ല. ഇത്രയധികം ക്ഷമയെ പരീക്ഷിച്ച പൊതുശ്രേഷ്ഠനുവേണ്ടി, “പിതാവേ, ക്ഷമിക്കണമെ” എന്നുള്ള പ്രാർത്ഥനയുമായി പിതാവായ ദൈവത്തെ സമീപിക്കുന്ന ഒരു സന്യാസി, ക്രൂശിതനായ മിശിഹായുടെ അഭിമാനപാത്രമായിരിക്കും എന്നു പറയേണ്ടതില്ലല്ലോ.

ഏതായാലും, എന്റെ മുൻപറഞ്ഞ കടമയും വാഗ്ദാനവും അധികം താമസിയാതെ നിറവേറ്റാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. ദയവായി എല്ലാവരും എനിക്കുവേണ്ടി പ്രാർത്ഥിക്കണം. ബലഹീനനായ എന്നെ ഈ ജോലിയ്ക്കായി തിരഞ്ഞെടുത്ത ദൈവത്തിന്റെ ഉദ്ദേശ്യം നാം എല്ലാവരും കൂടി ഇതു നിർവ്വഹിക്കണമെന്നാണെന്നു തോന്നുന്നു. അതിനാൽ നമുക്കു എല്ലാവർക്കുംകൂടി ഈ ഭാരം വഹിക്കാം. ഈ ചൈതന്യത്തിലാണ് ഏവരും എന്നോടു പെരുമാറി വരുന്നതെന്ന വസ്തുത പ്രകടമായി പ്രസ്താവിച്ചുകൊള്ളട്ടെ. അതിനു പ്രത്യേക വിധം നന്ദി പറയു

കനിസിയൂസച്ചൻ സി.എം.ഐ മക്കളോട്

ന്നതോടൊപ്പം, വിശേഷാത്തരമായ ഈ കുടുംബരൂപി നമ്മുടെ സഭയിൽ തഴച്ചു വളരുവാൻ ഇടയാക്കണമെന്നു അതിന്റെ ശ്രോതസ്സായ പരിശുദ്ധ ത്രിത്വത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സഭാ ഭരണത്തിനും, നമ്മുടെ സർവ്വോന്മുഖമായ പുരോഗമനത്തിനും സഹായകമാണെന്നു തോന്നുന്ന കാര്യങ്ങൾ, നീട്ടിവയ്ക്കാതെ, അപ്പഴപ്പോൾ, കുറിച്ചയച്ചുതന്നു സഹായിക്കണമെന്നു ഓരോരുത്തരോടും അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും ഓരോരുത്തർക്കും നമ്മുടെ കർത്താവിൻ ഉയിർപ്പു മംഗളങ്ങൾ!

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**

# 2

## മൂന്നു രംഗങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധയ്ക്ക്
## മിഷൻ – വിദ്യാഭ്യാസം – പ്രസിദ്ധീകരണം

**ജൂലൈ 1966**

### മിഷൻ

മെയ് 24-ാം തിയ്യതി മുതൽ ജൂൺ 14-ാം തിയ്യതി വരെ പെ.ബ. നാലാം ദഫ്നിത്തോരച്ചനും (മിഷ്യൻസിന്റെ കേന്ദ്ര ഡിറക്ടർ) ബ. പൊലിക്കാർപ്പച്ചനും (സെക്രട്ടറി) ഞാനും കൂടി നമ്മുടെ മിഷൻ രംഗങ്ങൾ സന്ദർശിക്കുകയായിരുന്നു. വി.പൗലോസിന്റെ മിഷൻ പര്യടനങ്ങളുടെ ഒരു പ്രതീതിയാണു ഞങ്ങൾക്കുണ്ടായത്. വി.പൗലോസും കൂട്ടരും സ്വപ്നത്തിൽ പോലും കണ്ടിട്ടില്ലാത്ത തീവണ്ടി, ജീപ്പ്, ബസ്സ് മുതലായ സൗകര്യം ലഭിച്ചതുമൂലം അന്നത്തെ മിഷനറിസംഘം ഒരു കൊല്ലം കൊണ്ടു നടത്തിയ പര്യടനം കഷ്ടിച്ചു ഒരു മാസം കൊണ്ടു നടത്തുവാൻ ഞങ്ങൾക്കു സാധിച്ചു. ചെല്ലുന്നിടങ്ങളിൽ ഞങ്ങൾക്കു ലഭിച്ച സ്വീകരണം വി. പൗലോസിനും കൂട്ടർക്കും ലഭിച്ചതിൽ നിന്നും വിഭിന്നമല്ലായിരുന്നു. നമ്മുടെ സഹോദരന്മാർ ഇല്ലായ്മയിൽ നിന്നെന്നവണ്ണം രൂപം കൊടുത്തുവരുന്ന ആ ചെറു ക്രിസ്ത്യൻ സമുദായങ്ങൾ ഞങ്ങൾക്കു നൽകിയ സ്വീകരണവും അവർ ഞങ്ങളോടു പ്രകടിപ്പിച്ച നന്ദിയും സ്നേഹവും ആരേയും അതിശയിപ്പിച്ചു കളയും. വാദ്യമേളം, സംഗീതം, ഡാൻസ് മുതലായവയോടു കൂടി അകലെവച്ചുതന്നെ അവർ ഞങ്ങൾക്കു സ്വാഗതം നല്കി. "വിളവ് അധികം, കൊയ്ത്തുകാർ ചുരുക്കം" (മത്തായി. 9:27) "ഞങ്ങളെ വന്നു സഹായിക്കണമെ" (നടപടി.16,9) എന്നെല്ലാമുള്ള ബൈബിൾ വാക്കുകൾ എവിടേയും മാറ്റൊലിക്കൊള്ളുന്നതുപോലെ ഞങ്ങൾക്കു തോന്നി.

ലൗകികമായും ആദ്ധ്യാത്മികമായും ഉണങ്ങിവരണ്ട്, വിജനങ്ങളായി കിടന്നിരുന്ന സ്ഥലങ്ങളിൽ രണ്ടു തരത്തിലുമുള്ള പച്ചപിടിച്ച തോട്ടങ്ങൾ നമ്മുടെ ബ. അച്ചന്മാരുടെ നേതൃത്വത്തിൽ രൂപം കൊള്ളുന്നതു കൺകുളിർക്കെ ഞങ്ങൾ കാണുകയുണ്ടായി. നമ്മുടെ അംബികപ്പൂർ ആശ്രമത്തോടനുബന്ധിച്ചുള്ള തോട്ടം വാസ്തവത്തിൽ ഒരു മരുപ്പച്ചയാണ്. അങ്ങനെ തഴച്ചു വളരുന്ന ഒരു തോട്ടം ആ പരിസരങ്ങളിൽ അനേകം ചതുരശ്ര മൈലിനുള്ളിൽ കാണുകയില്ലെന്നോർക്കുമ്പോൾ ആ സ്ഥലനിവാസികൾക്കു നമ്മുടെ മിഷനറിമാരിൽ നിന്നും ലഭിക്കുന്ന



പ്രതീക്ഷകളെപ്പറ്റി ഏതാണ്ടൊരുരൂപം സിദ്ധിക്കുമല്ലോ. മഴപെയ്യുന്ന കാലത്ത് മൂന്നു നാലു മാസത്തോളം വരുന്ന കൃഷി ജോലി കഴിഞ്ഞാൽ ഭൂമിയിൽ നിന്നു ഫലമെടുക്കാനുള്ള സാദ്ധ്യത കഴിഞ്ഞുവെന്നാണു അവിടങ്ങളിൽ പൊതുവേ വിശ്വാസം. കിണറുകൾ കുറവ്, ജോലിയില്ല. വേലിയോ മതിലോ ഇല്ലാത്തതിനാൽ വല്ല പച്ചയും മുളച്ചു വന്നാൽ ഉടനെ പശുക്കൾക്കതു ആഹാരമായി. ഇപ്രകാരം ദാരിദ്ര്യത്തിൽ കഴിഞ്ഞു കൂടുന്ന അനേകം വില്ലേജുകാരെ, കോഓപ്പറേറ്റീവ് ലെവലിൽ യോജിപ്പിച്ച്, അവർക്ക് കിണറുകളും, വേലിയും ഉണ്ടാക്കിക്കൊടുത്ത് ജോലി ചെയ്യിപ്പിച്ചാൽ, തോട്ടങ്ങളെത്ര രൂപം കൊള്ളും! എത്ര പേരിൽ നിന്നു ദാരിദ്ര്യം ഓടിയകലും! എന്നൊക്കെ ഞങ്ങൾ ചിന്തിച്ചു. ഒരിഞ്ചുസ്ഥലം പോലും വെറുതെ യിടാതെ, നിരന്തരം ജോലി ചെയ്തും, എവിടെയും പച്ചപിടിച്ചനാടു കണ്ടു പരിശീലിച്ചിട്ടുള്ള നമ്മുടെ കേരള പ്രേഷിതർ ഇവിടങ്ങളിൽ പ്രവേശിച്ചുകഴിയുമ്പോൾ ഈ സ്വപ്നമെല്ലാം യാഥാർത്ഥ്യമാകുമെന്ന് നമ്മുടെ ബ. അച്ചന്മാർ കെട്ടിപ്പടുത്തു കൊണ്ടുവരുന്ന ഓരോ സ്റ്റേഷനും വിളിച്ചു പറയുന്നുണ്ട്. തന്മൂലം റായ്ഗഡിലെ നമ്മുടെ ആദ്യ മിഷനറിമാർ നാലുപേരും ഇന്ന് അവിടുത്തെ മറ്റ് മിഷനറിമാരുടേയും ജനങ്ങളുടേയും ആരാധ്യവിഷയങ്ങളായിത്തീർന്നിരിക്കുകയാണ്. അവരെ നേരിട്ടു കാണുമ്പോഴും അവരുടെ നാമം ശ്രവിക്കുമ്പോൾ പോലും, വൈദികരും അൽമായരും പ്രകടിപ്പിച്ചിരുന്ന സ്നേഹബഹുമാനാദരവുകളിൽ ഞങ്ങൾ അഭിമാനം കൊള്ളുക തന്നെ ചെയ്തു.

ഓരോ സ്റ്റേഷനെയും പറ്റി വളരെയധികം പറയാനുണ്ട്. താമസിയാതെ അവയുടെ പൂർണ്ണരൂപം പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. എല്ലാ തുറകളിൽ നിന്നും ആഹ്വാനവും, അപേക്ഷയും, പ്രോത്സാഹനവും ലഭിച്ചുകൊണ്ടിരിക്കുന്ന ഈ സ്വീകൃതമായ സമയത്ത് ധാരാളം പ്രേഷിതർ ഒന്നിച്ചു മുന്നേറിയിരുന്നുവെങ്കിൽ എന്നു ആശിച്ചു പോകുകയാണ്. പണ്ടേ രൂപമെടുത്ത പലമിഷൻ സ്റ്റേഷൻസിലും വളരെ നാളുകൾക്കൊണ്ടുമാത്രം സാധിച്ചിട്ടുള്ള കാര്യങ്ങൾ ചാന്ദാ മിഷനിൽ കഴിഞ്ഞ 4 കൊല്ലം കൊണ്ടു സാധിച്ചു കഴിഞ്ഞിട്ടുണ്ടെന്നു ഇന്നു നമുക്കു അഭിമാനിക്കാം. അവിടത്തെ വൈദീകമേലദ്ധ്യക്ഷനായ നമ്മുടെ പെ.ബ.ജനുവാരിയൂസച്ചൻ നന്നായി പ്ലാൻ ചെയ്തതിനുശേഷം മാത്രമാണ് അവിടത്തെ പ്രവർത്തനം ആരംഭിച്ചതെന്നുള്ള താണു അതിന്റെ വിജയരഹസ്യമെന്നു തോന്നുന്നു. ഓരോ സ്റ്റേഷനിലും രോഗികളെ സ്വസ്ഥമാക്കിയും കുഞ്ഞുങ്ങളെ പഠിപ്പിച്ചും കൊണ്ടാണ് നമ്മുടെ അച്ചന്മാർ പ്രവർത്തനം ആരംഭിക്കുന്നത്. ആ

പ്ലാൻ കാര്യക്ഷമമാക്കുന്നതിനായി ബ. സിസിറ്റേഴ്സും ആദ്യം മുതൽ നമ്മുടെ സഹായത്തിനെത്തി. ഇപ്പോൾ, ഏതുസ്ഥലത്തേയ്ക്കും നമ്മെ സഹായത്തിനായി ക്ഷണിക്കുന്ന അന്തരീക്ഷമാണു അവിടെ സംജാതമായിരിക്കുന്നത്. ഇതിനിടയ്ക്ക് സമൃദ്ധമായ ദൈവാനുഗ്രഹവർഷത്താൽ ഓരോ സ്റ്റേഷനിലും പലരും മാമ്മോദീസാ സ്വീകരിച്ചു കഴിഞ്ഞു. അനേകർ അതിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ പര്യടനത്തിനിടയ്ക്ക്, 40 പേരോളം എന്റെ കൈകളിൽനിന്നും തന്നെ ജ്ഞാനസ്നാനം സ്വീകരിച്ചു. വേറെ 30 പേരോളം ആദ്യമായി ദിവ്യകാരുണ്യസ്വീകരണവും നടത്തി. "ഭാരതമേ, നിന്റെ രക്ഷ നിന്റെ തനയരിൽ" എന്ന പല്ലവി ഇങ്ങനെ പൂരിപ്പിക്കണമെന്നു തോന്നുന്നു: "കേരളമേ, നിന്റെ ദൗത്യം ഭാരതത്തിന്റെ ആരാമീകരണം."

നമ്മുടെ മിഷൻ രംഗത്തേയക്ക്, അനുഗ്രഹീതമായ ഈ സമയത്ത്, ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതു നമ്മുടെ കടമയാണല്ലോ. വൈദീകർ വേണം, വേദാദ്ധ്യാപകർ വേണം, നഴ്സിംഗ് നഴ്സറി സ്ക്കൂൾ ട്രെയിനിംഗ് കിട്ടിയിട്ടുള്ള സിസ്റ്റേഴ്സ് വേണം. ഇതിനും പുറമെ പുതിയ സ്റ്റേഷൻസ് ആരംഭിക്കുന്നതിന് ആവശ്യമുള്ള സ്ഥലം, കെട്ടിടങ്ങൾ സാധാനസാമഗ്രികൾ, പുതിയ ക്രിസ്ത്യാനികളെ സാമുദായികമായി ഉദ്ധരിക്കുന്നിതനുള്ള പദ്ധതികൾ എന്നിവയ്ക്കുവേണ്ട പണവും കൂടി ഉണ്ടായാൽ ഛാന്ദാ ഓർഡിനറിയേറ്റ് താമസിയാതെ കത്തോലിക്കർ തിങ്ങിപ്പാർക്കുന്ന ഒരു രൂപതയായി മാറും എന്നു ന്യായപൂർവ്വം നമുക്കു പ്രതീക്ഷിക്കാം. ഇവയ്ക്കുള്ള പ്രായോഗികമാർഗ്ഗങ്ങൾ കാര്യക്ഷമമായി അവലംബിക്കുവാൻ "വിളവിന്റെ നാഥൻ" നമ്മെ സഹായിക്കട്ടെ. നിർദ്ദേശങ്ങൾക്കു സ്വാഗതം! പ്രായോഗികങ്ങളായവ അടുത്ത നമ്പറിൽ പ്രസിദ്ധീകരിക്കാം.

വിദ്യാഭ്യാസം

നമ്മുടെ സഭയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണല്ലോ യുവജനങ്ങളുടെ പരിശീലനം. അതിനായി പലസ്ക്കൂളുകളും കോളേജുകളും നാം നടത്തുന്നുണ്ട്. ഈ പരിശീലനം കാര്യക്ഷമമാക്കുന്നതിനു പ്രസ്തുത സ്ഥാപനങ്ങളോടനുബന്ധിച്ചു കേരള കത്തോലിക്കാവിദ്യാർത്ഥി സംഘടന (K.C.S.L) യേയും പ.കന്യകയുടെ സൊഡാലിറ്റിയേയും നാം പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. ഈ രണ്ടു സംഘടനകൾ യുവജനങ്ങളെ ഉത്തമകത്തോലിക്കാ പൗരന്മാരായി വാർത്തെടുക്കുന്നതിനു വളരെ സഹായിക്കുന്നതാണെന്നു അവയുടെ നിയമസംഹിത വെളിപ്പെടുത്തുന്നുണ്ട്. അവ സജീവമായി നടത്തുന്നതിനു ബന്ധപ്പെട്ടവർ പ്രത്യേക ശ്രദ്ധ വച്ചു കാണുവാൻ ആഗ്രഹിക്കുന്നു. K.C.S.Lന്റെ കനകജൂബിലി ആഘോഷിക്കുന്ന ഈ അവസരം അതിനു പ്രത്യേകമായ ഉത്തേജനം നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. തിരുസ്സഭയോടും രാഷ്ട്രത്തോടുമുള്ള നമ്മുടെ സഭയുടെ ഈ വലിയ കടമ നിറവേറ്റുന്നതിൽ ഓരോരുത്തരും അവരുടെ പരിധിയിൽ നിന്ന് പ്രാർത്ഥന കൊണ്ടും പ്രവർത്തനം കൊണ്ടും സാധ്യമായ എല്ലാവിധ പ്രോത്സാഹനം കൊണ്ടും സഹകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**

# 3 മിഷൻ സഹായത്തിനു പ്രായോഗിക നിർദ്ദേശങ്ങൾ

**ഒക്ടോബർ 1966**

ജൂലായി മാസത്തെ സന്ദേശത്തിൽ, പ്രേഷിതരംഗത്തേയ്ക്ക് ആളും പണവും സുലഭമാകുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ക്ഷണിച്ചിരുന്നു. നിർദ്ദേശങ്ങൾ അയച്ചു തന്നു സഹായിച്ചവർക്കു വളരെ ഉപകാരം! അവയുടെ വെളിച്ചത്തിൽ ചിലതു കുറിച്ചകൊള്ളട്ടെ.

**I. ആളുകൾ**: അകത്തുനിന്നും പുറത്തുനിന്നും, സാധിക്കുന്നിടത്തോളം ആളുകളെ പ്രേഷിതരംഗത്തേയ്ക്കുയയ്ക്കുവാൻ നാം ഏവരും ആത്മാർത്ഥമായി പരിശ്രമിക്കണം.

അകത്ത്, നമ്മുടെ സഹോദരങ്ങളിൽ വളരെ പേർക്കും പ്രേഷിതരംഗത്തേയ്ക്കിറങ്ങാനുള്ള അഭിനിവേശവും കഴിവും ഉണ്ട്. കേരളത്തിൽ നാം ഏറ്റെടുത്തിട്ടുള്ള ജോലികൾക്കു തന്നെ ആളുകൾ തികയാത്തതുകൊണ്ടാണ്, അവരിൽ പലരെയും പിടിച്ചു നിറുത്തുവാൻ ശ്രേഷ്ഠന്മാർ നിർബ്ബന്ധിതരാകുന്നത്.

തല്ക്കാലം, ഈ സാഹചര്യത്തെ നേരിടുവാനുള്ള ഏകമാർഗ്ഗം ഓരോരുത്തരും അവരവർക്ക് ചെയ്യാവുന്ന ജോലിയുടെ ആകെത്തുക വർദ്ധിപ്പിക്കുക എന്നതാണ്. ഉദാഹരണമായി, ഇപ്പോൾ ഒരു മണിക്കൂറു കൊണ്ടു ചെയ്യുന്നതു മുക്കാൽ മണിക്കൂറുകൊണ്ടു ചെയ്തു തീർത്ത്, ബാക്കിയുള്ള കാൽ മണിക്കൂർ വേറെ ജോലിക്കായി ലാഭിക്കുക; സ്വതന്ത്രമായി ഉപയോഗിക്കാവുന്ന സമയത്തിന്റെ ഒരു നല്ല ഭാഗം പൊതുജോലിയ്ക്കായി നീക്കിവയ്ക്കുക; ദീർഘമായ ആശ്വാസം കുറെ വെട്ടിക്കുറയ്ക്കുക. ഇങ്ങനെ ലാഭിക്കാവുന്ന നിമിഷങ്ങൾ ഒന്നിച്ചു കൂട്ടിയാൽ, മറ്റൊരാളുടെ ജോലികൂടെ ഏറ്റെടുത്ത് അദ്ദേഹത്തെ മിഷൻരംഗത്തേയ്ക്ക് അയയ്ക്കുവാൻ സാധിക്കുകയില്ലേ? ഇങ്ങനെ ചെയ്താൽ ഇപ്പോൾ മിഷ്യൻരംഗത്ത്, രാപകലില്ലാതെ എല്ലാം കൂടി ചെയ്തു കൊണ്ടിരിക്കുന്ന ഏകസ്ഥരായ നമ്മുടെ സഹോദരന്മാരുടെ അദ്ധ്വാനത്തോട് ഏകദേശം അടുത്തുവരും നമ്മുടെ കർമ്മ പരിപാടിയും. ഇതുതന്നെ വലിയൊരു പ്രേഷിതവൃത്തിയാണല്ലോ. ഇപ്രകാരം ചെയ്യുവാൻ സാധിക്കുന്നവർ വിവരം ബന്ധപ്പെട്ട ശ്രേഷ്ഠന്മാരെ അറിയിച്ച്, കൂടുതൽ ആളുകളെ മിഷൻരംഗത്തേയ്ക്കു വിടാവുന്ന സാഹചര്യം സംജാതമാക്കണമെന്നു അപേക്ഷിക്കുന്നു. ഇപ്രകരാമുള്ള ക്രമീകരണത്തിനു അസാമാന്യമായ ധാരാള ഹൃദയവും ത്യാഗമനസ്ഥിതിയും ആവശ്യമാണെന്നു സ്പഷ്ടമാണ്. വീരന്മാർക്കടുത്ത ഒരു കർമ്മ പരിപാടിയാണിത്. ധീരാത്മാക്കളായ സന്യാസികളുടെ സമൂഹത്തിൽ ഇത് ആഹ്ലാദപൂർണ്ണമായ ഒരു വെല്ലുവിളിയായിട്ടേ പരിഗണിക്കപ്പെടുകയുള്ളൂ. ഇത്തരം വെല്ലുവിളികൾ പലതും, ഹ്രസ്വമായ ഈ ജീവിതത്തിൽ വിജയപ്രദമായി കൈകാര്യം ചെയ്യാൻ സാധിച്ചാൽ നമ്മുടെ മരണക്കിടക്കയിൽ, വിജയഘോഷം മുഴക്കുവാൻ അണിനിരക്കുന്ന സ്വർഗ്ഗീയ സൈന്യങ്ങളെ നാം ദർശിക്കും.

പുറത്തുനിന്നും സാധിക്കുന്നതിടത്തോളം ആളുകളെ മിഷൻരംഗത്തേക്കാനയിക്കുവാൻ നാം മുൻകരുതലെടുക്കണം. നമ്മുടെ സംഭാഷണം, സംസർഗ്ഗം, ഉപദേശം, പ്രസംഗം, പാപസങ്കീർത്തനവേദിയിൽ നല്കുന്ന അവസരോചിതമായ നിർദ്ദേശം മുതലായവവഴി, ദൈവത്തിന്റെ ജനത്തിൽ, പ്രേക്ഷിതരംഗത്തേയ്ക്കുള്ള ദൈവീകാഹ്വാനം ഊതിക്കത്തിക്കുന്നതിനും, ഉജ്ജ്വലമാക്കുന്നതിനും നമുക്കു സാധിക്കും. ഇത്തരം അവസരങ്ങൾ ഒട്ടും നഷ്ടപ്പെടുത്താതെ, പരമാവധി ഉപകരിപ്പിക്കുന്നതിൽ മത്സരബുദ്ധ്യാ നമുക്കു മുന്നേറാം.

**II പണം**: പ്രേഷിതരംഗത്തേയ്ക്കായി പണം പരിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ പ്രഥമസ്ഥാനം, ദൈവം തന്നെ, പഴയനിയമത്തിൽ, സ്വന്തം ജനത്തിനു നിർദ്ദേശിച്ചുകൊടുത്തവയ്ക്കാണു നല്കേണ്ടത്. "കടിഞ്ഞൂൽ ഫലങ്ങളും," "ദശാംശവും" കർത്താവിനായി മാറ്റിവയ്ക്കുക. മാസംതോറുമുള്ള നമ്മുടെ വരവിന്റെ പത്തിലൊന്നു പ്രേഷിതരംഗത്തേയ്ക്കായി മാറ്റിവെച്ചാൽ അധികമാകുമോ? നമ്മുടെ ആദ്യഫലങ്ങൾ – ചക്ക, മാങ്ങ, അടയ്ക്ക, തേങ്ങ, ആടുകൾ, മാടുകൾ മുതലായവ – അഥവാ അവയുടെ വില പ്രേഷിതരംഗത്തേയ്ക്കിരിക്കട്ടെ എന്നു വെയ്ക്കുന്നതിൽ അസാംഗത്യമുണ്ടോ? "സന്തോഷത്തോടെ നൽകുന്നവനെ ദൈവം സ്നേഹിക്കുന്നു" എന്നു വി. പൗലോസ് പറയുന്നത്

* ഈ ഭാഗം മുതൽ പ്രശ്നവീഥി ഉൾപ്പെടെയുള്ള ഭാഗമെങ്കിലും ഊട്ടുമുറിൽ വായിക്കണം.

നമുക്കു ശ്രവിക്കാം (2 കോറി.9:7). ധാരാളതയിൽ ദൈവത്തെ വെല്ലുവാൻ ആർക്കും സാധിക്കുകയില്ല. വി.പൗലോസ് ഉപദേശിച്ചിട്ടുള്ളതും നമ്മുടെ കുടുംബങ്ങളിൽ പാരമ്പര്യമായി എടുത്തുവരുന്നതുമാണു മൂന്നാമത്തെ മാർഗ്ഗം: 'പിടിയരി.' ഇവ മൂന്നും ഓരോ ആശ്രമത്തിൽ നിന്നും ഓരോ മാസവും പ്രേഷിതരംഗത്തേയ്ക്കായി നീക്കിവച്ച്, കൃത്യമായി "വൈദിക ധർമ്മങ്ങളും മിഷൻ പ്രവർത്തനങ്ങളും" (Sacred Ministry and the missions) എന്ന ഡിപ്പാർട്ടുമെന്റിലേയ്ക്കു അയച്ചുകൊടുക്കുവാൻ സാധിച്ചാൽ, നാം ഒരു വലിയ കാര്യം ചെയ്തു എന്നു സമാധാനിക്കാം.

ഇതിനുപുറമെ, പൊതുജനങ്ങളിൽ നിന്നും പ്രേഷിതരംഗത്തേയ്ക്കായി പിരിവെടുക്കണം.

ഞായറാഴ്ചതോറും, "വിധവയുടെ കൊച്ചുകാശെങ്കിലും" മിഷൻ പെട്ടിയിൽ നിക്ഷേപിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നതു അഭിലഷണീയമാണ്. ദിവ്യപൂജയിലെ കാഴ്ചവെപ്പിന്റെ സമയമാണു അതു നിക്ഷേപിക്കുവാൻ പറ്റിയത്.

മിഷൻ ഞായറിനായി വേണ്ട വിധം ജനങ്ങളെ ഒരുക്കിയാൽ, ഉദാരമായ തുക (അവരവരുടെ 'ദശാംശം,' 'കടിഞ്ഞൂൽ ഫലങ്ങൾ,' 'പിടിയരി' മുതലായവ ഒന്നിച്ച് കൂട്ടിയത്) അവർ നല്കുമെന്നതു തീർച്ചയാണ്.

നമ്മുടെ സ്ക്കൂളുകൾ, കോളേജുകൾ, വേദപാഠശാലകൾ മുതലായ സ്ഥാപനങ്ങളിലുള്ള കുട്ടികളുടെ നേതൃത്വത്തിൽ, ആണ്ടിൽ ഒരിക്കലെങ്കിലും ഗണ്യമായ ഒരു പിരിവെടുക്കുവാൻ പ്രിൻസിപ്പാൾമാരും, ഹെഡ്മാസ്റ്റർമാരും മറ്റു അദ്ധ്യാപകരും വിദ്യാർത്ഥികൾക്കു ഉത്തേജനം നൽകണം. വിദ്യാർത്ഥികൾക്കു ഹൃദ്യമായ നാടകം, ഫിലിം, ഗാനമേള, ഫാൻസിഫെസ്റ്റ്, ലോട്ടറി, കളികൾ, മത്സരങ്ങൾ മുതലായവയും ഇതിനോടനുബന്ധിച്ച് നടത്തിയാൽ സജീവ സ്മരണകളും ആരോഗ്യപരമായ പാരമ്പര്യങ്ങളും നിലനിറുത്തുന്നതിനു ഉപകരിക്കും.

പ്രത്യേക ആവശ്യങ്ങൾ പ്രമാണിച്ച് മിഷനിൽ നിന്നു അപേക്ഷകൾ വരുമ്പോൾ, പള്ളിയിലും, വിദ്യാലയങ്ങളിലും, മുതിർന്നവരെയും കുട്ടികളെയും നോട്ടീസുകളും, വിജ്ഞാപനങ്ങളും, പ്രഭാഷണങ്ങളും, കോൺഫെറൻസുകളും വഴി ഉത്തേജിപ്പിച്ച് അവരുടെ നേതൃത്വത്തിൽ തന്നെ പിരിവെടുത്ത്, സഹായം അയച്ചുകൊടുക്കാവുന്നതാണ്. നാം തന്നെയും, വല്ലപ്പോഴും ഭക്ഷണത്തിലൊരു ഭാഗം ഉപേക്ഷിച്ച് അതി



നുള്ള പണം സംഭാവനയായി നല്കുന്നതും അഭിലഷണീയമാണ്. ഇങ്ങനെയുള്ള പ്രത്യേക അപേക്ഷകൾ ഇനി മുതൽ കർമ്മെലസന്ദേശത്തിൽ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ഇങ്ങനെ, മിഷ്യനിൽ അദ്ധ്വാനിക്കുന്ന നമ്മുടെ സഹോദരങ്ങളോടൊപ്പം അതേ ചൈതന്യത്തോടെ, അതേ ജോലിയിൽ ഭാഗഭാക്കുകളാകുന്നതിനുള്ള ഭാഗ്യം നമുക്ക് നാം നേതൃത്വം നല്കിക്കൊണ്ടിരിക്കുന്ന 'ദൈവത്തിന്റെ ജനത്തിനും' ലഭ്യമാകുവാൻ ഇടവരട്ടെ. ആരോഗ്യപരമായും കുടുംബാരൂപി നമ്മുടെ ഇടയിൽ തഴച്ചു വളരുന്നതിന് അതു വലിയ സഹായമായിരിക്കും.

**III ഹയരാർക്കിയോടു സഹകരിക്കണം – സഹായനിധി പിരിച്ചെടുക്കാൻ:**

ഭാരതത്തിലെ ആവശ്യങ്ങൾക്കായി, വിദേശത്തുനിന്നും സഹായം വരുത്തുന്ന പതിവുകൊണ്ട് നാം ഉൾപ്പെടെ യുള്ള ഇന്ത്യൻ കത്തോലിക്കാസഭാ നേതാക്കന്മാർ നമ്മുടെ ജനങ്ങൾക്ക് വലിയ ഉപകാരംചെയ്തിട്ടുണ്ട്. എങ്കിലും അതു വഴി, അവരെ ഒരു യാചക ജനതയായി പകർത്തുകയും കൂടി ചെയ്തു എന്ന അപരാധം നമ്മുടെതായിത്തീർന്നിരിക്കുകയാണ്. സ്വയം സഹായിക്കാൻ അവരെ പഠിപ്പിക്കേണ്ടത് നമ്മുടെ കർത്തവ്യമാണല്ലോ. അതു നിർവ്വഹിക്കുവാനായി ഇന്ത്യൻ ഹയരാർക്കി നമ്മെ ആഹ്വാനംചെയ്യുന്നു. എല്ലാ ദേവാലയങ്ങളിലും വിദ്യാലയങ്ങളിലും സ്വയം സഹായിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഉൽബോധനം നല്കുകയും, ജനങ്ങളുടെ നേതൃത്വത്തിൽ ഒരു സാഹയനിധി ശേഖരിക്കുകയും വേണം. ഈ കൊല്ലം സെപ്തംബറിൽ ഈ പരീക്ഷണം തുടങ്ങുക എന്നതാണു ഹയരാർക്കിയുടെ നിശ്ചയം. ഈ സംരംഭത്തിന്റെ അദ്ധ്യക്ഷൻ ഭോപാൽ മെത്രാപ്പോലീത്താ എവുജീൻഡിസൂസാ തിരുമനസ്സുകൊണ്ടാണ്. നമ്മുടെ ഓരോ ദേവാലയത്തിൽനിന്നും സ്ഥാപനത്തിൽനിന്നും ഒരു വലിയ സംഖ്യ ശേഖരിച്ച് അയച്ചുകൊടുക്കാൻ ആത്മാർത്ഥമായി നമുക്കു പരിശ്രമിക്കാം. ഓരോ രൂപതയിൽനിന്നും പിരിഞ്ഞുകിട്ടുന്ന തുകയുടെ അറുപതു ശതമാനം ആ രൂപതയിൽ തന്നെയുള്ള ആവശ്യങ്ങൾക്കായി വിനിയോഗിക്കുക എന്നതാണ് നിശ്ചയം. നാം മുമ്പുപറഞ്ഞ മാർഗ്ഗങ്ങളിൽ ഒന്നോ, പലതോ ഉപയോഗിച്ച്, ഈ സംരംഭം വിജയത്തിലെത്തിക്കണമെന്ന് ഇന്ത്യൻ സന്യാസ കോൺഫെറൻസിന്റെ (C.R.I) സെക്രട്ടറിയേറ്റിൽ നിന്നും പ്രത്യേക നിർദ്ദേശം ലഭിച്ചിട്ടുണ്ട്. നമ്മുടെ ഭാഗത്തുനിന്നുള്ള സഹകരണത്തിൽ യാതൊരു കുറവും വരാതിരിക്കാൻ ബന്ധപ്പെട്ടവരെല്ലാവരും പ്രത്യേകം ശ്രദ്ധിക്ക

ണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും പരിപൂർണ്ണ വിജയം ആശംസിച്ചു കൊണ്ട്,

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**



# 4 മൂലപ്രമാണവും പിതൃസ്വത്തും

**ജനുവരി 1977**

രണ്ടാം വത്തിക്കാൻ സൂനഹദോസ് സന്യാസ സഭകളുടെ നവീകരണത്തെയും ആധുനീകരണത്തെയുംപറ്റി പ്രതിപാദിക്കുമ്പോൾ സന്യാസികളുടെ മൂലപ്രമാണമായി നിർദേശിക്കുന്നതു മിശിഹാനുകരണവും അവരുടെ പിതൃസ്വത്തായി പരിഗണിക്കുന്നത് സ്ഥാപകരുടെ ചൈതന്യവുമാണ്. (“Perfectae Caritatis” n.2,a and b.)

മിശിഹാനുകരണത്തിനുള്ള ഉത്തമമാർഗ്ഗം വി. ഗ്രന്ഥപരായണമാണല്ലോ. വി.ഗ്രന്ഥം ദിവസവും വായിച്ചു ധ്യാനിക്കണമെന്നു സൂനഹദോസ് സന്യാസികളെ ഉത്ബോധിപ്പിക്കുന്നു. സഭാ സ്ഥാപകരുടെ ചൈതന്യം സമ്പാദിക്കുന്നതിനുള്ള പ്രധാന മാർഗ്ഗം അവരുടെ ചരിത്രപാരായണമാണെന്നു സ്പഷ്ടമാണ്. സ്ഥാപകരുടെ ചരിത്രം, സ്ഥലകാലസാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പഠിക്കുക, അവരുടെ നിർദ്ദേശങ്ങൾ, ഉപദേശങ്ങൾ, ജീവിത മാതൃക എന്നിവയുടെ സ്വാധീനതകൊണ്ട് സഭയിൽ കാലാന്തരത്തിൽ വളർന്നുവന്നിട്ടുള്ള ആരോഗ്യപരമായ പാരമ്പര്യങ്ങളെ അമൂല്യമായി മതിക്കുക, അവയെ അന്യൂനമായി പാലിക്കുക എന്നീ കാര്യങ്ങളിൽ നമ്മുടെ സവിശേഷമായ ശ്രദ്ധ പതിയേണ്ടതാണ്. നമ്മുടെ ആദ്യപിതാക്കന്മാർ മൂന്നു പേരുടെയും ചരമ വാർഷികം ആചരിക്കുന്ന ജനുവരിമാസം (ജനുവരി 3,8,16) ഈ കാര്യത്തിൽ നമുക്കു ഒരു നവോന്മേഷം പകർന്നു തരട്ടെ!

### ദൈവദാസന്റെ ചൈതന്യം – ഐക്യതീക്ഷണത.

ദൈവദാസനായ നമ്മുടെ വലിയ പ്രിയോരച്ചൻ, പിളർന്നു തുടങ്ങിയ കേരള സഭയെ ഐക്യത്തിലുറപ്പിക്കുന്നതിൽ പ്രദർശിപ്പിച്ച ധീര ചൈതന്യം ഇന്ന്, അദ്ദേഹത്തിന്റെ മക്കളായ നമ്മെയും ഉത്തേജിപ്പിക്കേണ്ടിയിരിക്കുന്നു. കേരള സഭയിൽ ഇന്നു പിളർപ്പില്ലെങ്കിലും, മൂലക്കല്ലായ മിശിഹായിൽ നിന്നു ഇളകി അകന്നു തുടങ്ങിയിരിക്കുന്നവർ അനവധിയുണ്ട്. അവരെ ശിരസ്സായ മിശിഹായോടു അവഗാഢം ബന്ധിച്ചു നിറുത്തുവാൻ കുരിയാക്കോസച്ചന്റെ ചൈതന്യമുള്ളവർ കച്ച കെട്ടി ഇറങ്ങിയേതീരു. ഈ ലക്ഷ്യം പ്രാപിക്കാൻ, ഇന്ന് നാം അവലംബിക്കേണ്ട പ്രധാന മാർഗ്ഗം നമ്മുടെ ജീവിത മാതൃകയാണെന്ന വസ്തുത

പ്രത്യേകം പ്രസ്താവ്യമാണ്.

**a) ധാർമ്മിക ഭദ്രത**: മിശിഹായോടു മനുഷ്യനെ അവഗാഢം ബന്ധിക്കുന്ന ധാർമ്മിക ഭദ്രതയെ മതിക്കുന്നതിനും അതിനുവേണ്ടി എന്തു ത്യാഗവും സഹിക്കുന്നതിനും ഇന്നത്തെ തലമുറയെ ആവേശഭരിതരാക്കാൻ പോരുന്ന മാർഗ്ഗം നേതാക്കന്മാരുടെ ജീവിത മാതൃകയാണ്. ധാർമ്മിക ഭദ്രതയുടെ നിസ്തുലമായ സ്വാധീനശക്തി തെളിയിക്കുന്ന ഒരു സംഭവം ഈയിടെ നമ്മുടെ ചാന്ദാ മിഷനിൽ നടക്കുകയുണ്ടായി. അവിടെ ബ്രഹ്മപുരി സ്റ്റേഷനിലെ മിഷനറി നമ്മുടെ ബ. കൊച്ചുദാനിയേലച്ചനാണല്ലോ. താമസിക്കാനും ഒരു ചെറിയ പള്ളി വയ്ക്കാനും കുറച്ചു സ്ഥലമന്വേഷിച്ചു ചെന്നപ്പോൾ അഭ്യസ്ഥവിദ്യനായ ഒരു യുവാവു അദ്ദേഹത്തിനു ഒരു ഏക്കർ സ്ഥലം, സെന്റിനു 55 രൂപാവച്ചു കൊടുത്തു. പക്ഷെ, ഒരേക്കറും കൂടി കിട്ടിയാലേ നമ്മുടെ മിഷനറിയുടെ ആവശ്യം നടക്കുകയുള്ളു. അതു സംബന്ധിച്ചു ആ യുവാവിനോടുതന്നെ അദ്ദേഹം ആലോചന ചോദിച്ചു. യുവാവു പറഞ്ഞു. "എന്റെ ജേഷ്ഠന്റെ ഒരേക്കർ സ്ഥലം കിട്ടുവാനുള്ള സാദ്ധ്യതയുണ്ട്. പക്ഷെ അദ്ദേഹം സ്വല്പം ലുബ്ധനായതുകൊണ്ട് അതു ചുരുങ്ങിയ വിലക്കുനൽകുമെന്നു പ്രതീക്ഷയില്ല. ഞാൻ അങ്ങേയ്ക്കു സ്ഥലം നൽകിയതു സെന്റിനു 50 രൂപ വച്ചാണെന്നു ജേഷ്ഠനെ ധരിപ്പിക്കാം. അങ്ങനെയൊരു ധാരണ കൊടുത്താൽ, വിലപേശൽ കഴിഞ്ഞ് ഏകദേശം 55-ൽ വന്നു നില്കും," ഉത്തരമായി ദാനിയേലച്ചൻ പറഞ്ഞു: "ഈ വ്യവസ്ഥയിൽ എനിക്ക് ഒരു ഇഞ്ചു സ്ഥലംപോലും വേണ്ട." യുവാവു അത്ഭുതപ്പെട്ടു. ആർക്കും നഷ്ടം വരാത്തവിധം ഇത്തരം നുണകൾ പറയാൻ പാടില്ലെങ്കിൽ, ഈ ലോകത്തിൽ കഴിഞ്ഞുകൂടുവാൻ സാദ്ധ്യമാണോ എന്നാണ് അയാളുടെ പ്രശ്നം....

രണ്ടു മൂന്നാഴ്ച കഴിഞ്ഞപ്പോൾ, അച്ചന്റെ ഉപദേശി വന്നു പറയുന്നു. അച്ചാ, ഈ പ്രദേശത്ത് ഏറ്റവും ഉയർന്ന ജാതിയിൽപ്പെട്ട 50 കുടുംബങ്ങളാണുള്ളത്. അതിൽ 25 കുടുംബക്കാർ അങ്ങിൽ നിന്നു ഉപദേശവും, മാർഗ്ഗനിർദ്ദേശവും ലഭിക്കാൻ ആഗ്രഹിക്കുന്നു. അതിനായി അങ്ങയെ സമ്മതിപ്പിക്കണമെന്ന് അവർ എന്നോടു ആവശ്യപ്പെട്ടിരിക്കുകയാണ്." മിഷനറി വിസ്മയിച്ചു. ഉപദേശി തുടർന്നു: "അവരെ ഈ തീരുമാനത്തിലേയ്ക്കാനയിച്ച സഹാചര്യം ഇതാണ്. അങ്ങേയ്ക്കു സ്ഥലം നല്കിയ യുവാവ് രണ്ടാമത്തെ ഏക്കർ സംബന്ധിച്ചു നിങ്ങൾ തമ്മിൽ നടന്ന സംഭാഷണം അയാളുടെ വീട്ടിലെ സംസാരവിഷയമാക്കി. താമസമെന്യേ, അതു നാടെങ്ങും പരന്നു. 'ഇത്രയും ധാർമ്മിക ഭദ്രത



യുള്ള ഈ മനുഷ്യൻ ദൈവത്തിന്റെ ദൂതനാണ്. അദ്ദേഹത്തിന്റെ നേതൃത്വമാണ് നമുക്കാവശ്യം' ഇങ്ങനെ പോയി പൊതു സംസാരം. 50 കുടുംബങ്ങളുടെയും നേതാക്കന്മാർ കൂടി ചർച്ചകൾ പലതു നടത്തി. അവസാനത്തെ ചർച്ചാ സമ്മേളനത്തിലേയ്ക്കു അവർ എന്നെ ക്ഷണിച്ചു. ഇന്നലെ പാതിരാവുവരെ ചർച്ച നടന്നു. അവസാനം, 25 കുടുംബങ്ങളുടെ നേതാക്കന്മാർ എടുത്ത തീരുമാനമാണു ഞാൻവഴി അവർ അങ്ങയെ അറിയിച്ചത്." ഈ വാർത്ത ശ്രവിച്ചപ്പോൾ, എനിക്കുതോന്നി, ആ ജനങ്ങളുടെ ഇടയിൽ, വേദപ്രചാരണാർത്ഥം വലിയ സ്കൂളും, കോളെജുകളും, വലിയൊരു പള്ളിയും പണുതു പ്രവർത്തനം നടത്തിയാലും, അനേകവർഷം കൊണ്ടു നേടാൻ പ്രയാസമായ ഒരു കാര്യമാണല്ലോ, സുവിശേഷ ജീവിതത്തിന്റെ നിഷ്ഠ ഒന്നുകൊണ്ടുമാത്രം നമ്മുടെ ഈ കൊച്ചു മിഷനറി നേടിയെടുത്തത് എന്ന്. അതെ, വി. പൗലോസ് പറഞ്ഞിട്ടുണ്ട്. "ഞാൻ സുവിശേഷത്തിൽ ലജ്ജിക്കുന്നില്ല. കാരണം, എല്ലാവരുടേയും രക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ ശക്തിയാണത് (റോമ. 1:16)." നമ്മുടെ അപ്പസ്തോലവൃത്തിയുടെ പ്രധാന ഘടകം ഇതായിരിക്കട്ടെ. ധാർമ്മിക ഭദ്രത! ഇതുകൂടാതെ എന്തൊക്കെ ചെയ്താലും, ചിലമ്പുന്ന കൈത്താളങ്ങൾ മാത്രമായിരിക്കും നമ്മുടെ പ്രവർത്തനങ്ങൾ. നമ്മുടെ ഓരോ പ്രവർത്തനത്തെയും എടുത്തു വിശകലനം ചെയ്തു പരിശോധിക്കുന്ന ഏതു വിമർശകനും അതിൽ ആദ്യന്തം കാണാൻ സാധിക്കണം അന്യൂനമായ ധാർമ്മിക ഭദ്രത. നമ്മുടെ വിദ്യാലയങ്ങളിൽ നാം നല്കേണ്ട സർവ്വപ്രധാനമായ പരിശീലനം ഇതാണല്ലോ. അതിനാൽ, നമ്മളും നമ്മുടെ സ്ഥാപനങ്ങളിലെ അദ്ധ്യാപകരും, അദ്ധ്യേതാക്കളും, ഗവർമ്മെന്റും, നമ്മുടെ അയൽവാസികളും, സ്നേഹിതരും, ബന്ധുമിത്രങ്ങളും, കീഴ്ജോലിക്കാരും തമ്മിലുള്ള പരസ്യവും രഹസ്യവുമായ എല്ലാ ഇടപാടുകളിലും ഈ ധാർമ്മിക ഭദ്രത തെളിഞ്ഞു കാണുവാൻ ഇടയാകട്ടെ. അതിനുവേണ്ടി എന്തു നഷ്ടവും സഹിയ്ക്കുവാൻ നാം തയ്യാറാകണം. അതുമൂലം ദാരിദ്ര്യത്തിന്റെ കൊടും യാതനകൾക്കധീനരാകേണ്ടിവന്നാൽ, നാം സന്തോഷിക്കുകയാണുവേണ്ടത്. കാരണം, നാം അറിയാതെ തന്നെ അനേകർ അതുവഴി ശിരസ്സായ മിശിഹായോടു കൂടുതൽ ഗാഢമായി ബന്ധിതരാകും. ഈ ലക്ഷ്യത്തിനുള്ള സുപ്രധാനമായ മാർഗ്ഗം ഇതാണെന്നു നാം ഗ്രഹിക്കണം.

**b. ശത്രുസ്നേഹം**: ദൈവദാസനായ വലിയ പ്രിയോരച്ചൻ അന്ത്യശാസനമെന്നവിധം നമുക്കു നല്കിയിട്ടുള്ള നിർദ്ദേശമാണ് ശത്രുക്കളോടുള്ള സ്നേഹം. കറകളഞ്ഞ സുവിശേഷ ജീവിതത്തിന്റെ ഉരക

ല്ലായി ശത്രുസ്നേഹത്തെ പരിഗണിക്കാം.

അംബികപ്പൂരിൽ നമ്മുടെ ഭവനത്തിനടുത്ത് "റോസേരിയൻ" സഭക്കാർക്കും ഒരു ഭവനമുണ്ട്. അവർ അവിടെ വന്നപ്പോൾ താമസിച്ചിരുന്നത് ഒരു ചെറ്റക്കുടിലിലാണ്. രണ്ടു സഹോദരന്മാരും ഒരു വൈദികനും. വന്നിട്ടു രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ, അവരിലൊരു ബ്രദർ സാമാനം വാങ്ങുവാൻ ബസാറിൽ പോയി. ഒരു കടയിൽ ചെന്നു കച്ചവടം നടത്തുമ്പോൾ, അടുത്തു നിന്നിരുന്ന ഒരാൾക്ക് ബ്രദറിന്റെ ഭാഷ തീരെ പിടിച്ചില്ല. അയാൾ ബ്രദറിന്റെ മുഖത്ത് ഒരടികൊടുത്തു. ബ്രദർ ബോധരഹിതനായി നിലം പതിച്ചു. മൂക്കിൽ നിന്നും രക്തം ധാരയായി ഒഴുകി. ജനങ്ങൾ ഓടി അടുത്തു. തെരുവീഥിയിലുണ്ടായിരുന്ന കോൺസ്റ്റബിൾ അക്രമിയെ പിടികൂടി. ബ്രദർ താമസിച്ചിരുന്ന ചെറ്റക്കുടിലുമായി പരിചയമുണ്ടായിരുന്ന ഒരാൾ ഓടിച്ചെന്ന് അച്ചനോടു വിവരം പറഞ്ഞു. അച്ചൻ അയാളോടുകൂടി വേഗം ബസാറിലെത്തി. അപ്പോഴേയ്ക്കും ബ്രദറിനു ബോധം വന്നുതുടങ്ങിയിരുന്നു. അച്ചൻ ബ്രദറിനോടു പറഞ്ഞു: "ബ്രദർ, ബ്രദറിനെ അടിച്ച ആളോടു പൂർണ്ണമായി ക്ഷമിച്ചിരിക്കുന്നുവെന്നു പറയൂ." ബ്രദർ കണ്ണുതുടച്ചു നോക്കിയപ്പോൾ, കോൺസ്റ്റബിൾ അപരാധിയെ പിടികൂടിയിരിക്കുന്നതാണു കണ്ടത്. ബ്രദർ പറഞ്ഞു: "നിങ്ങൾ അയാളെ ദയവായി വിട്ടയക്കണം. അറിയാതെ പെട്ടെന്നു ചെയ്തു പോയതാണ്. അതു സംബന്ധിച്ച് എനിക്കു യാതൊരു ആവലാതിയുമില്ല." കോൺസ്റ്റബിൾ പറഞ്ഞു: "ഇയാളോടു ചെയ്യേണ്ടതെന്തെന്നു ഞങ്ങൾക്കറിയാം. ബ്രദർ അവിടെയിരുന്നു സ്വല്പം ആശ്വസിക്കൂ". പക്ഷെ, ബ്രദറും അച്ചനും കൂടി അപേക്ഷ തുടർന്നു. ഒടുവിൽ അവരുടെ നിർബ്ബന്ധംകൊണ്ട്, കോൺസ്റ്റബിൾ കുറ്റപ്പുള്ളിയെ വെറുതെവിട്ടു.

പിറ്റേ ദിവസം മുതൽ, അവരുടെ ചെറ്റക്കുടിലിലേയ്ക്ക് ആളുകൾ വന്നുതുടങ്ങി, ശത്രുക്കളോടു ക്ഷമിക്കുവാൻ പ്രേരിപ്പിക്കുന്ന ആ ശാസ്ത്രം പഠിക്കുവാൻ. ഇപ്പോൾ അവിടെ ഒരു നല്ല പള്ളി പണുതുകഴിഞ്ഞു. ഇന്നും ഇടമുറിയാതെ ആളുകൾ അവിടെ ചെന്നു കൊണ്ടിരിക്കുന്നു. സുവിശേഷജീവിതത്തിന്റെ പാരമ്യത്തെ കുറിയ്ക്കുന്ന ശത്രുസ്നേഹം നമ്മിൽ ദർശിക്കുന്നവർ നാംവഴി മിശിഹായോടു കൂടുതൽ അടുക്കുന്നതിനു പ്രേരിതരാകാതെ നിവൃത്തിയില്ല.

ഇങ്ങനെ ആധുനിക തലമുറയെ മിശിഹായുമായുള്ള ബന്ധത്തിലേയ്ക്കാനയിക്കുന്നതിനും, മിശിഹായുമായുള്ള ബന്ധത്തിൽ അയവുപറ്റിയിരിക്കുന്നവരിൽ അതുദൃഢതരമാക്കുന്നതിനും ദൈവത്തിന്റെ ജന



ത്തിന്റെ നേതാക്കന്മാരായ നാം ന. പിതാവിന്റെ ധീരചൈതന്യത്തോടുകൂടി മുന്നേറണം.

സ്വന്തം, കനീസിയൂസച്ചൻ,

പ്രിയോർ ജനറാൾ.

# 5 നമ്മുടെ സേവനം

**ഏപ്രിൽ 1977**

I **നമ്മുടെ സേവനം**: നമ്മുടെ സഭാംഗങ്ങളിൽ നിന്നും പ്രതീക്ഷിക്കാവുന്നിടത്തോളം സേവനം ലഭിക്കുന്നില്ലെന്ന ആവലാതി അകത്തുനിന്നും പുറത്തുനിന്നും കേൾക്കാറുണ്ട്. പക്ഷെ ഇത്തരം ആവലാതിയിൽ അതിശയോക്തി കലർന്നിട്ടുണ്ടെന്നു പറഞ്ഞേതീരൂ. ഈ ഒരു കൊല്ലത്തിനിടയ്ക്കു നമുക്കു ലഭിച്ച അവസരങ്ങളിലെ അനുഭവം തന്നെ നമുക്കു പരിശോധിക്കാം.

1. **ഷാമോഗോ** പ്രശ്നകാലത്ത് ഒരു സർക്കുലർ വഴി, ധന സഹായം നൽകണമെന്നു ഉദ്ബോധിപ്പിച്ചപ്പോൾ, എല്ലാ ശ്രേഷ്ഠന്മാരും തന്നെ ഉദാരമായ തുക തലശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലേയ്ക്കു അയച്ചു കൊടുക്കുകയുണ്ടായി. അതു അനുസ്മരിച്ചുകൊണ്ടു തിരുമേനി കൃതജ്ഞതാസൂചകമായ ഒരു എഴുത്തു ഇങ്ങോട്ടു അയച്ചു തന്നു.

2. **ബ. ഓണംകുളം ബെനഡിക്ടച്ചന്റെ**, കെയ്സ് നടത്തുന്നതിനുള്ള ചെലവിലേയ്ക്കും ഒരു ധനാഭ്യർത്ഥന നടത്തുകയുണ്ടായല്ലോ. ആ അഭ്യർത്ഥന പുറപ്പെടുവിക്കുന്നതിനു മുമ്പു തന്നെ ചില ആശ്രമങ്ങളിൽ നിന്നും നേരിട്ടു സഹായം അയച്ചുകഴിഞ്ഞിരുന്നു. അതിനുശേഷം ഇങ്ങോട്ടു അയച്ചുതന്നതും ഇവിടെ നിന്നെടുത്തതും കൂടി 5000 (അയ്യായിരം) രൂപ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താതിരുമേനിയെ ഏല്പിക്കുവാൻ സാധിച്ചു. ഉദാരമായ ഈ സംഭാവന അതീവ തൃപ്തിയോടെയാണ് തിരുമേനി സ്വീകരിച്ചത്.

3. **മിഷൻ അഭ്യർത്ഥന** ലഭിക്കുമ്പോൾ, നമ്മുടെ സഭാംഗങ്ങൾ പ്രദർശിപ്പിക്കുന്ന ത്യാഗബുദ്ധിയും ധാരാളമനസ്സും തികച്ചും ചാരിതാർത്ഥ്യജനകമാണ്. ബ. ക്രിസ്റ്റ്യനച്ചനുവേണ്ടിയുള്ള മോട്ടാർസൈക്കിളിനായി ഇതിനകം 300 (മുന്നൂറ്) രൂപാ ലഭിച്ചു. ഒരു മോട്ടോർസൈക്കിളിനു അയ്യായിരം രൂപായോളം വിലവരുമെന്ന ധാരണ നല്കാത്തതുകൊണ്ടായിരിക്കണം, കുറഞ്ഞതോത് സ്വീകരിച്ചത്. ചെറിയ തുകകളിൽ പലതും സ്നേഹപൂർവ്വമായ ത്യാഗത്തിന്റെ സുഗന്ധം നിറഞ്ഞവയായിരുന്നുവെന്നു എടുത്തുപറയേണ്ടതുണ്ട്. ഒരു സഭാംഗം ഡോക്ടറിന്റെ നിർദ്ദേശപ്രകാരം കഴിച്ചിരുന്ന മുട്ട, കുറച്ചുദിവസത്തേയ്ക്ക്, ശ്രേഷ്ഠന്റെ പ്രത്യേക



അനുവാദത്തോടെ പരിത്യജിച്ചു സമ്പാദിച്ചതാണു രണ്ടു രൂപാ. നമ്മുടെ മിഷനറിമാരിൽ ഒരാൾ മൂന്നുരൂപയുടെ മണിഓർഡർ അയച്ചുതന്നു. സാധാരണ ഭക്ഷണത്തിൽ നിന്നും ഒരു ഭാഗം അദ്ദേഹവും അദ്ദേഹത്തിന്റെ ഉപദേശിയും പരിത്യജിച്ചു സമ്പാദിച്ചതാണു ആ മൂന്നു രൂപ. ഇതുപോലെ പല കഥകളും വിസ്താരഭയത്താൽ വിട്ടുകളയുകയാണ്.

4. **കാനോനാ നമസ്ക്കാരം, മരിച്ചവരുടെ ഒപ്പീസ്**: കുർബ്ബാനയുടെ തർജ്ജമ ഇവയാണു ഈ വർഷം നമ്മുടെ സഭയിൽ നിന്നും കേരളകത്തോലിക്കാസഭയ്ക്കു മുഴുവനും – മലയാള സാഹിത്യത്തിനു പൊതുവെയും – നല്കാൻ കഴിഞ്ഞിട്ടുള്ള ഏറ്റവും ഉദാരമായ സംഭാവന. നമ്മുടെ ബ. ആബേലച്ചന്റെ ത്യാഗസമ്പൂർണ്ണമായ അദ്ധ്വാനത്തിന്റെ ഫലമാണ് അവ. ഇതിനകം പ്രസിദ്ധീകരിച്ചുകഴിഞ്ഞ മരിച്ചവരുടെ ഒപ്പീസ്, കാനോനാനമസ്ക്കാരം എന്നിവയുടെ ആദ്യഭാഗങ്ങളെ കേരളസുറിയാനി കത്തോലിക്കർ ഏവരും തികഞ്ഞ അഭിമാനത്തോടും വിജയബോധത്തോടും കൂടിയാണ് വീക്ഷിക്കുന്നത്. ബ. ആബേലച്ചനും അണിയറയിലിരുന്നു അദ്ദേഹത്തെ സഹായിക്കുന്ന ബാ. ലൂദവിക്കോസച്ചനും ഈ മഹൽ കൃത്യത്തിനായി ദൈവപരിപാലനയാൽ പ്രത്യേകവിധം ഒരുക്കപ്പെട്ട കരുക്കളാണെന്നു പറഞ്ഞേതീരൂ. ഇത്ര ചുരുങ്ങിയ സമയം കൊണ്ടു ഈ വലിയ ജോലി നിർവ്വഹിക്കുന്നതിനു ബ. ആബേലച്ചൻ ചെയ്തിട്ടുള്ള അദ്ധ്വാനത്തിന്റെ ആകത്തുകയെപ്പറ്റി വിസ്മയഭരിതനാകാതെ ചിന്തിക്കാൻ സാധിക്കുന്നില്ല. വി.കുർബ്ബാനയുടെ പൂർണ്ണമായ തർജ്ജിമയ്ക്കും അവസാനരൂപം ബ. ആബേലച്ചൻ തന്നെ കൊടുക്കണമെന്നതാണു മെത്രാന്മാരുടെ കോൺഫെറൻസിന്റെ തീരുമാനം. അതും അദ്ദേഹം ശിരസ്സാ വഹിച്ചിരിക്കുകയാണ്. കാനോനാനമസ്ക്കാരത്തിന്റെയും, മരി. ഒപ്പീസിന്റെയും ബാക്കിഭാഗങ്ങളും ശരിപ്പെടുത്തി എടുക്കാനുണ്ട്. ദൈവത്തിന്റെ പ്രത്യേക സഹായമുണ്ടായാൽ, അവയും വേഗം ചെയ്തുതീർക്കാമെന്നാണു ബ.ആബേലച്ചന്റെ പ്രതീക്ഷ. സഭാംഗങ്ങൾ ഓരോരുത്തരും പ്രാർത്ഥനകൊണ്ടും, സാദ്ധ്യമായ സഹകരണം കൊണ്ടും അദ്ദേഹത്തെ സഹായിച്ച് ഈ വലിയകാര്യം വേഗം തന്നെ നിർവ്വഹിക്കുന്നതിനു ഇടവരുത്തണമെന്നു പ്രത്യേകവിധം അഭ്യർത്ഥിക്കുന്നു.

ഇങ്ങനെ നോക്കിയാൽ സേവന സന്നദ്ധതയിൽ നാം പിന്നിൽ നില്ക്കുന്നുവെന്നവാദം അതേപടി സമ്മതിച്ചു കൊടുക്കാവുന്നതല്ല എന്നു മനസ്സിലാക്കാം. എങ്കിലും, സേവനത്തിന്റെ ഉന്നതമായ നിലവാരം നാം പുലർത്തുന്നുണ്ട് എന്നു അഭിമാനിക്കാമോ എന്നു ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.

II. സി.എം.ഐ സെമിനാർ: മെയ് 1,2,3 എന്നീ തിയ്യതികളിൽ മാന്നാനത്തുവച്ചു നടക്കുവാനിരിക്കുന്ന സി.എം.ഐ സെമിനാർ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. നമ്മുടെ ജീവിതത്തിൽ നവോന്മേഷം പകർന്നുതരുന്ന ഒരു നവീകരണത്തിനായി നാം പഠനം നടത്തുകയാണല്ലോ. ഈ പഠനത്തിന്റെ പ്രധാനപശ്ചാത്തലം നമ്മുടെ സഭാപിതാക്കന്മാരുടെ ചൈതന്യമായിരിക്കണം. ഈ ചൈതന്യമാണ് ഇക്കൊല്ലത്തെ സെമിനാറിന്റെ വിഷയമായി സ്വീകരിച്ചിരിക്കുന്നതും. വിപുലമായ ഒരുക്കങ്ങൾക്കു ശേഷം നടത്തുന്ന ഈ സെമിനാർ അടുത്തുവരുന്ന നമ്മുടെ പൊതുസംഘത്തിനുള്ള നല്ല ഒരുക്കമായിരിക്കുമെന്നാണ് പ്രതീക്ഷ. സാധിക്കുന്നിടത്തോളം പേർ അതിൽ സജീവമായി സംബന്ധിക്കണമെന്നു അഭ്യർത്ഥിക്കുന്നു. പ്രഭാഷണങ്ങളും ചർച്ചകളും മലയാളത്തിലായിരിക്കും. അതുകൊണ്ട് സഹായ സഹോദരന്മാർക്കും ഇത്തവണത്തെ സെമിനാറിൽ സംബന്ധിക്കുവാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്.

സൊഡാലിറ്റി ഡിരെക്ടേഴ്സ് കോൺഫെറൻസ്: ബാലികാബാലന്മാരുടെ പരിശീലനത്തിനായി നാം അവലംബിക്കാറുള്ള മാർഗ്ഗങ്ങളിൽ ഏറ്റവും ഫലദായകമാണ് മരിയൻ സൊഡാലിറ്റി. ഈ പ്രവർത്തനം സജീവമാക്കിയാൽ നമ്മുടെ യുവതലമുറയെ ഉത്തമകത്തോലിക്കാ പൗരന്മാരാക്കിത്തീർക്കാം. വയസ്സുചെന്നവരേയും പ്രവർത്തനനിരതനായി മുന്നോട്ടു നയിക്കാം. അതുസംബന്ധിച്ചുള്ള ചർച്ചകൾ നടത്തുന്നതിനു സി.എം.ഐ സെമിനാറിനോടനുബന്ധിച്ചു നമ്മുടെ സൊഡാലിറ്റി ഡിറക്ടർമാരുടെ ഒരു കോൺഫറൻസും നടത്താനുദ്ദേശിക്കുന്നുണ്ട് - മെയ് 3-ാം തിയ്യതി വൈകിട്ടും 4-ാംതിയ്യതി രാവിലെയും അതിലും സംബന്ധിക്കത്തവണ്ണം സൊഡാലിറ്റി ഡിരെക്ടർമാർ ഒരുങ്ങി വരണമെന്നു തല്പരപ്പെടുന്നു.

സ്വന്തം, കനീസിയൂസച്ചൻ,

പ്രിയോർ ജനറാൾ.



# 6 പരിശുദ്ധ പിതാവിനുവേണ്ടി പ്രാർത്ഥിക്കുക

**ജൂലൈ 1967**

വിശുദ്ധനഗരത്തിൽ വന്നതിനുശേഷം, പഴയ സ്ഥലങ്ങളും, സ്ഥാപനങ്ങളും അവയിൽ വന്നിട്ടുള്ള പുതിയ മാറ്റങ്ങളും കുറേയൊക്കെ ദർശിച്ചു. പണ്ടേ പരിചയമുള്ളവരും, പുതുതായി പരിചയപ്പെട്ടവരുമായി സംസാരിച്ചു. ചില ചർച്ചകളും നടത്തി. ഇവയെല്ലാം ഒരു വസ്തുതയിലേയ്ക്കു പ്രത്യേകവിധം ശ്രദ്ധ ക്ഷണിക്കുന്നതായി തോന്നി. ശാസ്ത്രീയമായും, സാമുദായികമായും, സാമ്പത്തികമായുമുള്ള പുരോഗമനം ഒരു വശത്ത്. അതേസമയം ദൈവത്തിൽ നിന്നും അതിസ്വാഭാവിക കാഴ്ചപ്പാടിൽ നിന്നും അകന്നകന്ന് പോകുവാനുള്ള പ്രലോഭനം മറ്റൊരു വശത്ത്. ഈ സാഹചര്യത്തിൽ, പ്രലോഭനത്തിനെതിരായി മുൻകരുതലെടുക്കുന്നതിനു പകരം ഒഴുക്കിനനുസരിച്ചു തള്ളിവിടുന്ന നയം ജ്ഞാനികളെന്നു കരുതപ്പെടുന്നവരിൽപ്പോലും ചിലർ അവലംബിക്കുന്ന കാഴ്ചയിൽ വെന്തുനീറുന്ന ഒരു പിതൃഹൃദയം വത്തിക്കാനിൽ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നതാണു ആ വസ്തുത. "മക്കളേ, എനിക്കുവേണ്ടി പ്രാർത്ഥിക്കുക" എന്ന യാചന ആ ഹൃദയത്തിന്റെ ഓരോ സ്പന്ദനവും മൗനഭാഷയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

ഈ യാചന നാം ശ്രവിക്കുന്നുണ്ട്; അവിടുത്തേയ്ക്കുവേണ്ടി പൂർവ്വോപരി നാം പ്രാർത്ഥിക്കും. എന്നെല്ലാം അവിടുത്തെ ചെവികളിൽ, എല്ലാവരുടെയും പേർക്ക്, മക്കൾക്കടുത്ത സ്വാതന്ത്ര്യത്തോടെ, ഉണർത്തിക്കുവാനായി ഒരു രഹസ്യസന്ദർശനം ആവശ്യപ്പെട്ടിട്ടുണ്ട്. അതു ഈ മാസം 28-ാം തിയ്യതി ബുധനാഴ്ച കിട്ടുമെന്നു ഉറപ്പും കിട്ടിയിട്ടുണ്ട്. തേങ്ങിക്കൊണ്ടിരിക്കുന്ന ഒരു തോണിയെ, കോളിളകുന്ന സമുദ്രത്തിൽ കൂടി സുരക്ഷിതമായി നയിക്കുവാൻ ബാദ്ധ്യസ്ഥനായ ഈ മാലുമി, ഉറക്കമില്ലാതെ കഴിക്കുന്ന രാത്രികളിൽ, ഉണർന്നിരുന്ന്, അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നവരായി നമ്മെ കാണുവാൻ അദ്ദേഹത്തിനിടവരട്ടെ. തിരുസ്സഭയോടും പരിശുദ്ധ പിതാവിനോടുമുള്ള സ്നേഹത്തിനു പേരെടുത്ത ഒരു വലിയ പിതാവിന്റെ മക്കളാണു നാം എന്ന ബോധം നമ്മെ പൂർവ്വോപരി ഉത്തേജിപ്പിക്കട്ടെ. ദൈവദാസനായ കുര്യാക്കോസ് ഏലിയാസച്ചനെപ്പറ്റി ബ. ലെയോപ്പോൾ മിഷനറി ഇങ്ങനെ

എഴുതി: "അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ഏറ്റം മുന്നണിയിൽ നിന്നിരുന്ന പുണ്യം മാതാവായതിരുസഭയോടും പ.പിതാവിനോടും ഉള്ള എരിയുന്ന സ്നേഹവും വിശ്വാസവുമായിരുന്നു." ഈ പുണ്യം അദ്ദേഹത്തിന്റെ മക്കളായ നമ്മിലും പ്രത്യേകമായി ശോഭിക്കുവാൻ ഇടവരട്ടെ!

എല്ലാവർക്കും, അടുത്തുവരുന്ന നമ്മുടെ തോമാശ്ലീഹായുടെ തിരുനാൾ മംഗളങ്ങൾ!

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**



# 7

# പ്രശ്നാവലിയും പരസ്നേഹവും

**ഒക്ടോബർ 1967**

1. നമ്മുടെ സഭയുടെ അടുത്ത പൊതുസംഘത്തിൽ നടക്കുവാനുള്ള പ്രാധാന്യമേറിയ തീരുമാനങ്ങൾ സംബന്ധിച്ചു സഭാംഗങ്ങൾ ഓരോരുത്തരും അവരവരുടേതായ ആശയം സംഭാവനചെയ്യുന്നതിനായിട്ടാണല്ലോ ഓരോരുത്തർക്കും പ്രശ്നാവലിയുടെ ഓരോ കോപ്പി അയച്ചുതന്നത്. ഇനിയും ഇതുപോലെ ആശയസംഭാവന ആവശ്യപ്പെടും ഓരോരുത്തരും നല്കുന്ന അഭിപ്രായങ്ങൾ നന്ദിപൂർവ്വവും ബഹുമാനപുരസരവും സ്വീകരിക്കപ്പെടുമെന്നുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് ഏവരും ആത്മാർത്ഥമായി പ്രയത്നിക്കുന്നത്. ഈ ധാരണയെ ദുർബ്ബലപ്പെടുത്താവുന്ന സംസാരങ്ങൾ ഉണ്ടാകുന്നത് നിർഭാഗ്യകരമാണ്. പരസ്നേഹം പരസ്പരബഹുമാനം എന്നിവയുടെ ചൈതന്യത്തിനു അതു ഒട്ടും തന്നെ അനുയോജ്യമല്ല. ഈ ചൈതന്യം സ്ഥിരപ്പെടുത്തുന്നതിനും വർദ്ധമാനമാക്കുന്നതിനും വേണ്ടിയുള്ള നവീകരണയത്നം അതിനു എതിരായ ചൈതന്യത്തിൽ നടക്കുക എന്നതു പരിതാപകരമാണ്. അതിനാൽ നമ്മുടെ യത്നം പരസ്നേഹത്തിന്റെ ചൈതന്യത്തിൽ ആദ്യന്തം നടക്കണമെന്ന് ഓരോരുത്തരും നിർബ്ബന്ധം വച്ച് തദനുസരണം ചിന്തയേയും സംസാരത്തേയും നിയന്ത്രിക്കണമെന്നു അനുസ്മരിപ്പിക്കുന്നു.

2. സഹായസഹോദരന്മാരെ കൂട്ടജീവിതത്തോടു കൂടുതൽ അടുപ്പിക്കണമെന്നു തിരുസഭ ആഗ്രഹിക്കുന്നുണ്ട്. അതു പ്രയോഗികമാക്കുന്നതിനു പൊതുസംഘം എന്തു ചെയ്യണമെന്നു പരിശുദ്ധ പിതാവ് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ടല്ലോ. പൊതുസംഘത്തിന് മുമ്പു തന്നെ ചെയ്യാവുന്നതും ചെയ്യേണ്ടതുമായ ഒരു കാര്യമുണ്ട്. തിരുസഭയുടെ പരസ്പരസ്നേഹം ബഹുമാനം എന്നിവയുടെ ചൈതന്യം നമ്മിൽ ഓരോരുത്തരിലും പൂർവ്വോപരി വളർത്തുക എന്നതാണത്. അതിൽ നാം ശ്രദ്ധവച്ചാൽ ഈ വിഷയത്തെപ്പറ്റിയുള്ള സംസാരത്തിലും ചർച്ചകളിലും അന്യോന്യം വേദനിപ്പിക്കാവുന്ന ആശയങ്ങളും പദങ്ങളും നാം സസൂക്ഷ്മം വർജ്ജിക്കും; സംസാരത്തിലും പെരുമാറ്റത്തിലും മുൻപറഞ്ഞ അടുപ്പത്തെ എളുപ്പമാക്കിത്തീർക്കുന്ന മാറ്റങ്ങൾ അനുവദനീയ

മായതിന്റെ പരമാവധി നാം സ്വമേധയാ വരുത്തും ഇത്തരം അന്യൂനമായ പരസ്നേഹം എന്നും എവിടെയും നാം ഓരോരുത്തരെയും നയിക്കുവാൻ ഇടവരട്ടെ. ഇതോടനുബന്ധിച്ച് അത് താമസംവിനാ ആരംഭിക്കാമെന്നു ഉദ്ദേശിക്കുകയാണ്. കാലക്രമത്തിൽ ആവശ്യമായ മറ്റു ക്രമീകരണങ്ങൾ ചെയ്യാമെന്നാണു പ്രതീക്ഷ.

സി.എം.ഐ സെൻട്രൽ ലൈബ്രറിയ്ക്ക് അതിന്റേതായ പ്രത്യേകതയുണ്ടാവണം. നമ്മുടെ സഭയെപ്പറ്റിയും കേരള സഭയെപ്പറ്റിയും നമ്മുടെ റീത്തിനെപ്പറ്റിയും പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്കു അത് ഒരു ഒന്നാന്തരം അഭയകേന്ദ്രമായിരിക്കണം. അതിനായി നമ്മുടെ സഭാചരിത്രം, കേരളസഭയുടെ ചരിത്രം, നമ്മുടെ റീത്തിന്റെ ചരിത്രം എന്നിവയെപ്പറ്റിയുള്ള രേഖകൾ, പുസ്തകങ്ങൾ മുതലായവ കേന്ദ്ര ലൈബ്രറിയ്ക്കു നൽകുക. ഇപ്രകാരമുള്ള ചില രേഖകൾ സൂക്ഷക്കുറവുകൊണ്ടും സൂക്ഷിക്കാൻ തക്ക പരിതസ്ഥിതികൾ ഇല്ലാത്തതുകൊണ്ടും നഷ്ടപ്പെട്ടു പോകുന്നതായി അറിയുന്നു. അത് അപരിഹാര്യമായ ഒരു നഷ്ടമാണല്ലോ. കേന്ദ്ര ലൈബ്രറിയിൽ അവയുടെ സൂക്ഷത്തിന് പ്രത്യേക പരിഗണന നൽകുന്നതാണ്. മൂലരേഖകൾ, മൂലരേഖകൾ മുതലായവ സ്വന്തം ലൈബ്രറിയിൽ വേണമെന്നു നിർബ്ബന്ധമുള്ളവർ അവയുടെ ഒരു ശരിയായ കോപ്പി തയ്യാറാക്കി നൽകുകയോ, അഥവാ ഒരു കോപ്പി തയ്യാറാക്കുവാനായി കുറച്ചുനാളത്തേയ്ക്ക് അവ വായ്പ നൽകുകയോ ചെയ്യുക.

നമ്മുടെ സഭാചരിത്രപരമായവയുടെ കൂട്ടത്തിൽ നമ്മുടെ പഴയ ന്യായപ്രമാണങ്ങൾ, പൊതുസംഘനിശ്ചയങ്ങൾ (1916 - നു മുമ്പുള്ളവ) സർക്കുലറുകൾ, പഴയപൊതുസംഘങ്ങളുടെ ഫോട്ടോകൾ (1948 - നു മുമ്പുള്ളവ) എന്നിവ കൂടെ ദയവായി ഉൾപ്പെടുത്തണമേ.

ഇങ്ങനെ ഒരു ഗ്രന്ഥശാലയുണ്ടായാൽ നമ്മുടെ സഭയെപ്പറ്റിയും കേരള സഭയെപ്പറ്റിയും നമ്മുടെ റീത്തിനെപ്പറ്റിയും പഠിക്കുവാൻ ധാരാളം ആളുകളുണ്ടാകും; റിസേർച്ചു നടത്താൻ സാധിക്കും; പല പുസ്തകങ്ങളും കാലക്രമത്തിൽ രൂപം പ്രാപിക്കും.

നമ്മുടെ ഭവനങ്ങളും സഭാംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കുകയാണെങ്കിൽ ചുരുങ്ങിയ കാലയളവിൽ നമ്മുടെ കേന്ദ്രലൈബ്രറിയ്ക്കു ധാരാളം നല്ല പുസ്തകങ്ങൾ സമ്പാദിക്കുവാൻ സാധിക്കും. നമ്മുടെ ഓരോ ഭവനത്തിൽ നിന്നും സംഭാവനയായി നൽകുവാൻ സാധിക്കുന്ന പുസ്തകങ്ങൾ നൽകുക. ഉദാ: പല കോപ്പികളുള്ളവയിൽ ഒന്ന്.



അതുപോലെതന്നെ നമ്മുടെ സഭാംഗങ്ങളുടെ കൈയിൽ പല നല്ല പുസ്തകങ്ങളും കാണം. അവയിൽ അത്യാവശ്യമില്ലാത്തവ കേന്ദ്രലൈബ്രറിയ്ക്കു സമ്മാനിക്കുക.

ഈ വിധം അയക്കാവുന്ന പുസ്തകങ്ങൾ ഉടനെ അയച്ചുതരുകയോ വിവരം ദയവായി ലൈബ്രേറിയനെ അറിയിക്കയോ ചെയ്യണമേ.

ബ. ബ. പൗളിനൂസച്ചനെയാണ് സി.എം.ഐ കേന്ദ്രലൈബ്രേറിയനായി നിശ്ചയിച്ചിരിക്കുന്നത്.

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**

# 8

# ഡയലോഗ്

**ജനുവരി 1968**

### ഡയലോഗ് (Dialogue)

ഇന്നു പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു പദമാണ് ഡയലോഗ് ഈ ഗ്രീക്കുപദത്തിന്റെ വാച്യാർത്ഥം "വചനംവഴി" അഥവാ "സംഭാഷണംവഴി" എന്നാണ്. സംഭാഷണം വഴി പ്രാപിക്കേണ്ട ലക്ഷ്യമോ, ഐക്യം - ആശയം, ഉദ്ദേശം മുതലായവയുടെ ഐക്യം..

### ഡയലോഗ് ലോകത്തിൽ

ആധുനിക ഗവേഷണങ്ങളുടെ അമൂല്യസമ്പാദ്യമാണ് "ഡയലോഗ് ശാസ്ത്രം" എന്നു പറയാം. പണ്ട് അഭിപ്രായഭിന്നതയുള്ളവരും ഹൃദയൈക്യം ഇല്ലാത്തവരും അടുക്കാതെയും, സംസാരിക്കാതെയും കഴിഞ്ഞുകൂടുകയാണ് സുരക്ഷിതം എന്നു കരുതിയിരുന്നു. അധികാരികൾ നൽകുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച്, അധീനരുമായി അവർ മുൻകൂട്ടി ആലോചിക്കുന്നതു അപകടകരമാണെന്നു ധരിച്ചിരുന്നവരുമുണ്ട്. പക്ഷേ ഇന്നത്തെ പല്ലവി വളരെ വ്യത്യസ്ഥമാണ്. ആശയയോജിപ്പും, ഹൃദയൈക്യവും, ആത്മാർത്ഥമായ അനുസരണവും, കാര്യക്ഷമമായ സഹകരണവും ഉളവാക്കുന്നതിനും, നിലനിർത്തുന്നതിനും സൗഹാർദ്ദപരമായ ഡയലോഗ് ആവശ്യമാണ്. അതിന്റെ വിടവുനികത്തുവാൻ മറ്റൊന്നിനും സാദ്ധ്യമല്ല. ഈ കഴിഞ്ഞ ദശവർഷക്കാലത്ത്, വിവിധതലങ്ങളിലുള്ള ഡയലോഗുവഴി ലോകത്തിൽ നടന്നിട്ടുള്ള അത്ഭുതാവഹമായ പരിവർത്തനങ്ങൾ നാം അനുഭവസാക്ഷികളാണല്ലോ.

### ഡയലോഗ് സന്യാസസമൂഹത്തിൽ

ഐക്യത്തിന്റെ പ്രതീകമായി, തിരസഭ എടുത്തുകാണിക്കുന്ന സന്യാസകുടുംബങ്ങളിൽ, എപ്പോഴെങ്കിലും ഐക്യത്തിന്റെ അഭാവം അനുഭവപ്പെടുന്നുണ്ടെങ്കിൽ അതിനു കാരണം, സന്യാസികൾ അന്യോന്യം അഥവാ ശ്രേഷ്ഠനും കീഴുള്ളവരും തമ്മിൽ സൗഹാർദ്ദപരമായ ഡയലോഗ് നടത്തുന്നതിൽ വിമുഖരായി, അനുദിനം ഹൃദയ അകൽച്ചവർദ്ധിക്കുവാൻ അനുവദിക്കുന്നു എന്ന വസ്തുതയാണെന്നു നിഷ്പ്രയാസം



ഗ്രഹിക്കാം. ഇത്തരം സ്ഥിതിവിശേഷത്തെ അവസാനവിശകലനം ചെയ്യുന്ന മനഃശാസ്ത്രജ്ഞനു കാണുവാൻ കഴിയുന്നത് അലസത, സുഖപ്രിയം, ഉപവിയുടെ അഭാവം എന്നിവയായിരിക്കും. ഇവയുടെ സമ്മർദ്ദത്തിനു വിധേയരായി, സന്യാസികൾ ഡയലോഗിനെ അവഗണിക്കുവാൻ ഇടയാകുന്നതു പരിതാപകരമായിരിക്കും.

### ഡയലോഗ് ശാസ്ത്രം

എന്തിന്? ദൈവത്തിനുമാത്രമേ സർവ്വജ്ഞാനമുള്ളൂ. മനുഷ്യനുള്ളതു പിരിമിതബുദ്ധിയാണ്. ഈ ബുദ്ധിയുടെ കാഴ്ചപ്പാടുതന്നെ സാഹചര്യങ്ങളുടെ വൈവിധ്യമനുസരിച്ചു വ്യത്യാസത്തിന്നധീനമാണ്. തന്മൂലം അഭിപ്രായവ്യത്യാസം മനുഷ്യരുടെയിടയിൽ സാധാരണ പ്രത്യക്ഷപ്പെടും. ഒരു കാര്യത്തെ സംബന്ധിച്ച അഭിപ്രായ രൂപീകരണത്തിനു ഉപോൽബലകമായ ന്യായങ്ങൾ എല്ലാം തന്നെ ഒരാൾ കണ്ടുവെന്നു വരില്ല. മറ്റൊരാൾ ചില ന്യായങ്ങൾ ഭാഗികമായിമാത്രമേ ഗ്രഹിച്ചുകാണുകയുള്ളൂ. അപരൻ, ന്യായം തന്നിൽ തന്നെ പരിശോധിക്കാൻ പ്രാപ്തിയില്ലാത്തതുകൊണ്ടോ, അതിനാവശ്യമായ ക്ഷമയില്ലാത്തതുകൊണ്ടോ, മറ്റൊരാൾ മുൻവിധികൾക്കധീനനായോ അല്ലാതെയോ, രൂപീകരിച്ചുവച്ചിരിക്കുന്ന ആശയം സ്വന്തമായി സ്വീകരിച്ചുകാണും. ഇങ്ങനെ ഒരേ സംഗതിയെപ്പറ്റി വ്യത്യസ്ഥവ്യക്തികൾ വ്യത്യസ്ഥമായി ആശയം രൂപീകരിക്കാൻ ഇടയാകുന്നു.

ഇങ്ങനെയുള്ളവർ ഒരുമിച്ചുകൂടി ആശയവിനിമയം ചെയ്യുകയാണെങ്കിൽ, ഓരോരുത്തരുടേയും അഭിപ്രായരൂപീകരണത്തിൽ വന്നുഭവിച്ചിട്ടുള്ള വൈകല്യങ്ങൾ ഗ്രഹിക്കുന്നതിനും പരസ്പരം ലഭിക്കുന്ന വെളിച്ചത്തിന്റെ സഹായത്തോടെ കാര്യം കൂടുതൽ തെളിവായും തീർച്ചയോടുകൂടിയും മനസ്സിലാക്കുന്നതിനും സാധിക്കുന്നു. ഈ ആശയഐക്യം ഹൃദയഐക്യത്തിലേയ്ക്കു പ്രായേണ വഴിതെളിക്കുകയും ചെയ്യുന്നു.

പലർകൂടി സഹകരിച്ചു നിർവ്വഹിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, പൊതുപ്ലാനും, അതിൽ ഓരോരുത്തർക്കുമുള്ള ഭാഗവും, ഓരോ ഭാഗവും നിർവ്വഹിക്കാനുള്ള വ്യക്തിയ്ക്കു തല്ക്കാലപരിതസ്ഥിതിയിലുള്ള കഴിവും അതിന്റെ പരിമിതിയും, പരിമിതി നികത്താനാവശ്യമായ സജ്ജീകരണങ്ങളും, മുൻകൂട്ടി വിശദീകരിച്ചു ചർച്ചകൾ നടത്തി തീരുമാനമെടുത്താൽ, ആ കാര്യനിർവ്വഹണത്തിൽ എവരുടേയും ആത്മാർത്ഥമായ സഹകരണവും, കാര്യക്ഷമതയും, അങ്ങനെ കാല

താമസം കൂടാതെയുള്ള ലക്ഷ്യപ്രാപ്തിയും സുസാദ്ധ്യമാകുമെന്നു സ്പഷ്ടമാണല്ലോ.

ഇതുകൊണ്ടാണു രണ്ടാം വത്തിക്കാൻ സൂനഹദോസ് സന്യാസിയുടെ അനുസരണവ്രതത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഇപ്രകാരം പറയുന്നത്. "ശ്രേഷ്ഠൻ കീഴുള്ളവരെ നല്ലമനസ്സോടെ ശ്രവിക്കണം. കൂട്ടത്തിന്റെയും തിരുസഭയുടെയും ഐശ്വര്യത്തിനു അവരുടെ വ്യക്തിപരമായ സംഭാവന നല്കുന്നതിനു അവരെ പ്രോത്സാഹിപ്പിക്കുകയും വേണം."

ചർച്ചയ്ക്കുശേഷം തീരുമാനത്തിനുള്ള അവകാശം തീർച്ചയായും ശ്രേഷ്ഠന്റേതാണ്. സൂനഹദോസ് തുടരുന്നു; "എന്നാൽ എന്തുചെയ്യണമെന്നതു സംബന്ധിച്ച തീരുമാനമെടുക്കുന്നതിനും അതു ചെയ്യിപ്പിക്കുന്നതിനുമുള്ള ശ്രേഷ്ഠന്റെ അധികാരം ബലഹീനമാകരുത്." (Perfectae caritatis, n -14).

**എങ്ങനെ?**

ഡയലോഗിന്റെ ലക്ഷ്യം സാധിക്കണമെങ്കിൽ, അതു നടത്തേണ്ട വിധത്തിൽ തന്നെ അതു നടത്തണം. അതിന്റെ ലക്ഷ്യം: ആശയഐക്യവും, ഹൃദയയോജിപ്പും, ആത്മാർത്ഥമായ സഹകരണവുമാണെങ്കിൽ, ഇവയ്ക്കു ക്ഷതം വരുത്തുന്ന യാതൊന്നും ഡയലോഗിൽ കടന്നുകൂടരുത്; പ്രത്യുത, ഇവയുടെ വിളനിലമായ സമഭാവന, സൗഹാർദ്ദത, പരസ്പരബഹുമാനം എന്നിവ ഉടനീളം അതിനെ ഉജ്ജീവിപ്പിക്കണം എന്നു സാരം.

കാര്യങ്ങൾ പറയണം, അവ തുറന്നുപറയണം, പക്ഷേ പറയുന്നതു വിനയാന്വിതമായിരിക്കണം. പരഹൃദയത്തെ കുത്തുന്നതോ, വെട്ടുന്നതോ, വേദനിപ്പിക്കുന്നതോ ആയ വാക്കുകൾക്കും, സൂചനകൾക്കും, ഭാവമറ്റങ്ങൾക്കും ഡയലോഗിൽ ഒരിക്കലും സ്ഥാനമുണ്ടാകരുത്.

അപരന്റെ അഭിപ്രായത്തെ ബഹുമാനപുരസ്സരം അനുവദിക്കണം. അയാളുടെ പ്രകടനങ്ങളിൽ അപാകതകൾ വന്നാൽ, മാന്യന്മാർക്കു സഹജമായ സൗമനസ്യവും, സമനിലയും, പക്വതയും പാലിക്കണം. അയാൾ പറയുന്നതുകേൾക്കുന്നതിൽ അശ്രദ്ധയുടെ നിഴൽപോലും കാണരുത്. കുത്തുന്ന ഭാഷണവും, കഴമ്പില്ലാത്ത പടാർത്തയും ശാന്തമായി ശ്രവിക്കുന്ന മാന്യതയുടെ പൊൻതൂട്ടാണു മങ്ങാത്തമതിപ്പിന്റെ വിലയെന്നോർക്കണം. അപരന്റെ സമർത്ഥനത്തിൽ സ്വീകൃതമായ ഭാഗം സാനുമോദം സ്വീകരിക്കുക. സ്വീകൃതമല്ലെന്നു തോന്നുന്നതു സവിനയം



ചൂണ്ടിക്കാട്ടുക. ഇതു അയാളെ പരാജയപ്പെടുത്താനല്ല, അയാളുടെ ന്യായം അയാളുടെ കാഴ്ചപ്പാടിലൂടെ തന്നെ ദർശിക്കുന്നതിനാവശ്യമായ വിശദീകരണം ലഭിക്കുവാൻ. ഇങ്ങനെ, അപരൻ നിസ്സാരനായി പ്രത്യക്ഷപ്പെട്ടാലും അവനിൽ നിന്ന് വരുന്ന പ്രകാശത്തെ മതിക്കുകയും, അനുസരണം സ്വന്തം ആശയത്തിലും, പ്ലാനുകളിലും വ്യത്യാസം വരുത്തുവാൻ സന്നദ്ധരാകുകയും ചെയ്യുന്ന നിഷ്കളങ്കരായ സ്ഥാനിയേൽമാർ ഡയലോഗിനെ ആദ്യന്തം സുന്ദരമാക്കിത്തീർക്കും.

മറിച്ച്, സ്വന്തം മുൻവിധികൾക്കു വിരുദ്ധവും, സ്ഥാപിതതാല്പര്യങ്ങളെ ചോദ്യം ചെയ്യുന്നതും, ഒരു പക്ഷെ മനസ്സാക്ഷിയെ കുറ്റപ്പെടുത്തുന്നതുമായ പ്രസ്താവനകൾ അപരനിൽ നിന്നും പുറപ്പെടാനിടയായാൽ ആവേശം പൂണ്ട്, അക്ഷമരായി, അയാളെ മിണ്ടടക്കുന്നതിനും ഭീഷണിപ്പെടുത്തുന്നതിനും കുറ്റവാളിയായി താറടിക്കുന്നതിനും അധികാരത്തെയും, വാചാലതയെയും ആയുധമായി സ്വീകരിക്കുന്നവർ ഡയലോഗ് മുളപ്പിച്ചു തുടങ്ങിയ ഐക്യനാമ്പു നുള്ളിക്കളയുമെന്നു പറയേണ്ടതില്ല.

**മുൻകരുതൽ**

ഡയലോഗ് ഈ വിധം പരാജയപ്പെടാതിരിക്കുവാൻ ഒരു മുൻകരുതലായി, രണ്ടാംവത്തിക്കാൻ സൂനഹദോസ്, ഇടയനടുത്ത സേവനത്തെ പരാമർശിക്കുന്ന ഡിക്രിയിൽ ഇങ്ങനെ പറയുന്നു: "വയോധികരായ വൈദികർ യുവവൈദികരെ യഥാർത്ഥ സഹോദരന്മാരായി സ്വീകരിക്കണം. അവരുടെ ആദ്യസംരംഭങ്ങളിലും, പ്രവർത്തനങ്ങളിലും, സേവനങ്ങളിലും അവരെ സഹായിക്കണം. യുവവൈദികരുടെ മനസ്ഥിതി സ്വന്തം മനസ്ഥിതിയിൽ നിന്നും വിഭിന്നമാണെങ്കിലും അതു മനസ്സിലാക്കുവാൻ പരിശ്രമിക്കണം, അവരുടെ പ്ലാനുകൾ നല്ല മനസ്സോടെ അനുധാവനം ചെയ്യണം. യുവവൈദികരാകട്ടെ. അവരുടെ ഭാഗത്തുനിന്ന്, വയോധികരുടെ പ്രായത്തെയും അനുഭവജ്ഞാനത്തെയും ബഹുമാനിക്കണം. അവരുമായി സ്വന്തം പ്ലാനുകൾ ചർച്ചചെയ്യണം. ആത്മപാലന സംബന്ധിച്ചകാര്യങ്ങളിൽ അവരോടു സന്മനസ്സോടെ സഹകരിക്കണം." (Pastoral ministry 8 & 5).

**മനസ്ഥിതിവ്യത്യാസം**

യുവമനസ്ഥിതിയിൽ വ്യത്യാസം ദർശിക്കുമ്പോൾ വയോധികരിലും വയോധികമനസ്ഥിതിയിൽ വ്യത്യാസം ദർശിക്കുമ്പോൾ യുവാക്കളിലും

അസ്വസ്ഥതയുളവാകുന്നതിൽ അത്ഭുതമില്ല. പക്ഷേ, ഇത്തരം വ്യത്യാസമുണ്ടെന്നുള്ളതും, യുവമനസ്ഥിതിയിലെ വ്യത്യാസം ആകമാനം ഒരു ദുരദൃഷ്ടമായി തിരുസഭയോ ചിന്തകരോ പരിഗണിക്കുന്നില്ലെന്നുള്ളതും തുറന്നു പ്രസ്താവിക്കേണ്ട യാഥാർത്ഥ്യങ്ങളാണ്. ഈ വ്യത്യാസത്തിന്റെ ആരോഗ്യപരമായ വശത്തെ മതിക്കുകയും, ബഹുമാനിക്കുകയും അതിനെപ്പറ്റി പഠനവും, ഗവേഷണവും, ചർച്ചകളും നടത്തി, അതുമൂലം തിരുസഭയ്ക്കും, മനുഷ്യസമുദായത്തിനു പൊതുവേയും, കൈവരാവുന്ന അമൂല്യമായ അഭിവൃദ്ധി പരമാവധി ലഭ്യമാകത്തക്കവണ്ണം അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്നു തിരുസഭയും ചിന്തകരും ലോകത്തെ ഉദ്ബോധിപ്പിച്ചുകൊണ്ടാണിരിക്കുന്നത്.

ഇന്നത്തെ സന്യാസികളുടെ ശാരീരികവും, മാനസികവുമായ പരിതസ്ഥിതികൾ പരിഗണിച്ച്, സന്യാസസഭകളുടെ ക്രമീകരണങ്ങളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണെന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ് നിർദ്ദേശിക്കുന്ന ഭാഗം ഇവിടെ ശ്രദ്ധേയമാണ്. "ജീവിതരീതി, പ്രാർത്ഥനാരീതി, പ്രവർത്തനരീതി എന്നിവ ഇന്നത്തെ സന്യാസികളുടെ ശാരീരികവും മാനസികവുമായ വ്യവസ്ഥിതികൾക്കനുസരണം വേണ്ട വിധം സംവിധാനം ചെയ്യണം."(perf. carit. 3).

**നമ്മുടെ കടമ.**

വയോധികരുടെ മനസ്ഥിതി എന്താണെന്ന് യുവാക്കന്മാരും യുവാക്കന്മാരുടേത് എന്താണെന്ന് വയോധികരും സൗമനസ്യത്തോടും ക്ഷമയോടും, പരസ്പരബഹുമാനത്തോടും കൂടി പഠിച്ച്, രണ്ടും കൂടി പരിഗണിച്ച് ഏതെങ്കിലും ക്രമീകരണങ്ങൾ ചെയ്താലാണ്, എല്ലാവരും ഒരേ മനസ്സോടും, ഒരേ ഹൃദയത്തോടും കൂടി, ഒരേ ലക്ഷ്യത്തിനുവേണ്ടി, ഒത്തൊരുമിച്ച്, കാര്യക്ഷമമായി പ്രയത്നിക്കുവാൻ ഇടയാകുക എന്നു മനസ്സിലാക്കുന്നതിന്, മുകളിൽ വിവരിച്ചതരം ഡയലോഗ്, വ്യക്തികൾ തമ്മിലും, സംഘാതമായി വിവിധ സ്ഥലങ്ങളിലെ ശ്രേഷ്ഠസംഘങ്ങളിലും, ആശ്രമസംഘം, പ്രവിശ്യാസംഘം പൊതുസംഘം എന്നിവയിലും ഓരോ കാര്യത്തിനായി നിയമിക്കപ്പെടുന്ന ബോർഡുകളിലും, കമ്മിറ്റികളിലും പ്രയോഗികമാക്കണം.

**ആദ്യപരാജയങ്ങളാൽ അധോമുഖരാകരുത്**

വിവിധ ഗുണങ്ങളുടെ സമൃക്കായ ഒരു സമുച്ചയം തന്നെ ആവശ്യപ്പെടുന്ന ഡയലോഗ്, ആദ്യപരീക്ഷണങ്ങളിൽ വിജയിച്ചില്ലെന്നുവരാം.



പക്ഷേ അതുകൊണ്ടു നാം അധോമുഖരാകുകയോ, ആ സംരംഭംതന്നെ ഒഴിച്ചു വയ്ക്കുകയോ ചെയ്യരുത്. ഈ കാര്യത്തിൽ മുൻകൈ എടുക്കുവാൻ കടമയുള്ളവർ ഇത്തരം ചില പരാജയങ്ങളുടെ ന്യായം വച്ച്, ഇനി ഡയലോഗേ വേണ്ടാ എന്നുവച്ചാൽ, അതുവഴി കൂട്ടത്തിനു മുഴുവൻ തീരാനഷ്ടം വരുത്തുമെന്നു നാം ധരിക്കണം. ആരോഗ്യപരമായ ഡയലോഗ് സാദ്ധ്യമല്ലെന്നു വരുന്നതു നമ്മുടെ പരിശീലനത്തിൽ തന്നെ വന്നുപോയിട്ടുള്ള വൈകല്യത്തെയാണ് സൂചിപ്പിക്കുക. വൈദികപരിശീലനത്തിന്റെ ഒരു പ്രധാന ലക്ഷ്യമായി രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇത് എടുത്തുകാണിക്കുന്നുണ്ട്. ആ ഭാഗം ഇവിടെ ഉദ്ധരിക്കാം: "പൊതുവായി പറഞ്ഞാൽ, വിദ്യാർത്ഥികളിൽ മനുഷ്യരുമായി, ഡയലോഗിൽ ഏർപ്പെടുന്നതിനു സഹായിക്കുന്ന കഴിവുകളെ വളർത്തിയെടുക്കണം. ഉദാഹരണമായി: മറ്റുള്ളവരെ ശ്രവിക്കുവാനും, മനുഷ്യരുടെ വിവിധങ്ങളായ സാഹചര്യങ്ങളിലേയ്ക്കും, ആവശ്യങ്ങളിലേയ്ക്കും സ്നേഹചൈതന്യത്തോടെ ഹൃദയവും മനസ്സും തുറന്നുകൊടുക്കുവാനുള്ള കഴിവ്." (Priestly training 1962)

**ഉപസംഹാരം:**

ഡയലോഗിന്റെ സത്ഫലം മുഴുവനും ലഭിക്കത്തക്കവണ്ണം എല്ലാ സ്ഥലങ്ങളിലും, അതു പ്രായോഗികമാക്കുവാൻ, ദൈവവചനമായ മിശിഹാനാഥൻ ഈ നവവത്സരത്തിൽ നമ്മെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എല്ലാവർക്കും നവവത്സര മംഗളങ്ങൾ!

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**

# 9 സമർപ്പണവും സ്വാതന്ത്ര്യവും

**ഏപ്രിൽ 1968**

### ക്രൈസ്തവസമർപ്പണവും തജ്ജന്യമായ സ്വാതന്ത്ര്യവും.

ക്രിസ്തുവിനുസ്വയം സമർപ്പിച്ചവനാണു ക്രിസ്ത്യാനി. ഒരുവൻ ക്രിസ്തുവിന്റേതായിതീരുന്നതോടുകൂടി, അവനു അവകാശമായി കിട്ടുന്നു ക്രൈസ്തവസ്വാതന്ത്ര്യം. ക്രിസ്തുവിന്റെ ആദർശവും പഠനവും സ്വന്തമാക്കിത്തീർക്കുന്നതിനുള്ള അർഹതയാണു ഈ സ്വാതന്ത്ര്യത്തിന്റെ ഉള്ളടക്കം. അതിനാൽ അതിന്റെ ഉപയോഗത്തിൽ. ഒരു ക്രിസ്ത്യാനിയെ ചോദ്യചെയ്യാൻ ആർക്കും അവകാശമില്ല. മിശിഹാ നേടിത്തന്ന അമൂല്യസ്വാതന്ത്ര്യം ബലികഴിച്ച് അന്യന്റെ അടിമകളായി തീരരുതെന്ന് ക്രൈസ്തവസമർപ്പണത്തിന്റെയും തജ്ജന്യമായ ക്രൈസ്തവസ്വാതന്ത്ര്യത്തിന്റെയും ഉന്നതനിലവാരം പുലർത്തിയ വി. പൗലോസ് നമ്മെ ഉത്ബോധിപ്പിക്കുന്നു.

### സന്യാസമർപ്പണം

ക്രൈസ്തവസ്വാതന്ത്ര്യത്തിന്റെ സംരക്ഷണം സുരക്ഷിതമാകുന്ന ഒരു ജീവിതാവസ്ഥയാണ് സന്യാസം. അതിനാൽ സന്യാസ സമർപ്പണം ക്രൈസ്തവസമർപ്പണത്തിന്റെ ദൃഢീകരണവും, തീവ്രീകരണവുമാണെന്നു നിസ്സംശയം പറയാം.

### സ്വാതന്ത്ര്യത്തിന്റെ വിശദാംശം

ഒരു സന്യാസി അമൂല്യമായി മതിക്കുന്ന ക്രൈസ്തവസ്വാതന്ത്ര്യം - ക്രിസ്തുവിന്റെ ആദർശം സ്വന്തമാക്കുവാനുള്ള അയാളുടെ അവകാശം - പ്രയോഗത്തിൽ, താഴെ പറയുന്നവയിൽ സംഗ്രഹിക്കാം.

1. സത്യത്തിനു സദാസാക്ഷ്യം നൽകുക: അതിനായിട്ടാണു മിശിഹാ ലോകത്തിൽ വന്നത്, അതിനായി അവിടുന്നു മരണം കൈവരിക്കുകയും ചെയ്തു.

2. കേസറിനുള്ളത് കേസറിനും ദൈവത്തിനുള്ളത് ദൈവത്തിനും



നൽകുക: മിശിഹായുടെ പ്രഖ്യാപിതനയമാണത്.

3. സ്വയം മറന്ന് സഹോദരങ്ങളെ സേവിക്കുക: മിശിഹാ വന്നത് ശുശ്രൂഷസ്വീകരിക്കാനല്ല, ശുശ്രൂഷിക്കുവാൻ.

4. ശത്രുക്കളെ സ്നേഹിക്കുക: ഇതാണ് മിശിഹായുടെ പഠനത്തിന്റെ വിപ്ലവാത്മകവും ഏറ്റവും സുന്ദരവുമായ വശം.

### സ്വാതന്ത്ര്യത്തിന്റെ ശത്രുക്കൾ.

താല്ക്കാലിക സൗകര്യത്തിനായി, അഥവാ കാര്യം നേടുവാനായി ക്രിസ്തുവിന്റെ ആദർശത്തിൽ നിന്നും ചിലപ്പോൾ കുറെയൊക്കെ വ്യതിചലിക്കാവുന്നതാണെന്ന് ഉപദേശിക്കുകയോ വ്യതിചലിക്കണമെന്നു നിർബന്ധിക്കുകയോ, വ്യതിചലിച്ചില്ലെങ്കിൽ അനുകൂല്യങ്ങൾ പിൻവലിക്കുമെന്നു ഭയപ്പെടുത്തുകയോ ചെയ്യുന്നവരെല്ലാം - അവർ പിതാവോ, മാതാവോ, സഹോദരനോ, സ്നേഹിതനോ ആരുതന്നെ ആയാലും - മിശിഹാ നേടി തന്ന സ്വാതന്ത്ര്യത്തെ വിറ്റു തിന്നുന്നതിനു നമ്മെ പ്രേരിപ്പിക്കുന്ന ശത്രുക്കളാണ്. അവരെ സൂക്ഷിച്ചു കൊള്ളണമെന്നാണ് ഉജ്ജ്വലപ്രേഷിതനായ വി. പൗലോസിന്റെ ഉത്ബോധനം.

### ആയോധനം

ഈ ശത്രുക്കൾക്കെതിരായ ആയോധനം ഭയാനകമാണ്. അതിൽ പ്രതീക്ഷിക്കേണ്ട ക്ഷതങ്ങളുടെ ഏകദേശരൂപം ലഭിക്കുവാൻ കുരിശുരൂപത്തിലേയ്ക്കൊന്നു കണ്ണോടിച്ചാൽ മതിയാകും. അന്യരുടെയും സ്വകീയരുടെയും അവജ്ഞ, നിന്ദ, പരിഹാസം, മർദ്ദനം, മരണവിധി മുതലായവയാണു അതിന്റെ വിശദാംശങ്ങൾ. ശത്രുക്കളുടെ നിലപാടു വിശദമാക്കുന്ന ഒരു ഭാഗം വിജ്ഞാനത്തിന്റെ പുസ്തകത്തിൽ നിന്നും ഇവിടെ ഉദ്ധരിക്കാം: "നീതിമാൻ നമുക്കു ഉപദ്രവകാരിയാകയാൽ, അവനെ ആക്രമിക്കാം. നമ്മുടെ പ്രവൃത്തികൾക്ക് അവൻ എതിരത്രേ. അവൻ നമ്മിൽ നിയമലംഘനക്കുറ്റം ആരോപിക്കുന്നു; നമ്മുടെ ജീവിതരീതിയിലുള്ള തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നു. തനിക്കു ഈശ്വര ജ്ഞാനമുണ്ടെന്നു അവൻ പ്രഘോഷിക്കുകയും, തന്നെത്തന്നെ ദൈവപുത്രനെന്ന് വിളിക്കുകയും ചെയ്യുന്നു. അവൻ നമ്മുടെ വിചാരങ്ങളുടെ ഗുണദോഷ വിവേചകനായിത്തീർന്നിരിക്കുന്നു. അവന്റെ ജീവിതം ഇതരരുടേതിൽ നിന്നു വ്യത്യസ്ഥവും, അവന്റെ മാർഗ്ഗങ്ങൾ അചഞ്ചലവുമാകയാൽ അവന്റെ ദർശനം പോലും നമുക്കു ക്ലേശപൂർണ്ണമാണ്...... അവന്റെ ക്ഷമപരിശോധിക്കാൻ, അവന്റെ യോഗ്യത അറിയാൻ, ദണ്ഡനവും നിന്ദനവും കൊണ്ട് നമുക്ക് അവനെ പരീക്ഷിക്കാം. നമുക്ക്

അവനെ ലജ്ജാവഹമായ മരണത്തിനു വിധിക്കാം...." (വിജ്ഞാനം 11. 12 -20).

ഈ പരിപാടികളുടെ സാക്ഷാൽക്കരണമാണ് മിശിഹായുടെ പീഡാനുഭവചരിത്രത്തിൽ ഉടനീളം നാം ദർശിക്കുക. ശിഷ്യൻ ഗുരുവിനെക്കാൾ വിലയവനല്ല. പച്ചമരത്തോടവർ ഇങ്ങനെ ചെയ്തെങ്കിൽ ഉണക്കമരത്തോടവർ എങ്ങനെ വർത്തിക്കും! ആയോധനത്തിൽ രൂക്ഷമായ ക്ഷതങ്ങൾ നാം പ്രതീക്ഷിക്കുക തന്നെ വേണം.

## സന്യാസിയുടെ സജ്ജീകരണങ്ങൾ

പ്രാതികൂല്യങ്ങളെ ഭയപ്പെട്ടോ, ആനുകൂല്യങ്ങളെ മോഹിച്ചോ ക്രൈസ്തവസമർപ്പണത്തിന്റെ പാതയിൽ നിന്ന് വ്യതിചലിക്കുക നിർഭാഗ്യകരമാണ്. അതിനിടയാകാതിരിക്കുവാൻ, ഒരു സന്യാസി തക്ക മുൻകരുതലുകൾ എടുക്കുന്നു. ആജ്ഞാനുസരണ വ്രതമാകുന്ന പടച്ചട്ട ധരിച്ച്, ആനുകൂല്യതൃഷ്ണയെ അരിഞ്ഞു കളയുന്ന ദാരിദ്ര്യ ഖഡ്ഗവും കയ്യിലേന്തി, സേവനത്തെ തടയുന്ന വിലങ്ങുതടികളില്ലാത്ത ബ്രഹ്മചര്യത്തിന്റെ പാതയിൽ കൂടി അയാൾ സധീരം മാർച്ചു ചെയ്യുന്നു. സത്യം മറച്ചു കാര്യം നേടിയെടുക്കാൻ പാടുകിടക്കുന്ന ബന്ധുകളുടെയോ, കളിവിനോദങ്ങൾക്കായി പരസേവന പരിപാടി വെട്ടിക്കുറയ്ക്കുവാൻ നിർബ്ബന്ധം പിടിക്കുന്ന സ്നേഹിതരുടെയോ, കരം കൊടുക്കാതെയും ലെവിയളക്കാതെയും മുതൽക്കൂട്ടുവാൻ ആലോചന നൽകുന്ന വിവേകികളുടെയോ, ആനുകൂല്യങ്ങൾക്കായി ആദർശം മാറ്റണമെന്നു പരോക്ഷമായും ആവശ്യപ്പെടുന്ന നാടുവഴികളുടെയോ, പ്രതികാരത്തിന്റെ ഊടുവഴികളിൽ കൂടി അഭിമാനം നേടാൻ ഉപദേശിച്ചു വരുന്ന അഭിജ്ഞന്മാരുടെയോ മുഖം നോക്കാതെ, നേർവഴിയെ മുന്നോട്ടു പോകുവാനുള്ള തന്റെ സ്വാതന്ത്ര്യം - മിശിഹാ നേടിത്തന്ന സ്വാതന്ത്ര്യം - നിർഭയം ഉപയോഗിക്കാനുള്ള തന്റേടമാണ് മുൻപറഞ്ഞ സജ്ജീകരണങ്ങൾ ഒരു സന്യാസിക്കു നല്കുന്നത്. തൽഫലമായി, ബന്ധുവും, മിത്രവും, വിവേകിയും, അഭിജ്ഞനും, തന്റെ ശത്രുക്കളായി തിരിയുന്ന പ്രതിസന്ധിയെ തരണം ചെയ്യുന്നതിനുള്ള ചങ്കൂറ്റവും ഒരു യഥാർത്ഥ സന്യാസിയ്ക്ക് സ്വായത്തമാകുന്നു; അതോടെ മർദ്ദനങ്ങളേല്ക്കാനുള്ള ധീരതയും.

## വിജയവും ജയഭേരിയും

വലിയവിലകൊടുത്ത് ക്രിസ്തുസമ്പാദിച്ചുതന്ന സ്വാതന്ത്ര്യം വലിയ വിലകൊടുത്തുതന്നെ സംരക്ഷിക്കുവാൻ, മുൻപറഞ്ഞവിധം ഒരുങ്ങിയിറങ്ങുന്ന ധീരാത്മാക്കൾക്കാണ് വി. പൗലോസിനോടുകൂടി സങ്കടങ്ങളുടെ കുമ്പാരത്തിന്റെ മുകളിൽ കയറിനിന്ന്, തങ്ങളുടെ ക്ലേശങ്ങളിൽ തങ്ങൾ ആഹ്ലാദിക്കുന്നുവെന്ന് ഉദ്ഘോഷിക്കുവാനും, മരണത്തെ നോക്കിനിന്ന്: "ഓ, മരണമേ, നിന്റെ മുള്ളെവിടെ?" എന്നു വെല്ലുവിളിക്കുവാനും, മരണക്കിടക്കയിൽ വെച്ച് "എന്റെ ഓട്ടം ഞാൻ ഓടി, എന്റെ യുദ്ധം ഞാൻ ചെയ്തു, ഇതാ എന്നിയ്ക്കായി ഒരുക്കിയിരിക്കുന്ന വിജയകിരീടം" എന്ന പല്ലവി ആവർത്തിക്കുവാനും സാധിക്കുക. അവരുടെ അവസാനവിജയത്തിൽ സംഭ്രാന്തരായി ശത്രുക്കൾ എന്തുപറയുമെന്നു വിജ്ഞാനി എഴുതിയിട്ടുള്ള ഭാഗം ശ്രദ്ധേയമാണ്: ആത്മവേദനയാൽ വിലപിച്ചുകൊണ്ട് വ്യസനപൂർവ്വം അവർ പറയും: "പരിഹാസപാത്രങ്ങളും നിന്ദാവിഷയങ്ങളുമായി നാം പരിഗണിച്ചവരാണിവർ. ബുദ്ധിഹീനരായ നാം അവരുടെ ജീവിതം ഭ്രാന്തായും, അവരുടെ മരണം കീർത്തിയറ്റതായും പരിഗണിച്ചു. ഇതാ അവർ ദൈവപുത്രരുടെ ഗണത്തിൽ എണ്ണപ്പെട്ടിരിക്കുന്നു. വിശുദ്ധരോടുകൂടിയാണ് അവരുടെ ഓഹരി. നമുക്കു തെറ്റിപ്പോയി." (വിജ്ഞാനം 5, 3-5).



## ആശ്വാസവും പ്രാർത്ഥനയും

കുരിശുമരണംവഴി ദിവ്യഗുരു നമുക്കുനേടിത്തന്ന അമൂല്യസ്വാതന്ത്ര്യം പരിപൂർണ്ണമായി സംരക്ഷിക്കുവാനുള്ള ഉത്തേജനം അവിടുത്തെ പീഡാനുഭവത്തേയും മഹത്വപൂർണ്ണമായ ഉത്ഥാനത്തേയും പറ്റിയുള്ള ധ്യാനം, നമുക്കുപകർന്നുതരട്ടെ! പ്രാർത്ഥനകൊണ്ടും മാതൃകകൊണ്ടും ഈ കാര്യത്തിൽ പരസ്പരം നമുക്കു സഹായിക്കാം.

എല്ലാവർക്കും ഓരോരുത്തർക്കും ഉയിർപ്പുമംഗളം!

സ്വന്തം, കനീസിയൂസച്ചൻ,

പ്രിയോർ ജനറാൾ.

# 10 മൂന്നു ഡോസു സ്നേഹം

**ജൂലൈ 1966**

ധനക്കൊഴുപ്പുള്ള ഒരു കുടുംബത്തിലെ, നാലു വയസ്സുവരുന്ന ജോണിയെ വിദഗ്ദനായ ഒരു ഭിഷഗ്വരൻ പരിശോധിക്കുകയായിരുന്നു. കുട്ടിയുടെ ശരീരത്തിനു യാതൊരു ന്യൂനതയുമില്ല. ഭക്ഷണവും ശുശ്രൂഷകളും സമൃദ്ധമായി അവനു ലഭിക്കുന്നുണ്ട്. എങ്കിലും അവൻ ദിവസേന കൂടുതൽ വിളറിയും ശോഷിച്ചും വരുന്നു; അതാണു സുഖക്കേട്. സാഹചര്യങ്ങളെല്ലാം ചോദിച്ചു മനസ്സിലാക്കിയശേഷം ഡോക്ടർ കുറിപ്പെഴുതി. "ദിവസേന മൂന്നു ഡോസു സ്നേഹം." അതാണു കുറിപ്പ് ആയമാരുടെയും ഭൃത്യരുടെയും സേവനത്തിൽ കുഴപ്പമൊന്നുമില്ല. പക്ഷെ, അതിലൊന്നും കൊച്ചു ജോണിയ്ക്കു ഓജസ്സും, തേജസ്സും, ഉന്മേഷവും പകർന്നു കൊടുക്കുന്ന അയസ്കാന്ത ശക്തിയില്ല. അതിന് മാതാവിന്റെ പിതാവിന്റെയും പുഞ്ചിരി, ലാളന, ചുംബനം, ഇവയെല്ലാം ദിവസത്തിൽ പല പ്രാവശ്യവും അവനു ലഭിച്ചേതീരൂ. അവയുടെ പോരായ്ക ധാരാളമുണ്ടെന്നു മനസ്സിലായ ഉടനെ അനാരോഗ്യത്തിന്റെ കാരണം അഭിജ്ഞനായ ഡോക്ടർ അനുമാനിച്ചു കഴിഞ്ഞു. അതിനുള്ള മരുന്ന് അദ്ദേഹം ഉടനെ കുറിക്കുകയും ചെയ്തു. ഓഫീസുജോലിയിൽ ദിവസം മുഴുവനും ചെലവഴിക്കുന്നതിനുവേണ്ടി അപ്പനും അമ്മയും കുട്ടിയുടെ നോട്ടം ആയമാരെയും ഭൃത്യന്മാരെയും ഏല്പിച്ച് തൃപ്തിയടഞ്ഞതാണ് അവർക്കു പറ്റിയ തെറ്റ്.

## മനുഷ്യന്റെ മനഃശാസ്ത്രം

ആത്മാർത്ഥസ്നേഹത്തിന്റെ ചെറുചൂടില്ലാത്ത സേവനങ്ങൾ വഴി കാര്യങ്ങൾ പലതും നടന്നേക്കും. പക്ഷെ, അവയുടെ പശ്ചാത്തലത്തിൽ ഹൃദ്യമായി സംതൃപ്തിയില്ല, സന്തോഷമില്ല, ചൈതന്യമില്ല., ഉന്മേഷമില്ല. മറിച്ച്, സാദ്ധ്യമായ സേവനം കേവലം നിസ്സാരമെങ്കിലും, സ്നേഹത്തിന്റെ കനകരശ്മികളാൽ ശോഭിതമെങ്കിൽ, അതിൽ നിന്നു പ്രസരിക്കുന്ന നിഗൂഢചൈതന്യം ഉപകൃതന്റെ ആത്മശരീരങ്ങളെ അത്ഭുതകരമായി സജീവമാക്കും, സന്തുഷ്ടമാക്കും, ഇതാണ് മനുഷ്യന്റെ മനഃശാസ്ത്രം.



## ദിവ്യഗുരുവിന്റെ പഠനം

സ്വന്തം പിതാവിന്റെ ദുരിതനിവാരണയത്നത്തിൽ നിന്നും, നേരിട്ടുള്ള പരിചരണത്തിൽ നിന്നും, സൗകര്യപൂർവ്വം ഒഴിഞ്ഞുമാറുന്നതിനായി, "അപ്പന്റെ പേർക്ക് ഉദാരമായ സംഭാവന ദേവാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്" എന്നു കാഹളം മുഴക്കി, ജനസമുദായത്തിൽ മാന്യന്മാരായി കഴിഞ്ഞുകൂടിയിരുന്ന ചില ഫരിസ്യരുടെമേൽ ശാപവർഷം ചൊരിഞ്ഞപ്പോൾ, ദിവ്യഗുരു ലോകത്തിനു നല്കിയ പഠനവും ഇതുതന്നെയാണ്.

## ദൈവം നല്കിയ ഒന്നാം പാഠം

ദൈവം, മനുഷ്യന്റെ ദുരിതത്തിൽ, നേരിട്ട് ഇടപെടാതെ, മൂശ, സാമുവേൽ മുതലായ മദ്ധ്യവർത്തികൾവഴി അവരോടു സമ്പർക്കം പുലർത്തിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആവർത്തനരീതിയ്ക്ക്, മനുഷ്യഹൃദയങ്ങളെ മുഴുവനായി കവർന്നെടുക്കുവാൻ സാധിച്ചില്ല. തന്റെ ഹൃദ്യതയുടെ പോരായ്ക കൊണ്ടല്ല അവിടുന്നു ഈ "ഇടനിലപദ്ധതി" സ്വീകരിച്ചത്. സ്നേഹസ്വരൂപനായ ദൈവം തന്നെ ഇത്തരമൊരു വർത്തനരീതി അവലംബിച്ചപ്പോൾ, മനുഷ്യന്റെ പ്രതികരണമെന്തായിരുന്നുവെന്നു മനസ്സിലാക്കി, നമ്മുടെ വർത്തനരീതി, സ്വതന്ത്ര്യമായി തിരഞ്ഞെടുക്കേണ്ടകാലം വരുമ്പോൾ, ബുദ്ധിപൂർവ്വം പ്രവർത്തിയ്ക്കുന്നതിന് അവിടുന്നു നമുക്കു നല്കിയ ഒരു പാഠമാണത് ഇനി ഇതാ വേറൊരുപാഠം.

## രണ്ടാം പാഠം.

കാലത്തിന്റെ തികവിൽ ദൈവം നേരിട്ടു താഴോട്ടിറങ്ങി; മനുഷ്യരിലൊരുവനായി; അവരുടെ മദ്ധ്യേവസിച്ചു.; അവരുടെ ദുരിതങ്ങളിൽ ഭാഗഭാക്കായി; അവരുടെ കണ്ണുനീർ തുടച്ചു; അവരുടെ ദുരിതങ്ങളും പാപഭാരവും സ്വയം ഏറ്റെടുത്തു; ദിവ്യ ചൈതന്യം അവരിലേയ്ക്കു പകർന്നുകൊടുത്തു. അതിന്റെ പ്രതികരണമോ? എല്ലാവർക്കും ഇന്ന് ക്രിസ്തുവിനെ വേണം! യഹൂദനും ഗ്രീക്കുകാരനും സ്വതന്ത്രനും അടിമയ്ക്കും ഹിന്ദുവിനും മുസ്ലീമിനും കമ്മ്യൂണിസ്റ്റിനും, സോഷ്യലിസ്റ്റിനും എല്ലാവരുടേയും ഹൃദയം അവിടന്നു കവർന്നെടുത്തു.

## രണ്ടു പാഠവും തിരുസഭ ആവർത്തിക്കുന്നു.

തിരുസഭാ ചരിത്രത്തിലും ഇതേ പാഠങ്ങൾ ആവർത്തിക്കുന്നതായിക്കാണാം. അകത്തിരുന്നും ഇടനിലക്കാർ വഴിയും ജന സാമാന്യത്തോടു ഇടപെടുന്നരീതി, സാമന്യമായി സ്വീകരിച്ചുപോന്ന കാലഘട്ടത്തിൽ ദാരുണമായ അനുഭവങ്ങൾ തിരുസഭയ്ക്കുണ്ടായി. ചേരികളും, വിടവുക

ളും, വിഭാഗങ്ങളും, അവാന്തര വിഭാഗങ്ങളും അനുദിനം വർദ്ധിച്ചു വന്നു.

ഈ പരിതസ്ഥിതിയിൽ അത്യന്തം ആകുലയായി ഇന്നു തിരുസഭാമാതാവ്, "സേവനത്തിനായി താഴോട്ടിറങ്ങുക എന്ന് ശക്തിയുക്തം മക്കളെ ഉൽബോധിപ്പിക്കുകയാണ്. വിളറിവിവശരായി, നമ്മുടെ ചുറ്റും കഴിഞ്ഞുകൂടുന്ന ബഹുസഹസ്രം ജോണികൾക്ക് മാതാവായ തിരുസഭയിൽ നിന്നും" ആ മൂന്നു ഡോസുസ്നേഹം ലഭിക്കുവാൻ ഇനിയും താമസം വരരുത്.

## സന്യാസികൾ സഹകരിക്കണം.

ഈ പദ്ധതിയിൽ സന്യാസികൾ ആത്മാർത്ഥമായി സഹകരിക്കണ്ടേ? ലോകവുമായി ബന്ധപ്പെടാതെ അകന്നിരുന്നു പ്രാർത്ഥിച്ചിരുന്ന സന്യാസികളും കഷ്ടതകളുമായി ഏറ്റുമുട്ടുന്ന സഹജീവികൾക്ക് സ്നേഹപീയൂഷം പകർന്നു കൊടുക്കുവാൻ തയ്യാറാകണം. തൽസിദ്ധ്യാർത്ഥം ലോകത്തിൽ നടക്കുന്ന കാര്യങ്ങൾ, അപ്പഴപ്പോൾ, അറിഞ്ഞുകൊണ്ടിരിക്കാൻ ഒരു പ്രായോഗികപദ്ധതി സന്യാസസമൂഹങ്ങൾ ആവിഷ്ക്കരിയ്ക്കേണ്ടതാണ് എന്ന കാര്യം രണ്ടാം വത്തിക്കാൻ സൂനഹദോസ് (Perf. Carit.. n.2,d.) സന്യാസികളെ സംബന്ധിച്ച ഡിക്രിയിൽ അനുസ്മരിപ്പിക്കുന്നുണ്ട്.

സന്യാസികൾ, അവരുടെ പരിധിവിട്ടു പുറത്തു ചാടണമെന്നല്ല വിവക്ഷ. ഓരോരുത്തരും, അവരവരുടെ പരിധിക്കുള്ളിൽ നിന്നു കൊണ്ട്, സഹജീവികളുടെ ദുരിതങ്ങളിൽ ഇടകലരണം. ("Involved" ആകണം). ക്രിസ്തുവിനെ അനുകരിച്ച്, സഹജീവിയുടെ ദുരിതപ്രശ്നം, ഉന്മേഷപൂർവ്വം കൈകാര്യചെയ്ത് അവന്റെ കഷ്ടതകൾ ഇങ്ങോട്ട് ഏറ്റെടുത്ത്, അയാളെ സംതൃപ്തനാക്കണം എന്നു ചുരുക്കം.

ഈ പദ്ധതി പ്രയോഗത്തിൽ വരുത്താതെ, തിരുസഭയോടുകൂടി ചിന്തിക്കുന്നവെന്നോ, നവീകരണശ്രമത്തിൽ തിരുസഭയോടുകൂടി ആത്മാർത്ഥമായി സഹകരിക്കുന്നുവെന്നോ ആരെങ്കിലും സമർത്ഥിച്ചാൽ ആ സമർത്ഥനം തീർത്തും നിരർത്ഥകമായിരിക്കും. അതിനാൽ, ഈ തുറയിൽ നല്കാവുന്നിടത്തോളം സഹകരണം തിരുസഭാമാതാവിനും നാം നല്കുന്നുണ്ടോ എന്നു വ്യക്തിപരമായും, സാമൂഹ്യമായും പിരശോധനനടത്തേണ്ട ഒരു കാലമാണിത്.

## i സഹജീവികളുടെ ദുരിതം നാം സംവഹിക്കണം

ദുരിതം കാണുമ്പോൾ ഭയപ്പെട്ടോടുന്നവരുണ്ട്. "അതെല്ലാം ശല്യം!



ദുഃഖവും ദുരിതവുമായി വരുന്നവരെ ഉടനടി പറഞ്ഞുവിടുവാൻ തക്ക സാമർത്ഥ്യമുള്ള ശമ്പളക്കാരിലൊരുവനെ അതിനായി നിയോഗിക്കുക; അയാളെ കുറച്ചു പണവും ഏല്പിച്ചേക്കണം; ഇത്രയും ചെയ്താൽ ഒരു വലിയ ഭാരം ഒഴിഞ്ഞുകിട്ടി." എന്നു സമാശ്വസിക്കുകയും, ഇതേ ആശ്വാസമാർഗ്ഗം മറ്റുള്ളവർക്ക് ഉപദേശിച്ചുകൊടുക്കയും ചെയ്യുന്ന വിവേകികളായ സന്യാസികളും, സന്യാസശ്രേഷ്ഠന്മാരും ഉണ്ട്. ഈ മനഃസ്ഥിതിയുടെ അടിയിൽ ഒളിഞ്ഞു കിടക്കുന്നത് അപരന്റെ അധഃസ്ഥിതിയിലുള്ള അനുകമ്പാരാഹിത്യവും, ത്യാഗപൂർണ്ണമായ സേവനത്തിൽ നിന്ന് സൗകര്യപൂർവ്വം ഒഴിഞ്ഞു മാറുന്ന സുഖവാഞ്ഛയുമാണെന്നു മനസ്സിലാക്കുവാൻ മനഃശാസ്ത്രത്തിന്റെ അഗാധപാണ്ഡിത്യം ആവശ്യമില്ല.

ശമ്പളക്കാരൻ വഴി ഇട്ടുകൊടുക്കുന്ന പൈസാത്തുട്ടിൽ, സമഭാവനയുടെ സുവിശേഷമോ, സമാശ്വാസത്തിന്റെ വെള്ളിരേഖയോ ദുഃഖാർത്തനായ നമ്മുടെ സഹോദരൻ ദർശിക്കുകയില്ല. മറിച്ച്, നമ്മുടെ കൈയിൽ നിന്ന് ഒരു ചെറുതുട്ട് നേരിട്ടുകിട്ടിയാൽ, അതും അതിലധികവും അയാൾ അതിൽ ദർശിക്കും. പലരിൽ നിന്നും മറിച്ചുള്ള പ്രതികരണം പ്രതീക്ഷിച്ചുകൊള്ളുക എന്ന് അനുഭവസ്ഥർ വിവേകപൂർവ്വം നല്കുന്ന മുന്നറിയിപ്പിനെ അവഗണിക്കുന്നില്ല. പക്ഷെ, സഹജീവിയുടെ ദുരിതം സംവഹിക്കാനുള്ള അഭിവാഞ്ഛയുടെ ആത്മാർത്ഥതയും, നിസ്വാർത്ഥതയും നമ്മിൽ തെളിഞ്ഞുകണ്ടാൽ - അത് തെളിയുകതന്നെ വേണം - അത്തരം പ്രതികരണം താനേ മാഞ്ഞു പോകും.

അനങ്ങിയാൽ വരാവുന്ന വല്ലായ്മയെ ഓർത്തുള്ള ഭീതിയും സമയനഷ്ടത്തെപ്പറ്റി അതിരുകടന്ന ആകുലചിന്തയും തള്ളി മാറ്റി, നാം സോന്മേഷം ആതുരന്റെ പക്കലേക്കു നേരിട്ടിറങ്ങിയെന്നു വയ്ക്കുക. ഉത്തരക്ഷണം, നന്മയിലേയ്ക്ക് ആദ്യപടിയുടെ സാഹചാരികളും അനുയായികളും അണിനിരക്കുകയായി. "ഭയപ്പെടേണ്ട, ഞാനുണ്ട് കൂടെ." ദിവ്യനാഥൻ അദൃശ്യനായി ഒപ്പമിറങ്ങി. പറയേണ്ടത് പറയേണ്ട സമയത്ത് തോന്നിച്ചുതരുവാൻ പരിശുദ്ധാരൂപിയും തയ്യാറെടുത്തു. വഴിയിൽ കാക്കാൻ, കാവൽ ദൂതൻ അണിഞ്ഞൊരുങ്ങി, സ്വർഗ്ഗവാസികൾക്കും ഭൂവാസികൾക്കും ഒന്നുപോലെ ആഹ്ലാദം നല്കുന്ന, മനോഹരമായൊരു മാർച്ചിംഗ്! അതെ, സ്വർഗ്ഗീയപിതാവിന്റെ ദൗത്യവുമായി എല്ലാ സജ്ജീകരണങ്ങളോടുകൂടി നാം ഇറങ്ങിയിരിക്കുകയാണു. എന്തിനു? അഗതിയായ നമ്മെ സമീപിച്ചിരിക്കുന്ന അവിടുത്തെ ഒരു അരുമസന്താനത്തിന്റെ ദുരിതം ഇങ്ങോട്ട് ഏറ്റുവാങ്ങുവാൻ. നാം അറി

യാതെ തന്നെ നമ്മുടെ മുഖം സഹതാപദ്യോതകമായി; നമ്മുടെ നോട്ടം സ്നേഹോജ്ജ്വലമായി. ഈ സമീപനമാത്രയിൽ, ഇതാ നമ്മുടെ സഹോദരൻ ഭാഗ്യോദയത്തിന്റെ വെള്ളിരേഖ ദർശിച്ചു തുടങ്ങി! സമാശ്വാസം പകരുന്ന കുശല പ്രശ്നവും, സാഹോദര്യം തുളുമ്പുന്ന സംഭാഷണവും കൂടിയാകുമ്പോൾ അയാളുടെ പകുതി ഭാരം നാം ഏറ്റെടുത്ത പ്രതീതി അയാളിൽ ഉളവാകും, നിശ്ചയം. "ഞാൻ അഗതിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു." (മാത്യു 25,35).

ഇനിയുള്ള പകുതിയും നാം തന്നെ ഏറ്റെടുക്കണം. "കഞ്ഞികുടിക്കാനില്ലാതെ വലയുകയാണോ, എന്റെ സഹോദരൻ? ഇതാ എന്റെ പകുതിക്കഞ്ഞി അങ്ങോട്ട്!" ഒരു സന്യാസിയായ എനിക്ക് ഇത്രയും പറയാൻ സാധിക്കുമോ? ഇത്രയും പറയാനുള്ള അനുവാദം ശ്രേഷ്ഠൻ എനിയ്ക്കു നല്കിയിട്ടുണ്ട്, അഥവാ ഞാനൊരു ശ്രേഷ്ഠൻ തന്നെയാണ് എന്നുവരികിൽ, സാധിക്കും. പക്ഷെ ഇങ്ങനെ ഒരു കെയ്സല്ല പല കെയ്സുകളും വരും; സ്വല്പം കഞ്ഞിയുടെ കാര്യമല്ല; ഒരു കുടുംബത്തിനു തന്നെ ആവശ്യമായ സാരമായ സഹായത്തിന്റെ കാര്യം. ഇത്തരം സഹചര്യത്തിൽ, ഒരു ശ്രേഷ്ഠൻ തന്നെയും അന്ധാളിച്ചു പോകും. മാത്രമല്ല, ഈ വർത്തനരീതി അവലംബിക്കാൻ തുടങ്ങിയാൽ ഇത്തരം കെയ്സുകൾ അന്തമില്ലാതെ വർദ്ധിക്കും. ഇതെല്ലാം പരിഗണിച്ചു മുന്നോട്ടു നോക്കുമ്പോൾ, ബുദ്ധികൂർമ്മയുള്ളവർക്ക് ഉണ്ടാകാവുന്ന സാധാരണ പ്രതികരണമാണ് മുകളിൽ സൂചിപ്പിച്ചത്. "അതെല്ലാം ശല്യം......................" പക്ഷെ, ആ വഴിയുടെ ഭവിഷ്യത്തുകൾ നാം കണ്ടു കഴിഞ്ഞു. "ഇടനില വഴി" ഉപേക്ഷിച്ചേ തീരു. സ്നേഹത്തിന്റെ ഡോസുമായി നേരിട്ട് ഇറങ്ങുന്നതുകൊണ്ട് വരാവുന്ന അസുഖവും, വിഷമതകളും കണ്ടു ഭയപ്പെടാതെ, അവയെ സ്വാഗതം ചെയ്ത്, സുസ്മേരവദനരായി ഇറങ്ങുവാൻ നാം തയ്യാറാകുമോ ഇല്ലയോ, ഇതാണ് പ്രശ്നം. ഒറ്റയ്ക്കു നില്ക്കാതെ ഒരുമിച്ചുകൂടിയാൽ എളുപ്പത്തിൽ ഈ പ്രശ്നം നമുക്കു കൈകാര്യം ചെയ്യാം. "സഹോദരനാൽ സഹായിക്കപ്പെടുന്ന സഹോദരൻ ബലിഷ്ഠമായ കോട്ടയ്ക്കുതുല്യനാണ്."

ഇത്തരം കെയ്സുകൾ ആശ്രമാംഗങ്ങൾ എല്ലാവരും അറിയട്ടെ. ശ്രേഷ്ഠനുമാത്രം, അഥവാ ശ്രേഷ്ഠൻ നിശ്ചയിച്ചിരിക്കുന്ന സഹോദരനു മാത്രം ഉള്ള ഒരു കടമയോ പ്രിവിലേജോ അല്ല ഇത്. എല്ലാവർക്കും ഓരോരുത്തർക്കും അതിൽ ഭാഗഭാഗിത്വം വേണം. പുറമേ നിന്നും ശേഖരിച്ചു വച്ചിരിക്കുന്നതോ, ആശ്രമവസ്തുക്കളിൽ നിന്നും വന്നുചേരുന്നതോ ആയ പണത്തിന്റെ ഒരു ശതമാനം ദുരിതനിവാരണത്തിനായി



കൊടുത്തുകൊള്ളുവാൻ, ആലോചന നല്കുന്നതിലോ, നിശ്ചയം ചെയ്യുവാൻ കുറിയിടുന്നതിലോ മാത്രമുള്ള ഭാഗഭാഗിത്തമല്ല ആശ്രമാംഗങ്ങളിൽ നിന്നും ഈ കാര്യത്തിൽ പ്രതീക്ഷിക്കുന്നത്. അതെല്ലാം മുമ്പ് പറഞ്ഞതുപോലെ തണുത്തുമരവിച്ച പണത്തുട്ടുകൾ വിതരണം ചെയ്യുന്നതിലുള്ള സൗകര്യപ്രദമായ സഹകരണമാണ്. നാം കൊടുക്കുന്ന ദാനത്തോടെ നമ്മുടെ ജീവനും പകരണമെങ്കിൽ നമ്മുടെ ജീവന്റെ ഒരു ഭാഗവും അതിൽ അലിഞ്ഞു ചേരണം. കഞ്ഞിയാണെങ്കിൽ, ഒരാൾക്കുണ്ടായിരുന്നതിന്റെ പകുതി കൊടുത്താൽ അയാളുടെ ജീവനും അതോടെ തന്റെ സഹജീവിക്കുപകർന്നുകൊടുത്തുവെന്നു പറയാം. ഓരോരുത്തന്റെയും ജീവന്റെ ഭാഗമാകേണ്ടിയിരുന്നതിൽ നിന്ന് ഓരോരുത്തനും കൊടുത്താൽ, ഓരോരുത്തനും അതിൽ സജീവഭാഗഭാഗിത്തമുണ്ടെന്ന് അനുമാനിക്കാം. ഇങ്ങനെ നാം എല്ലാവരുംകൂടി നമ്മെ സമീപിച്ച സഹജീവിയുടെ ദുരിതം പകുത്തെടുത്തു വഹിച്ചുവെന്നു യഥാർത്ഥത്തിൽ നമുക്കു പറയുവാൻ സാധിക്കും. ഈ തരത്തിലുള്ള ഭാഗഭാഗിത്തം ഓരോ വ്യക്തിയുടെയും സുഖസൗകര്യത്തെ ബാധിക്കും. ഈ അനുഭവം നല്കുന്ന ആത്മാനുഭൂതി ആസ്വദിച്ചിട്ടുള്ളവർ അത്തരം അവസരങ്ങൾക്കായി കൂടുതൽ ദാഹം പ്രകടിപ്പിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്.

ഈയിടെ ഒരു യുവാവ് - നമ്മുടെ സഭയുമായി നന്നായി പരിചയമുള്ള ഒരാൾ - ദിവസത്തിൽ ഒരു നേരമെങ്കിലും വിശപ്പടക്കാൻ മാത്രം കഞ്ഞി കുടിക്കാനില്ലാതെ അമ്മയും താനും ദിവസങ്ങൾ തള്ളിവിടുകയാണെന്നുള്ള വസ്തുത, ആത്മവിശ്വാസമുള്ള ഒരു ശ്രേഷ്ഠന് അയച്ച എഴുത്തിൽ സൂചിപ്പിച്ചു. "ഓവർ ഡ്രാഫ്റ്റിനെ" അഭയം തേടിക്കഴിഞ്ഞിരുന്ന ഒരു സന്ദർഭമായിരുന്നതുകൊണ്ട്, ശ്രേഷ്ഠൻ ആളുടെ പേർ പറയാതെ ആ ദയനീയകഥ ആശ്രമാംഗങ്ങളെ പറഞ്ഞു കേൾപ്പിച്ചു. ഭക്ഷണത്തിന്റെ ഏതെങ്കിലും ഒരു ഐറ്റം ഒന്നോ രണ്ടോ ദിവസം വെട്ടിക്കുറച്ച്, അതിൽ നിന്നും ലഭിക്കുന്നപണം ആ പാവപ്പെട്ട കുടുംബത്തിനു കൊടുക്കണമെന്ന് അവർ നിശ്ചയിച്ചു. ഒരാഴ്ചയ്ക്കു ശേഷം പ്രസ്തുത യുവാവ് ശ്രേഷ്ഠനെ കാണാൻ ചെന്നു. അദ്ദേഹം 20 രൂപായെടുത്ത്, അതു സമ്പാദിയ്ക്കാൻ ആശ്രമാംഗങ്ങൾ അനുഷ്ഠിച്ച ത്യാഗത്തിന്റെ കഥാകഥനത്തോടെ ആ യുവാവിന്റെ കൈയിൽ വച്ചു കൊടുത്തു. യൗവനത്തിലേതന്നെ കുഴിയിൽ ചാടിയിരുന്ന ആ കണ്ണുകളിൽ നിന്ന് പത്തു പന്ത്രണ്ടു മുത്തുമണികൾ തെരുതെരെ അടർന്നു വീണു. സങ്കടത്തിന്റേതല്ല; പലപലവികാരങ്ങളുടേത്. അയാളുടെ ദുരിതം സ്വയം ഏറ്റെടുത്ത പത്തു പന്ത്രണ്ടുസന്യാസസഹോദരന്മാർക്കു നല്കാൻ

അയാൾക്കുണ്ടായിരുന്ന മുത്തുമണികളാണവ. ഉരുകിയഹൃദയത്തിന്റെ പ്രതീകങ്ങൾ! ആ ഹൃദയം അങ്ങനെ ഉരുകി നമ്മുടെ ഹൃദയങ്ങളോടൊട്ടിച്ചേർന്നു (“Solidarity”). ഇതാ സ്നേഹത്തിന്റെ ഒരു ഡോസും അതിന്റെ പ്രതികരണവും.

### ii സഹജീവികളുടെ പാപഭാരവും നാം ഏറ്റെടുക്കണം.

ഓരോവ്യക്തിയ്ക്കുമുണ്ട് അയാളുടെ പാപഭാരം. സ്നേഹവും അനുകമ്പയുമുള്ള ഒരു വൈദികൻ, ഏതുസമയത്തും ഓടിയെത്തും അതിന്റെ മാലിന്യം കഴുകിക്കളയുവാൻ. മാത്രമല്ല, അതിന്റെ പരിഹാരക്കടവും സ്നേഹപൂർവ്വം അദ്ദേഹം ഏറ്റെടുക്കും. ഒരു മഹാപാപിയ്ക്കു പാപസങ്കീർത്തനവേദിയിൽ കേവലം നിസ്സാരമായ പ്രായശ്ചിത്തം നല്കിയതിനുശേഷം ബാക്കിയുള്ളത് സ്വയം ഏറ്റെടുത്ത്, രക്തം ചിന്തുന്നതുവരെ സ്വന്തം ശരീരത്തെ ചമ്മട്ടി കൊണ്ടടിച്ച വി.ശവുരിയാരും, തന്റെ പക്കൽ കുമ്പസാരിക്കുന്നവർക്കു നിസ്സാരപ്രായശ്ചിത്തം, മാത്രം കല്പിച്ച് ബാക്കിയുള്ളതു താൻ തന്നെ ഏറ്റെടുക്കുക ഒരുപതിവായി സ്വീകരിച്ചിരുന്ന വി. ജോൺ ബോസ്ക്കോയും ഇത്തരം സ്നേഹഡോസ് അനർഗ്ഗളമായി നല്കാൻ ശീലിച്ച മഹാശയരായിരുന്നു.

സന്യാസികളായ നമ്മുടെ അടുക്കൽ കുമ്പസ്സാരിക്കുവാൻ ജനങ്ങൾ ഓടിയടുക്കുന്നതിന്റെ രഹസ്യം നാം അനുതാപികൾക്കു കുറച്ചു പ്രായശ്ചിത്തം മാത്രം നല്കി ബാക്കിയുള്ളതു നാംതന്നെ ഏറ്റെടുക്കുന്നുവെന്ന വിശ്വാസമാണെന്നു നമ്മുടെ നാട്ടിലെ ഒരു ഇടവകവൈദികൻ പ്രസംഗമദ്ധ്യേ ഒരിക്കൽ പ്രസ്താവിച്ചതായി ഓർക്കുന്നു. സന്യാസികളായ നമ്മിൽ നിന്നും ഇതു പ്രതീക്ഷിക്കാവുന്നതാണ്. നാം - വ്യക്തികൾ തനിച്ചുമാത്രമല്ല, കൂട്ടമായും നമ്മുടെ സഹോദരങ്ങളുടെ പാപഭാരം ഏറ്റെടുക്കണം. സാധിക്കുന്നിടത്തോളം അതും വീട്ടിക്കൊടുക്കുവാൻ തക്കവണ്ണം സുഖപ്രിയവും, ആർഭാടതയും, ആഡംബരവും പരിത്യജിച്ച്, വ്യക്തിപരമായും, സംഘാതമായും, ലാളിത്യത്തിന്റെയും, ത്യാഗങ്ങളുടെയും ഒരു ജീവിതം നയിക്കുന്ന കാഴ്ച എത്ര മനോഹരമായിരിക്കും! ഇതാ, അവശരായി, അനാരോഗ്യം നിമിത്തം വലയുന്ന നമ്മുടെ സഹോദരങ്ങൾ ഓരോരുത്തർക്കും, ഇന്നു നാം പകർന്നു കൊടുക്കേണ്ട അവശ്യാവശ്യമായ രണ്ടാമത്തെ സ്നേഹഡോസ്.

### iii സഹജീവികൾക്കും ദിവ്യചൈതന്യം പകർന്നുകൊടുക്കണം.

ദുരിതഭാരവും, പാപഭാരവും നാം സംവഹിക്കുന്നതോടുകൂടി, ജീവജലം - ദിവ്യചൈതന്യം - നമ്മുടെ സഹോദരങ്ങൾക്കു നാം പകർന്നു



കൊടുക്കണം. അവർക്കു ജീവനുണ്ടാകണം; അതു സമൃദ്ധമായി ഉണ്ടാകണം എന്ന ദിവ്യഗുരുവിന്റെ ആഗ്രഹം അങ്ങനെയാണ് യാഥാർത്ഥ്യത്തിലേയ്ക്ക് നയിക്കേണ്ടത്. ദൈവീകജീവന്റെ സ്രോതസ്സുകൾ ദൈവവചനം, ദിവ്യപൂജ, കൂദാശകൾ എന്നിവയാണല്ലോ. ഇവയിൽ നിന്ന് ജലമെടുത്തുകൊടുക്കേണ്ടതു നമ്മളും, അതെ “മിശിഹായുടെ ശുശ്രൂഷകരും, ദൈവികരഹസ്യങ്ങളുടെ കാര്യസ്ഥന്മാരുമായ” നമ്മൾ.

ദൈവവചനം ശ്രവിക്കുന്നതിനും, ദിവ്യപൂജയിൽ സജീവമായി പങ്കെടുക്കുന്നതിനും, കൂദാശകൾ ഒരുക്കത്തോടെ സ്വീകരിക്കുന്നതിനും, കൗദാശീക ജീവിതത്തിൽ അനുദിനം വളരുന്നതിനും ഉത്തേജനം നല്കാനുള്ള നമ്മുടെ കർത്തവ്യം വേണ്ട വിധം നാം നിർവ്വഹിക്കുന്നുണ്ടോ? വിൻസെന്റ് ഡി പോൾ സംഘത്തിന്റെ ഒരു ഉന്നതതലസമ്മേളനത്തിൽ, അതിന്റെ ഭാരവാഹികൾ ഇങ്ങനെ വിലപിക്കുന്നതുകേൾക്കാനിടയായി; “ഞങ്ങൾക്കു ജീവനും ഉത്തേജനവും പകർന്നുതരുവാൻ ആരുമില്ല. നിർജ്ജീവമായി, പറഞ്ഞതുതന്നെ ആവർത്തിച്ചു മുഷിപ്പിക്കുന്ന നാമമാത്ര ഡിറെക്ടർമാരെക്കൊണ്ടു ഞങ്ങൾ കഷ്ടപ്പെട്ടു”വെന്ന്. കന്യാസ്ത്രീകളും പറയാറുണ്ട്: “ജീവൻ പകർന്നുതരുന്ന ഉപദേശങ്ങൾക്കും ധ്യാനങ്ങൾക്കുമായി ഞങ്ങൾ ദാഹിക്കുകയാണ്. പക്ഷെ അവ തരുന്ന വൈദികർ വിരളം.” സാധാരണ ജനങ്ങൾക്കുമുണ്ട് ഇത്തരം ആവലാതി; “ആഴ്ചയിലൊരിക്കൽ, ദൈവവചനം കേൾക്കാനാഗ്രഹിച്ച് ദേവാലയത്തിൽ വന്നാൽ, പലപ്പോഴും കേൾക്കുന്നതു രാഷ്ട്രീയമാണ്. അതും പഴഞ്ചൻ രാഷ്ട്രീയം.” ദാരുണമായ ആരോപണങ്ങൾ!

ദൈവീകചൈതന്യത്തിന്റെ പോരായ്കയാൽ ആരോഗ്യം നശിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് നമ്മിൽ നിന്നും നേരിട്ടു ലഭിയ്ക്കേണ്ട ഈ പരിചരണത്തിന്റെ വിടവു നികത്താൻ മറ്റെന്തിനാണു സാധിക്കുക! ചൈതന്യപൂർണ്ണമായി നമ്മുടെ ഉപദേശം, പ്രസംഗം, സംഭാഷണം, സർവ്വോപരി ചൈതന്യം പകരുന്ന പെരുമാറ്റം, ഇവയാണ്. ഇവർക്കു നാം നല്കേണ്ട സ്നേഹഡോസുകൾ. ഈ ഡോസുകൾ ധാരാളമായി നല്കത്തക്കവിധം നാം ദത്തശ്രദ്ധരായി, സേവനസന്നദ്ധതപ്രകടിപ്പിച്ചാൽ, നമ്മുടെ ചുറ്റും ക്രിസ്തീയ ജീവിതം തഴച്ചു വളരും.

നമ്മുടെ വൈദികരുടെ നേതൃത്വത്തിൽ നടന്നുവരുന്ന ചില “കുടുംബസമ്മേളനങ്ങൾ” പുറപ്പെടുത്തിക്കൊണ്ടുന്ന മനോഹരഫലങ്ങൾ വലിയ ചാരിതാർത്ഥ്യം ഉളവാക്കുന്നവയാണ്. ദൈവത്തിനുസ്തുതി!.

ഉപസംഹാരം

ശാസ്ത്രീയമായും, സാമ്പത്തികമായും അഭിവൃദ്ധിയിൽ നിന്ന് അഭിവൃദ്ധിയിലേയ്ക്കു കുതിച്ചുപായുന്ന ഇന്നത്തെ ലോകത്തിൽ തന്നെ, ആത്മീയമായും ശാരീരികമായും, അനാരോഗ്യത്താൽ വലയുന്ന സഹസ്രലക്ഷണക്കിനു സഹജീവികളെ നമ്മുടെ ചുറ്റും നാം ദർശിക്കുകയാണ്. അനാരോഗ്യത്തിൽ നിന്നും അവരെ പുനരുദ്ധരിക്കുവാൻ സ്നേഹഡോസുകൾക്കേ സാധിക്കുകയുള്ളൂ. അവർക്കതു നമ്മിൽ നിന്നു നേരിട്ടു ലഭിക്കുകയും വേണം. തിരുസഭാമാതാവു തന്നെ അതിനായി നമ്മെ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നു. നാം അതു നല്കുകയില്ലേ?

സഹോദരങ്ങളുടെ ദുഃഖദുരിതങ്ങളിൽ, കരളലിയാതെ നോക്കിനില്ക്കുകയോ, അവയിൽ ശ്രദ്ധപതിക്കാതെ മുഖം തിരിക്കുകയോ ചെയ്യുന്നസന്യാസിയോടു സാധാരണക്കാരൻ പറയും: “വൈദ്യാ, നിന്നെത്തന്നെ സുഖമാക്കുക എന്തോ ഒരു ദീനം നിന്നെ പിടികൂടിയിട്ടുണ്ട്.” സാത്താൻ ആക്രോശിക്കും: “ഈശോയെ ഞാനറിയും, പൗലോസിനെയും ഞാനറിയും; താൻ ആരാണ്?” കാരണം: മിശിഹായുടെ മനഃസ്ഥിതിയുടെ പ്രതികരണമല്ല അവർ അയാളിൽ ദർശിക്കുന്നത്. ശത്രുക്കളായ മനുഷ്യരുടെ അധഃസ്ഥിതിയിൽ മനസ്സലിഞ്ഞ്, സ്വർഗ്ഗം വിട്ടിറങ്ങി, സ്നേഹപാരവശ്യത്താൽ ഒരു ദാസനെപ്പോലെ അവരോടുകൂടി വസിച്ച്, അവരോടുകൂടി കരഞ്ഞ്, അവർക്കു ആശ്വാസം നല്കി, അവർക്കുനേരിട്ടു സേവനം ചെയ്ത്, അവർക്കായി സ്വജീവനെ പൂജിച്ചവനാണ് ക്രിസ്തു. “Misereor” - എനിക്കു മനസ്സലിയുന്നു - അതിന്റെ മാറ്റൊലിയാണ് ഒരു ക്രൈസ്തവന്റെ വാക്കുകളിൽ മുഴങ്ങേണ്ടത്.

സഹോദരന്റെ കാര്യം തന്നെ ഏല്പിച്ചിട്ടില്ലെന്ന ഭാവത്തിൽ, അപായകരമായ സുരക്ഷിതബോധത്തോടെ, സുഖസുഷുപ്തിയിൽ ലയിച്ചിരിക്കുന്ന ശിഷ്യർ ഇനിയുമുണ്ടെങ്കിൽ, അവരുടെ അടുക്കലേയ്ക്ക് ഇതാ ചോരയിൽ കുളിച്ച ദൈവസുതൻ വരുന്നു, ഇടറുന്ന കാലുകളോടും, പതറുന്ന സ്വരത്തോടുംകൂടി അവരെനിദ്രയിൽ നിന്നുണർത്തുവാൻ. അതവഗണിച്ച് അവർ നിദ്ര തുടരുമോ? ദൈവം അതനുവദിക്കാതിരിക്കട്ടെ!

നമുക്കില്ലാത്തതു കൊടുക്കുവാൻ ആരും നമ്മോടാവശ്യപ്പെടുന്നില്ല. ആദ്യശിഷ്യരായ വി. പത്രോസിനെയും യോഹന്നാനെയുംപോലെ നമുക്കും പൊന്നും വെള്ളിയും ഇല്ലായിരിക്കും, അതു നാം നല്കേണ്ട. പക്ഷെ, അവരെപ്പോലെ നമുക്കുള്ളതു നാം കൊടുക്കണം. സഹതാപദ്യോതകമായ ഒരു നോട്ടം, സ്നേഹത്തോടുകൂടിയ ഒരു പുഞ്ചിരി, ഒരു നല്ലവാക്ക്, പാപമോചനം, പരിഹാരപ്രവൃത്തികൾ, മിശിഹായുടെ ദിവ്യ



ശരീരവും രക്തവും, ദൈവവചനം, കൂദാശകൾ, സ്വഛരമായ ജീവിതമാതൃക, ചൈതന്യപൂർണ്ണമായ നേതൃത്വം, അതോടെ ഒരു ദിവസത്തെ പഴം, കറിയുടെ ഒരു ഭാഗം, അഥവാ അവയുടെ വില. ഇത്രയും ചെയ്താൽ അവരുടെ കണ്ണുകൾ നിറയും, ഹൃദയം ഉരുകും, അതു നമ്മുടേതിനോടു ഒട്ടിച്ചേർന്ന് ഒരു കട്ടയാകും. ഓരേഹൃദയവും ഓരേ മനസ്സും. അതാണ് ഭൂമിയിലെ സ്വർഗ്ഗം. അതു സൃഷ്ടിക്കാനുള്ള ഭാഗ്യം കർമ്മെലനാഥയും മാർതോമ്മശ്ലീഹായും നമുക്കും ലഭിച്ചു തരട്ടെ! അവരുടെ തിരുനാൾ മംഗളം ഏവർക്കും ആശംസിക്കുന്നു.

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**

# 11 മിഷനിലേയ്ക്ക്

**ഒക്ടോബർ 1968**

### ഇന്ത്യൻ മിഷൻ

ഇന്ത്യയിൽ നമുക്കു ജോലിചെയ്യുവാനായി തിരുസിംഹാസനത്തിൽനിന്നും തിരിച്ചുതന്നിരിക്കുന്ന സ്ഥലങ്ങളിൽ പ്രേഷിത പ്രവർത്തനത്തിലേർപ്പെടുവാൻ ആഗ്രഹമുള്ളവർ ധാരാളമുണ്ടെന്നു കാണുന്നതു വളരെ ആനന്ദപ്രദമാണ്.

സ്വന്തം ആഗ്രഹം എത്ര ശക്തിമത്തായാലും അതു പരിഗണിക്കാതെ, ശ്രേഷ്ഠന്മാർ എന്തു നിശ്ചയിക്കുന്നുവോ "അതുമുഴുവൻ അതുമാത്രം" എന്ന ആദർശം സ്വീകരിച്ച് "ഒന്നും അപേക്ഷിക്കുകയില്ല, ഒന്നും ഉപേക്ഷിക്കുകയില്ല" എന്നു പ്രതിജ്ഞചെയ്തിരിക്കുന്നവരെ വിസ്മരിച്ചുകളഞ്ഞോ? ഇല്ല "ആഗ്രഹമുള്ളവർ" എന്നും പറഞ്ഞപ്പോൾ, ഈ ഉന്നതാശയമുള്ളവരെ തീർച്ചയായും അതിൽ ഉൾക്കൊള്ളിച്ചിരുന്നു. അക്ഷരാർത്ഥം നോക്കിയാൽ സംശയമുളവാകുന്ന ഈ വാക്ക് ഒരുക്കമുള്ളവരെയും, ഉൾപ്പെടുത്തുന്ന വ്യാപകാർത്ഥത്തിൽ എടുത്ത് അതനുസരിച്ചു മറുപടി നല്കണമെന്നു താല്പര്യപ്പെടുന്നു. ഈ കാര്യം അനുസ്മരിപ്പിച്ചവർക്കു പ്രത്യേകം നന്ദി പറയുന്നു.

സാഗർമിഷനിലേയ്ക്കു ഇതിനകം നാലുപേരെ നിശ്ചയിച്ചുകഴിഞ്ഞു. പേരുകൾ അന്യത്ര. നാലുമാസത്തിനകം കുറേപേരെയും കൂടി എടുക്കേണ്ടതായിവരും.

### ഇറാൻ മിഷൻ

ഇറാനിൽ ജോലിചെയ്തിരുന്ന ന.ബ. മാർസെലച്ചനും, വിർജിലച്ചനും, അവരുടെ ജോലി ഭംഗിയായി നിർവ്വഹിച്ചതിനു ശേഷം ഇപ്പോൾ തിരിച്ചെത്തിയിട്ടുണ്ട്. ബ. മാർസെലച്ചന്റെ സേവനം സ്വീകരിച്ചിരുന്ന "റെസായ്യാ"യിലെ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കൃതജ്ഞതപ്രകടിപ്പിച്ച് എഴുതിയിട്ടുള്ള എഴുത്തിൽ, സാധിക്കുന്നവേഗം, ആരോഗ്യദൃഢഗാത്രനായ ഒരു യുവവൈദികനെ അയച്ചു കൊടുക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുകയാണ്. അദ്ദേഹം തന്നെ മുന്നൊരെഴുത്തിൽ വേറൊരാഗ്രഹം പ്രകടിപ്പിച്ചിരുന്നു; അതായത്, നമ്മുടെ സഹോദരങ്ങൾ രണ്ടോ മൂന്നോ



പേർ അദ്ദേഹത്തിന്റെ അടുത്ത് നമ്മുടേതായ ഒരു ഭവനത്തിൽ താമസിച്ച്, ആദ്ധ്യാത്മികജീവിതവും തിരുക്കർമ്മജീവിതവും അതിന്റെ തീക്ഷ്ണതയുള്ള രൂപത്തിൽ നയിച്ച് അവിടുത്തെ ജനങ്ങൾക്കു കാണിച്ചു കൊടുക്കുക. തിരിച്ചെത്തിയിരിക്കുന്ന ബ. മാർസെലച്ചന്റെ അഭിപ്രായത്തിൽ റെസായ്യാ അതിരൂപതയിലെ ഇന്നത്തെ ഏറ്റവും വലിയ ആവശ്യം അതാണ്. ആദ്ധ്യാത്മികജീവിതത്തിന്റെയും തിരുക്കർമ്മജീവിതത്തിന്റെയും ആകർഷണീയതയാണല്ലോ പിഞ്ചുഹൃദയങ്ങളിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന ദൈവവിളിയെ തട്ടിയുണർത്തുക. പക്ഷെ കഴിവുകൾ ധാരാളമുണ്ടെങ്കിലും ആദ്ധ്യാത്മികത്വത്തിൽ കേവലം ശുഷ്കിച്ചുകിടക്കുന്ന അവിടുത്തെ അന്തരീക്ഷത്തിൽ നിന്ന് പല വർഷങ്ങളായി ഒരു വൈദികനെയെങ്കിലും ലഭിക്കുവാൻ സാധിച്ചിട്ടില്ല. മെത്രാപ്പോലീത്തായ്ക്കു പുറമെ, ആകെ അഞ്ചു വൈദികരാണ് ആ അതിരൂപതയിലുള്ളതെന്നു കേട്ടാൽ അതിന്റെ ദയനീയാവസ്ഥ ഏകദേശം ഊഹിക്കാമല്ലോ. ഉള്ള വൈദികർ തന്നെ ചൈതന്യപൂർണ്ണരായിരുന്നാൽ മതിയായിരുന്നു. പക്ഷെ.... ഇങ്ങനെ വളരെ വ്യഥയിൽ കഴിഞ്ഞുകൂടുന്ന ഒരു ഹൃദയത്തിൽ നിന്നും വരുന്ന അഭ്യർത്ഥനയാണതെന്നു ബ. മാർസെലച്ചനിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു.

ഈ കാര്യത്തിൽ നാം എന്തുചെയ്യണം, അതിനായി ഇറങ്ങിപ്പുറപ്പെടുവാൻ ആരുണ്ട്, എന്നൊക്കെ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ആശയങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നു.

വി.കൊച്ചു ത്രേസ്യായുടെ തിരുനാൾ മംഗളം ഏവർക്കും ആശംസിച്ചുകൊണ്ട്,

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**

# 12 അഖിലേന്ത്യാ സെമിനാർ

**ജനുവരി 1969**

**ഉത്ഭവം:**

1967 –ൽ മദ്രാസിൽ വച്ചു നടന്ന C.R.I പൊതുസമ്മേളത്തിൽ നിന്നും പൊട്ടിമുളച്ച ആശയമാണ് ഇന്ന് അഖിലേന്ത്യാസെമിനാറായി വികസിച്ചിരിക്കുന്നത്. ഇന്ത്യയിലെ സന്യാസമേൽശ്രേഷ്ഠന്മാരുടെ കോൺഫറൻസാണല്ലോ C.R.I (Conference of the Religious of India) എന്നറിയപ്പെടുന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസ് വിഭാവനം ചെയ്ത തിരുസഭാനവീകരണവും അധുനാതനീകരണവും ഇന്ത്യൻ സഭയിൽ പ്രായോഗികമാക്കുന്നതിന് അതിപ്രധാനമായ ആദ്യപടി ഇന്ത്യയുടെ ഇപ്പോഴത്തെ നാനാമുഖമായ സ്ഥിതിവിവരവും, അതിന്റെ പശ്ചാത്തലത്തിൽ നവീകരണത്തിനും അധുനാതനീകരണത്തിനും പറ്റിയ മാർഗ്ഗങ്ങളുടെ മുൻഗണനയനുസരിച്ചുള്ള ശാസ്ത്രീയമായ വിലയിരുത്തലും ഉൾക്കൊള്ളള്ളുന്ന ഒരു ചിത്രം തയ്യാറാക്കുകയാണെന്ന് പ്രസ്തുത കോൺഫറൻസിനു ബോദ്ധ്യമായി, അതു തയ്യാറാക്കുന്ന ജോലി അതിനു പറ്റിയ വിദ്ഗ്ദ്ധന്മാരടങ്ങിയ സാമാന്യം വലിയ ഒരു സമിതിയെ ഏല്പിക്കണമെന്നു നിശ്ചയിച്ചു. അതിന്റെ മുന്നോടിയായി അന്നുതന്നെ വിദ്ഗ്ദ്ധന്മാരടങ്ങിയ ഒരു ചെറിയ 'സ്റ്റീയറിംഗ് കമ്മിറ്റി'യും രൂപീകരിച്ചു. ഈ കമ്മിറ്റിയിലെ ഒരംഗമായിരുന്നു, പെ.ബ. ജോനാസച്ചൻ.

C.R.I യുടെ ആശയം C.B.C.I. (ഇന്ത്യൻ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫറൻസ്) യുടെ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സ്വീകാര്യമായി തോന്നി. പ്രസ്തുത കമ്മിററി അതിനെ ആത്മാർത്ഥമായി പിൻതാങ്ങുക മാത്രമല്ല സ്വന്തമായി സ്വീകരിക്കുകയും ചെയ്തു. തുടർന്നുള്ള ആലോചനകളുടെ ഫലമാണ് വിപുലമായ അഖിലേന്ത്യാ സെമിനാർ.

**സഹകരണം:**

മുൻപറഞ്ഞ തരത്തിൽ ഇന്ത്യയുടെ ഒരു പടം തയ്യാറാക്കണമെങ്കിൽ അഗ്രിമ സ്ഥാനത്തിരിക്കുന്ന ചുരുക്കം ചില വ്യക്തികൾ മാത്രം അതിനായി പ്രയത്നിച്ചാൽ പോരാ; അവരുടെ മദ്ധ്യസ്ഥാനത്തുള്ളവരും, താഴ്ന്നപടിയിലുള്ളവരും – വൈദികരും അവൈദികരും സന്യാസിക



ളും, പുരുഷന്മാരും സ്ത്രീകളും, വയോധികരും യുവാക്കളും കുട്ടികളും, പരിഗണിക്കപ്പെടുന്നവരും അവഗണിക്കപ്പെട്ടിരിക്കുന്നവരും, വിദ്യസമ്പന്നരും വിദ്യാവിഹീനരും, ധനികരും ദരിദ്രരും – ഇങ്ങനെ ഭാരതസഭയിലെ 650000 വ്യക്തികളും കൂടിയുള്ള സ്വയപരിശോധന, ആശയങ്ങളുടേയും അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും സംഭരണം, അവയുടെ ഏകോപനം എന്നിവ ഉൾക്കൊള്ളുന്നതായിരിക്കണം ഈ സംരംഭം. എന്നാൽ മാത്രമേ അത് വസ്തുനിഷ്ഠമാകയുള്ളു. ഈ അവബോധത്തിന്റെ അടിസ്ഥാനത്തിലാണ് അഖിലേന്ത്യ സെമിനാർ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. അതിനാൽ വ്യക്തികൾ തനിച്ചും, പലർ ഒരുമിച്ചും ഉള്ള പഠനവും ചർച്ചയും ഡയലോഗും നടത്തിവേണം ഈ സംരംഭം ലക്ഷ്യത്തിലെത്തുവാൻ. അതിനായി സഖ്യങ്ങൾ സമിതികൾ, സംഘങ്ങൾ ഇവയുടെ പ്രതിനിധികളടങ്ങിയ ഇടവക സെമിനാറുകൾ ഇടവകകളുടെ പ്രതിനിധികളടങ്ങിയ രൂപതാ സെമിനാറുകൾ, രൂപതകളുടെ പ്രതിനിധികളടങ്ങിയ റീജിയണൽ സെമിനാറുകൾ എന്നിവ വിഭാവനം ചെയ്തിരിക്കയാണ്. ഇന്ത്യ മുഴുവൻ 14 റീജിയണായി വിഭജിച്ചിരിക്കുന്നു. അവയിലൊന്നാണ് കേരളാ റീജിയൻ. കേരളത്തിലെ ഇടവക സെമിനാറുകളും രൂപതാ സെമിനാറുകളും കഴിഞ്ഞു. കേരളാറീജിയണൽ സെമിനാർ ഡിസംബർ 26 മുതൽ 31 വരെയാണ്. സന്യാസികൾ മുൻപറഞ്ഞ ഘടകങ്ങളിൽ സഹകരിക്കുന്നതിനും പുറമേ ഓരോരുത്തരും വ്യക്തിപരമായും ഭവനതലത്തിലും ചർച്ചകൾ നടത്തി അവരുടേതായ ആശയങ്ങളും നിർദ്ദേശങ്ങളും കേരള സന്യാസ റീജിയണൽ യൂണിറ്റുവഴി ഈ അഖിലകേരള റീജിയണൽ സെമിനാറിലേയ്ക്കു അയയ്ക്കണമെന്ന അഭ്യർത്ഥന ഓരോ സന്യാസസഭവനത്തിന്റേയും ശ്രേഷ്ഠനു C.R.I. കേരളയൂണിറ്റിന്റെ പേർക്ക് അതിന്റെ പെ.ബ. സെക്രട്ടറി അയച്ചിരുന്നു. അതിനു നമ്മുടെ ഭവനങ്ങളിൽ നിന്നും ലഭിച്ച സഹകരണം ഒട്ടും അഭിമാനാർഹമല്ലെന്നു പ്രസ്താവിക്കാൻ നിർബന്ധപ്പെടുകയാണ്. കേരള യൂണിറ്റിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് നമ്മുടെ സഭയുടെ പൊതു ശ്രേഷ്ഠനാണ്, അതുകൊണ്ട് സ്ഥിതിവിവരം കൃത്യമായി എനിക്കറിയാം. കേരളത്തിലെ സന്യാസികളെ പ്രതിനിധീകരിക്കാനുള്ള 'പാനൽ' ഡിസംബർ 22-ാം തിയ്യതി ഇവിടെ നമ്മുടെ പൊതു ശ്രേഷ്ഠഭവനത്തിൽ സമ്മേളിച്ചിരുന്നു. ഈ സംരംഭത്തിൽ കാര്യമായി സഹകരിക്കാനുള്ള കടമയും സാദ്ധ്യതയും നമ്മുടെ സഭയ്ക്കുണ്ടെന്ന് എടുത്തു പറഞ്ഞിട്ട് ആവശ്യമില്ലല്ലോ. സെമിനാറിൽ പ്രാതിനിദ്ധ്യനിലയിലും പ്രത്യേക ക്ഷണം വഴിയും സേവനാർത്ഥവും നമ്മുടെ സഭാംഗങ്ങളിൽ പലരും സംബന്ധിക്കുന്നുണ്ട്. അവർ അവരുടെ കൃത്യം സമർത്ഥമായി

നിർവ്വഹിക്കുവാൻ നല്ല ദൈവം ഇടവരുത്തട്ടെ.

ഇനിയും നമ്മുടെ കടമ തീർന്നിട്ടില്ല. റീജിയണുകളിൽ നിന്നുള്ള പ്രതിനിധികളുടെ അഖിലേന്ത്യാ സെമിനാർ നടക്കാനിരിക്കുന്നത് അടുത്ത മെയ് മാസത്തിൽ ബാംഗ്ളൂർ വച്ചാണ്. അതിന്റെ നടത്തിപ്പുസംബന്ധിച്ച് ഇതിനകം ആവശ്യപ്പെട്ട സഹായം ധർമ്മാരാമിൽ നിന്നും ധാരാളഹൃദയത്തോടെ നൽകുകയും നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നതിൽ എക്സിക്യൂട്ടീവിൽ നിന്നു തന്നെ സന്തോഷവും കൃതജ്ഞതയും പ്രകടിപ്പിക്കുകയുണ്ടായി. സഭയുടെ ഓരോ അംഗത്തിൽ നിന്നും, ഭവനത്തിൽ നിന്നും പൊതുവേ നൽകേണ്ട ആശയനിർദ്ദേശസംഭാവന ഇനിയും തൃപ്തികരമായവിധം നടന്നിട്ടില്ല. അതിൽ ഒട്ടും പോരായ്കവരുത്താതിരിക്കാൻ വേണ്ട ഓരോ വ്യക്തിക്കും അഖിലേന്ത്യാ സെമിനാറിന്റെ ഉദ്ദേശ്യവും അതിനായി നൽകേണ്ട സംഭാവനയുടെ സ്വഭാവവും ഭംഗിയായി കാണിക്കുന്ന ലഘുലേഖയുടെ കോപ്പി അയച്ചിരുന്നു. കൂടാതെ, നമ്മുടെ സഭയിൽ നിന്നും ഭാരതസഭയുടെ സമൂലവളർച്ചയ്ക്കു നൽകാവുന്ന സഹകരണം, സംഭാവന എന്നിവ സംബന്ധിച്ച് സമഗ്രപഠനം നടത്തുന്നതിനായി ഒരു പ്രത്യേകകമ്മറ്റിയേയും നിശ്ചയിച്ചിട്ടുണ്ട്. ഈ ആഹ്വാനത്തിനു ലഭിച്ച പ്രതികരണം ഇനിയും പരിഗണനീയമെന്നു പറയാറായിട്ടില്ല. അതിനാൽ ഇനി ശേഷിച്ചിരിക്കുന്ന സമയംകൊണ്ട് നമ്മുടെ സഭാംഗങ്ങൾ ഓരോരുത്തരും എല്ലാവരും ഈ കാര്യത്തിലേയ്ക്കു ശ്രദ്ധതിരിക്കണമെന്നും അഭ്യാർത്ഥിക്കുന്നു.

**ഓരോരുത്തരും എന്തു ചെയ്യണം!**

സെമിനാറിന്റെ ഉദ്ദേശ്യം, അതിൽ തനിക്കുള്ള പങ്ക് എന്നിവയെ സംബന്ധിച്ചു ചിന്തിക്കണം, ബോധവാനാകണം. പതിനാല് വർക്കുഷോപ്പുകൾ (സംഗതികളുടെ നാനാവശവും പഠിച്ചു വിശകലനം ചെയ്തു പ്രായോഗിക നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പൊതുസമ്മേളനത്തിൽ സമർപ്പിക്കാൻ നിയുക്തമായിരിക്കുന്ന പഠനക്കളരികൾ) ആണുള്ളത്. ഇന്ത്യൻ സഭയുടെ വളർച്ചക്ക് ആവശ്യമായ 1. ആദ്ധ്യാത്മികത്വം 2. ആരാധനക്രമം, ആത്മപാലനം 3. സുവിശേഷപ്രസംഗം 4. മറ്റു മതങ്ങളുമായുള്ള ഡയലോഗ് 5. ഇന്ത്യൻ സംസ്കാരത്തിന്റെ ആരോഗ്യകരമായ assimilation 6. വിദ്യാപ്രവർത്തനം 7. സാമൂഹിക സാമ്പത്തികപ്രവർത്തനം 8. ഭരണകാര്യവും രാഷ്ട്രീയവും 9. സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങൾ 10. നേതൃത്വപരിശീലനം 11. കുടുംബസംവിധാനം 12. തൊഴിലാളിപ്രശ്നപരിഹാരം 13. എക്കുമേനിസം 14. ആളും അർത്ഥവും സംബന്ധിച്ചുള്ള പ്ലാനിംഗ്. ഇവയിൽ ഓരോ വ്യക്തിക്കും കൂടുതൽ താല്പര്യം



തോന്നുന്ന ഒന്നോ പലതോ തിരഞ്ഞെടുത്ത് പ്രത്യേകം പഠിക്കുക; മറ്റുള്ളവരുമായി ചർച്ചചെയ്യുക. അഭിപ്രായങ്ങൾ നേരിട്ടോ, ആശ്രമതലത്തിലോ അയച്ചുതരിക. ഓരോ ആശ്രമത്തിലും ആശ്രമാംഗങ്ങൾ ഒരുമിച്ച് മുൻപറഞ്ഞവിധം സംഘാതമായ പഠനം നടത്തി അഭിപ്രായം അയച്ചുതരിക. ഇങ്ങനെ നാം ഓരോരുത്തരും ആത്മാർത്ഥമായി ഈ അഖിലേന്ത്യാസെമിനാറിൽ പങ്കെടുത്തു കൊണ്ട് ഇന്ത്യൻ സഭയെ പണിതുയർത്തുന്നതിനുള്ള നമ്മുടെ കൊച്ചു കാശ് സംഭാവനചെയ്യുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നും, അതിൽ ആരും വൈമുഖ്യം പ്രകടിപ്പിക്കരുതെന്നും ഓരോരുത്തരോടും അഭ്യർത്ഥിക്കുന്നു. പരിശുദ്ധാരൂപി അവിടുത്തെ വരങ്ങൾ നൽകുന്നതിൽ മനുഷ്യമുഖം നോക്കാറില്ല. അതിനാൽ നമ്മുടെ സഭാംഗങ്ങൾ ഓരോരുത്തർവഴിയും ഇന്ത്യൻ സഭയ്ക്കു നൽകാൻ അവിടുന്ന് ഉദ്ദേശിക്കുന്ന സംഭാവനകൾ പൂർണ്ണമായും അതിനു ലഭിക്കുവാൻ ഇടയാകട്ടെ.

എല്ലാവർക്കും നമ്മുടെ കർത്താവിന്റെ പിറവിയുടെ മംഗളങ്ങളും നവവത്സരത്തിന്റെ ഭാവുകങ്ങളും ആശംസിക്കുന്നു.

പ്രാർത്ഥനയുടെ ഐക്യത്തിൽ

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**

# 13 പ്രശ്നാവലിയും പരസ്നേഹവും

**ഏപ്രിൽ 1968**

## കൃതജ്ഞതയുടെ കാലം

അത്യുന്നതന്റെ അനന്തകാരുണ്യത്തിനു കൃതജ്ഞതാഗാനങ്ങൾ തിരുസ്സഭയിൽ മാറ്റൊലിക്കൊള്ളുന്ന ഉയിർപ്പുകാലത്തെ മംഗളങ്ങൾ ഏവർക്കും ഹൃദയപൂർവ്വം നേർന്നുകൊള്ളുന്നു. ഈ കഴിഞ്ഞ മൂന്നു മാസങ്ങളിൽ പിതാവായ ദൈവം നമുക്കു നല്കിയ നാലു വലിയ ദാനങ്ങൾ നമ്മുടെ നന്ദി പ്രകടനങ്ങളിൽ നാം അനുസ്മരിക്കണം.

### 1. പുതിയ മിഷൻ

ജനുവരി 6-ാം തിയ്യതിയാണല്ലോ നമ്മുടെ പുതിയ മിഷൻ- സാഗാർ എക്സാർക്കേറ്റ് - പ്രോനൂൺഷിയോതിരുമേനി ഔദ്യോഗികമായി ഉൽഘാടനം ചെയ്തത്. തിരുമേനി ഉൽഘാടനം ചെയ്ത മൂന്നു പുതിയ മിഷനുകളിൽ ഒന്നാണത്. നവംബറിൽ അനൗദ്യോഗികമായി നമ്മുടെ മിഷനറിമാർ, അതിവന്ദ്യ എക്സാർക്കച്ചനോടുകൂടി സാഗാറിലെത്തി. ഭോപ്പാൽ മെത്രാപ്പോലീത്താ, എവുജീൻഡിസൂസാ തിരുമനസ്സുകൊണ്ട്, അവരെ പ്രവർത്തനരംഗങ്ങളുമായി പരിചയപ്പെടുത്തി, അതിനുശേഷം, ഔദ്യോഗിക ഉത്ഘാടനത്തിനു മുമ്പുള്ള രണ്ടു മാസത്തിനകം, സുൽത്താൻപൂരിൽ ഒരു ചെറിയ പള്ളിപണുതു. മിഷൻ ഉൽഘാടനത്തിനെത്തിയ പ്രോനൂൺഷിയോ തിരുമേനിയെ ആനന്ദംകൊണ്ടു പുളകംകൊള്ളിച്ച അനുഭവങ്ങളായിരുന്നു ആ പുതിയ പള്ളിയുടെ ആശീർവ്വാദകർമ്മവും, അവിടെകൂടിയേറിപ്പാർക്കുന്ന നാനാമതസ്ഥരായ ഒരു നൂറിലധികം കേരളീയരുടെ ആഹ്ലാദപ്രകടനങ്ങളും.

ഉൽഘാടനാവസരത്തിൽതന്നെ, അതിവന്ദ്യ എക്സാർക്കച്ചനോടുകൂടി 13 സി.എം.ഐ മിഷനറിമാർ സാഗാറിനായി നിയോഗിക്കപ്പെട്ടു കഴിഞ്ഞു വെന്ന വാർത്ത പ്രോനൂൺഷിയോ തിരുമേനിയെയും, അതിലുപരി, സദാ നമ്മുടെ അഭ്യുദയകാംക്ഷിയായിരുന്നിട്ടുള്ള ഭോപ്പാൽ മെത്രാപ്പോലീത്തായെയും, അത്ഭുതസ്തബ്ധരാക്കിയെന്നത് ഒരു വസ്തുതയാണ്. "ഇനി അങ്ങയുടെ ദാസനെ സമാധാനത്തിൽ വിട്ടയക്കുക" എന്ന പ്രതീതിയോടെയാണ് ഉൽഘാടന ചടങ്ങുകളുടെ അവസാനത്തിൽ, എവുജീൻതിരുമേനി, വികാരഭരിതനായി സംസാരിച്ചത്.



നമ്മുടെ ആദ്യ മിഷനറിമാർക്കു റയ്ഗാർ അംബികാപ്പൂരിൽ വച്ച് രൂപം കൊടുത്ത വയോധികനായ സെവരാൻ തിരുമേനിയും ഈരംഗം സംവീക്ഷിച്ച്, നമ്മുടെ അഹ്ലാദത്തിൽ പങ്കെടുത്ത്, നമ്മുടെ പുതിയ കാൽവയ്പിൽ അനുഗ്രഹാശിസ്സുകൾ പൊഴിയുന്നതിനായി സാഗാറിലെത്തിയിരുന്നു.

റയ്ഗാറിൽ നിന്നും ചാന്ദായിൽ നിന്നും വന്നുചേർന്ന ന. പരിചയസമ്പന്നരായ മിഷനറിമാരും, ചാന്ദായിലെ അതിവന്ദ്യ എക്സാർക്കുമോൺ. ജനുവാരീയൂസും സാഗാറിലെ നവമിഷനറിമാരുമായി ഒന്നിച്ചു സമ്മേളിച്ച ആ നിമിഷങ്ങൾ ആനന്ദാശ്രുക്കൾ പൊഴിക്കാതെ അനുസ്മരിക്കാൻ സാദ്ധ്യമല്ല.

### 2. റയ്ഗാർ സ്വയം പര്യാപ്തതയിലേയ്ക്ക്:

റയ്ഗാർ - അംബികാപ്പൂർ മിഷനിൽ 13 വർഷം നാം സേവനമനുഷ്ഠിച്ചു. 1955-ൽ റയ്ഗാർ - അംബികപ്പൂർ മെത്രാനായിരുന്ന സെവരാൻ തിരുമേനിയുടെ ആഹ്വാനമനുസരിച്ച്, ആമിഷനെ സഹായിക്കുവാനായി, നാം മൂന്നുമിഷനറിമാരെ അങ്ങോട്ട് അയച്ചു. അതിനുശേഷം കൂടുതൽ പേർ പൊയ്ക്കൊണ്ടിരുന്നു. ഈ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഇപ്പോഴത്തെ മെത്രാനായ സ്റ്റനിസ്ലാവൂസ്റ്റീഗാ തിരുമേനിയുടെ പ്രത്യേക ആഹ്വാനമനുസരിച്ച്, ആകെ 9 പേർ മിഷൻരംഗത്തു സജീവ പ്രവർത്തനത്തിലേർപ്പെട്ടിരുന്നു.

ഇപ്പോൾ റയ്ഗാർ - അംബികപ്പൂർ രൂപതവികസിച്ചു. തദ്ദേശവാസികളിൽ നിന്നുതന്നെ, ആണ്ടുതോറും വൈദികകരെയും, സന്യാസിനീ സന്യാസികളെയും ലഭിച്ചു തുടങ്ങിയതോടെ, അത് സ്വയം പര്യാപ്തതയിലേയ്ക്കു ത്വരിതഗമനം ചെയ്യുകയാണ്.

നമുക്ക് തിരുസിംഹാസനം നേരിട്ട്, ഒന്നിനു പുറകെ ഒന്നായി മിഷനുകൾ നല്കാൻ നിശ്ചയമെടുത്തിരിക്കുന്ന അവസരവും ഈ പശ്ചാത്തലത്തിൽ, നമ്മുടെ മിഷനറിമാരെ, നമ്മുടെ നേരിട്ടുള്ള പ്രേഷിതരംഗങ്ങളിലേയ്ക്കു വിട്ടുതരുന്നതിനും, തനിച്ചു മിഷൻ ഏറ്റെടുക്കാൻ തക്ക ശക്തിപ്രാപിച്ചിട്ടില്ലാത്ത ഏതെങ്കിലുമൊരു ചെറിയ സഭയിൽ നിന്നും കുറെപേരെ, ആ വിടവുനികത്തുന്നതിനായി, റയ്ഗാറിലേയ്ക്കു വിളിക്കുന്നതിനും, ബന്ധപ്പെട്ടവർ കൂടി ഒരു നിശ്ചയമെടുത്തു,. ഈ കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ.

തിരുസ്സഭയുടെ വളർച്ചയെ ഉദ്ദേശിച്ച്, നമ്മുടെ മിഷനറിമാരെ വിട്ടുതരുന്നതിനു നിശ്ചയമെടുത്ത കഴിഞ്ഞപ്പോൾ, Tigga തിരുമേനി ഇങ്ങോട്ട് അയച്ചു തന്നിരിക്കുന്ന എഴുത്ത് അനുബന്ധചേർത്തിട്ടുണ്ട്. ന. മിഷനറിമാരെപ്പറ്റിയുള്ള മതിപ്പും ബഹുമാനവും, അദ്ദേഹം മാത്രമല്ല അദ്ദേഹത്തിന്റെ മുൻഗാമിയായ സെവരാൻ തിരുമേനിയും, ഇന്ത്യയിലെ ശ്ലൈഹിക പ്രതിനിധിയെ ധരിപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച്, പ്രോനുൺഷിയോ തിരുമേനി, എന്നോടുസംസാരിച്ച അവസരത്തിൽ അതീവ സംതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി. നമ്മുടെ റയ്ഗാർ മിഷനറിമാർക്ക്, സാഭിമാനം, സഭയുടെപേരിൽ അനുമോദനവും നന്ദിയും അർപ്പിക്കുന്നതോടൊപ്പം, ഈ ദൗത്യനിർവ്വാഹണത്തിൽ അത്യുന്നതൻ നമ്മുടെമേൽ അനർഗ്ഗളമായി വർഷിച്ച അനുഗ്രഹങ്ങൾക്കു പ്രത്യേകവിധം നന്ദിപറയുന്നതിനായി ഈ കാലഘട്ടം ഉപയോഗിക്കണമെന്ന് ഓരോരുത്തരോടും അഭ്യർത്ഥിക്കുന്നു. റ്റിഗാതിരുമേനിയ്ക്ക് ഇവിടെ നിന്നും അയച്ചമറുപടിയുടെ പ്രസക്തഭാഗങ്ങളും അനുബന്ധചേർത്തിട്ടുണ്ട്.

**3. ബ. മാവുരൂസച്ചൻ ധർമ്മാരാമിലേയ്ക്ക്:**

ഫെബ്രുവരി മാസത്തിലാണല്ലോ ബ.മാവുരൂസച്ചൻ 13 കൊല്ലത്തെ പ്രിയോർ ജനറാൾ ഉദ്യോഗത്തിനുശേഷം, മൂന്നു കൊല്ലം പ്രൊവിൻഷ്യാൾ ജോലിയും നിർവ്വഹിച്ച്, നിയമാനുസൃതം സ്ഥാനമൊഴിഞ്ഞത്. സഭയുടെ ഉന്നതസ്ഥാനങ്ങളിൽ ഇരുന്നു കൊണ്ട്, ഇത്രയും കാലം, അത്യദ്ധ്വാനം ചെയ്ത്, ആദ്യന്തം സുസ്മേരവദനനായി, നിസ്തുലസേവനം ചെയ്ത ഒരു പിതാവിനെ, ആയുരാരോഗ്യവാനായി, ന. പൊതുപഠനഗൃഹത്തിലെ പ്രശാന്തമായ അന്തരീക്ഷത്തിൽ, വിശ്രമിച്ച്, അതിവിസ്തൃതമായ പരിചയസമ്പത്തുകൊണ്ട് വളരുന്ന തലമുറയെ പ്രബുദ്ധരാക്കുവാൻ സാധിക്കത്തക്കനിലയിൽ, സംരക്ഷിച്ചുനല്കിയതിന്, ദൈവപരിപാലനയെ കൃതജ്ഞതാപൂർവ്വം സ്മരിക്കുക സ്വാഭാവികം മാത്രമാണ്. ഈ പൊതുകൃതജ്ഞതാകാലഘട്ടത്തിൽ, ന. കൃതജ്ഞതാഗാനങ്ങൾ ഈ സ്മരണയായാലും ഉത്തേജിതങ്ങളാകട്ടെ!

**4. സെന്റ് തോമസ് വൈസ് – പ്രോവിൻസ്:**

മലബാറിൽ ഉദയം ചെയ്തിരിക്കുന്ന മാർത്തോമ്മാ ഉപപ്രവിശ്യാ സജീവമായ പ്രവർത്തനമാരംഭിച്ചത് മാർച്ച് മാസത്തിലാണല്ലോ. സഭയുടെ വികസനത്തിന്റെ പുതിയ ഒരു അദ്ധ്യായം ഇതോടെ നാം ആരംഭിക്കുകയാണ്. നമ്മുടേതായ പ്രത്യേക പ്രവർത്തനങ്ങൾ എല്ലാം തന്നെ



സജീവമായി നടത്തുവാൻ സാധിക്കുന്ന സാഹചര്യങ്ങൾ ഒത്തിണങ്ങിയ ഈ ഉപപ്രവിശ്യായ്ക്ക് ഇപ്പോൾ തന്നെ രണ്ടു പൂർണ്ണ ആശ്രമങ്ങളും, മൂന്നു ഉപഭവനങ്ങളും, ആറു സേവനകേന്ദ്രങ്ങളും ഉണ്ട്. 34 വൈദികരും, 3 സഹോദരന്മാരും, 15 വിദ്യാർത്ഥികളും ഉൾപ്പെടെ 52 അംഗങ്ങളും ഇപ്പോൾ തന്നെ പുതിയ ഉപപ്രവിശ്യായ്ക്കുണ്ട്. ഈ വലിയ ദാനത്തിനും, ഈ അവസരത്തിൽ നാം എല്ലാവരുടെയും അധരങ്ങൾ വഴിയായി കൃതജ്ഞതാസ്തോത്രങ്ങൾ ദൈവസന്നിധിയിലേയ്ക്കുയരട്ടെ! ഉയിർപ്പുകാലമംഗളങ്ങൾ ഒന്നുകൂടി ആശംസിച്ചുകൊണ്ട്;

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**

# 14 നീതിമാനോ കുറ്റവാളിയോ?

**ജൂലൈ 1969**

സ്വന്തം നീതിയെ സ്ഥാപിക്കുവാൻ, സ്ഥാനത്തും അസ്ഥാനത്തും വെമ്പൽ കൊണ്ടിരുന്നയഹൂദരെ വാക്കുമുട്ടിക്കുവാൻ അസാമാന്യമായ വചാലതയുണ്ടായിരുന്നു വി. പൗലോസിന്. "അന്യരെ പഠിപ്പിക്കുന്ന നീ സ്വയം പഠിക്കുന്നില്ല; മോഷ്ടിക്കരുതെന്നു പ്രസംഗിക്കുന്ന നീ തന്നെ വ്യഭിചരിക്കുന്നു" (റോമ. 2:21-22). ഇങ്ങനെ പോകുന്നു വി.ശ്ലീഹായുടെ വാദം. സ്വയം നീതീകരിക്കുന്ന ഫ്രീശൻ ദൈവപ്രസാദത്തിനു വിലങ്ങു തടിവയ്ക്കുന്നതും, സ്വയം താഴ്ത്തുന്ന ചുങ്കക്കാരൻ അതിനെ തന്നിലേയ്ക്കു വിളിച്ചിറക്കുന്നതും സജീവമായി ചിത്രീകരിച്ച ദിവ്യഗുരുവിന്റെ പ്രതിധ്വനിമാത്രമായിരുന്നു വി. പൗലോസിന്റെ പ്രസംഗം.

ലോകത്തിന്റെ മുമ്പിൽ സ്വയം നീതീകരിക്കുന്ന യഹൂദൻ ദൈവത്തിന്റെ മുമ്പിൽ കുറ്റവാളിയായിത്തന്നെ തുടരുന്നതിന്റെ രഹസ്യം എന്തായിരിക്കാം? വി.ഗ്രന്ഥം തന്നെ ചിത്രീകരിക്കുന്ന പറുദീസായിലെ ഒഴിഞ്ഞുമാറ്റവും, ജെറുസലത്തെ കയ്യേറ്റവും, ജോർദനാനിലെ കൈമാറ്റവും ഈ ചോദ്യത്തിനുള്ള മറുപടി വിശദമാക്കുന്നുണ്ട്.

**പറുദീസായിലെ ഒഴിഞ്ഞുമാറ്റം**: പാപം ചെയ്ത ആദത്തെ മാടിവിളിക്കാൻ പുറപ്പെട്ടു ദയാനിധിയായ സ്രഷ്ടവ്. അതിനായി അവിടുന്ന്, വസ്തുനിഷ്ഠമായി അയാളെ ഒന്നുകുറ്റപ്പെടുത്തി. ആദമാകട്ടെ, സ്വയം നീതികരിച്ചുകൊണ്ട്, ആകുറ്റം സ്ത്രീയിൽ ആരോപിച്ചു. സ്ത്രീ ആദത്തെ അനുകരിച്ച്, അതു സർപ്പത്തിലേയ്ക്കു തിരിച്ചു വിട്ടു. ആദ്യത്തെ കുറ്റപ്പാടും അതിന്റെ പ്രതികരണവും!

**ജെറുസലത്തെ കയ്യേറ്റം**: പുത്രനായ ദൈവം, പാപികളെ തേടി പലസ്തീനായിൽ അവതീർണ്ണനായി. സ്വയം നീതീകരിക്കുന്നതിൽ സാമാന്യത്തിലധികം നൈപുണ്യം നേടിയിരുന്ന ഫ്രീശരും, നിയമജ്ഞരും എവിടെയും അവിടത്തെ പ്രതിയോഗികളായിത്തീർന്നു. അവരെ നന്നായിട്ടൊന്നു കുറ്റപ്പെടുത്തി കൺതുറപ്പിക്കേണ്ട ആവശ്യകതമനസ്സിലാക്കി, വസ്തുനിഷ്ഠമായ ഒരു നീണ്ട കുറ്റപത്രം അവിടുന്നു അവരുടെമുമ്പിൽ നിവർത്തിവച്ചു. ഇവിടെഒഴിഞ്ഞു മാറ്റമല്ല നടന്നത് പ്രത്യുത ദാരുണ



മായ കയ്യേറ്റം. കുറ്റപ്പെടുത്തിയ നീതി സ്വരൂപനെ അവർ പിടികൂടി വലിച്ചിഴച്ചു, മുഖത്തുതുപ്പി, മരണത്തിനുവിധിച്ചു. കുരിശിൽ തൂക്കി വധിച്ചുകളഞ്ഞു. രണ്ടാമത്തെ കുറ്റപ്പാടും അതിന്റെ പ്രതികരണവും!!

പാപിയെമാടിവിളിക്കാൻ, അവനുമാപ്പുനല്കാൻ, അവനെ തേടി വന്ന പിതാവിനും, പുത്രനും "ദയാദാനം" അസാദ്ധ്യമാക്കിത്തീർക്കുന്ന ഇത്തരം "ഒഴിവുകഴിവും, ധിക്കാരവും" മനുഷ്യരുടെ ഇടയിൽ, സ്ത്രീപുരുഷഭേദമെന്യേ, സർവ്വ സാധാരണമായിരിക്കുന്ന ഒരു പ്രതിഭാസമാണ്. അങ്ങനെ ലോകത്തിന്റെ മുമ്പിലെ അനേകമനേകം നീതിമാന്മാർ ദൈവത്തിന്റെ കുറ്റവാളികളായി തന്നെ കഴിഞ്ഞു കൂടുന്നുവെന്നതാണ് പരമാർത്ഥം.

**ജോർദാനിലെ കൈമാറ്റം**: അനേകം സഹോദരന്മാരുടെ പേർക്ക്, അവർ ചെയ്യേണ്ടനിരുപാധികമായ കുറ്റസമ്മതം നിർവ്വഹിക്കുന്നതിനായി, ജേഷ്ഠസഹോദരൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നിരിക്കുകയാണ്. ജോർദനാനിൽ, യോഹന്നാൻ മാംദാനായുടെമുമ്പിൽ, പാപികളുടെ മാമ്മോദീസാ സ്വീകരിക്കാൻ, താൻ കടപ്പെട്ടവനാണെന്നു വാദിച്ചു സ്ഥാപിച്ചു. അതിനായി അവിടുന്നു തലകുനിച്ചു. യോഹന്നാൻ തലയിൽ വെള്ളമൊഴിക്കുകയും ചെയ്തു. അതേ ക്ഷണത്തിൽ, പിതാവു സ്വർഗ്ഗത്തിൽ നിന്നു സാക്ഷ്യപ്പെടുത്തി: ആ കുറ്റവാളി തന്റെ ഓമനസുതനാണെന്ന്. നിരപരാധി, അപരാധികൾക്കായി നിരുപാധികം കുറ്റം കൈമാറിയതോടെ സ്വർഗ്ഗം തുറന്നു; അതുവരെ കെട്ടിനിന്നിരുന്ന ദൈവപ്രസാദം ഭൂമിയിലേയ്ക്കു പ്രവഹിക്കുവാൻ തുടങ്ങി. അത് ഓരോ വ്യക്തിയിലേയ്ക്കും പ്രവഹിക്കുന്നതിനു കളമൊരുക്കുവാൻ ജ്യേഷ്ഠസഹോദരൻ ഉപദേശിക്കുകയാണ്; "ഇതാ ദൈവരാജ്യം അടുത്ത് ദൈവപ്രസാദത്താൽ നീതികരിക്കപ്പെട്ടവരടങ്ങിയ സമൂഹം ഭൂമിയിൽ രൂപമെടുക്കാനുള്ള സമയം സമാഗതമായി. നിങ്ങൾ പശ്ചാത്തപിക്കുവിൻ;" ഞാൻ കാണിച്ചുതന്നതുപോലെ, ഒഴിവുകഴിവുപറയാതെ, കണക്കുപറയാതെ, ധിക്കാരത്തിനു മുതിരാതെ, നിരുപാധികം കുറ്റം സമ്മതിക്കുവിൻ എന്നു സാരം.

പക്ഷെ! ഇതെല്ലാം കേട്ടാലും, ഇന്നു ലോകത്തിൽ പറുദീസായിലെയും, ജെറുസലത്തെയും പ്രസ്താവിത രംഗങ്ങൾ ഉടനീളം ആവർത്തിക്കപ്പെടുന്നില്ലേ? ദൈവപ്രസാദത്തെ തടഞ്ഞു കളയുന്ന വിലങ്ങുതടികൾ അനുനിമിഷം വർദ്ധിച്ചു പെരുകുന്നില്ലേ?

**പ്രതിവിധി**: ഈ വിലങ്ങുതടികൾ നീങ്ങി; ദൈവപ്രസാദം മനുഷ്യ

ഹൃദയങ്ങളിലേയ്ക്കു പ്രവഹിക്കണമെങ്കിൽ ഇന്നു ജോർദനാനിലെ രംഗവും ആവർത്തിക്കപ്പെടണം. തന്റെ പ്രതിനിധികളായി അവിടുന്നു തിരഞ്ഞെടുത്തിരിക്കുന്ന സന്യാസികളും വൈദികരുമല്ലെങ്കിൽ, പിന്നെ ആരാണ് "സർവ്വനീതിയും നിറവേററുന്നതിൽ, അനേക സഹോദരങ്ങളുടെ പ്രാതിനിധ്യം വഹിക്കുക?"

ഇല്ലാത്ത കുറ്റം ചുമത്തപ്പെടുമ്പോൾ, ഭാഗികായ കുറ്റത്തിനു ആകമാനമായ ആരോപണം ലഭിക്കുമ്പോൾ, ഒഴിഞ്ഞുമാറാതെ, പിറുപിറുക്കാതെ, കണക്കുപറയാതെ, ധിക്കരിക്കാൻ മുതിരാതെ, വിനയപൂർവ്വം, നിരുപാധികം കുറ്റം കൈമാറുന്ന ജ്യേഷ്ഠസഹോദരന്മാരെ കാത്തുനില്ക്കുന്ന അനേകമനേകം സഹോദരന്മാർക്കുവേണ്ടി, ബലിവസ്തുക്കളാകാൻ ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ളവർ, ബലിയിടാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ മൗനം ഭജിക്കണം; ഭീതിപ്പെടുത്തിവരുന്നവരെ ഭീതിപ്പെടുത്തരുത്; ചതഞ്ഞഞാങ്ങണയെ ഒടിച്ചുകളയരുത്; മങ്ങി കത്തുന്ന തിരി തല്ലിക്കെടുത്തരുത്. ഇതിനുള്ള പ്രകാശവും, ആത്മധൈര്യവും പിതാവും പുത്രനും പരിശുദ്ധാരൂപിയും നാം ഓരോരുത്തർക്കും നൽകട്ടെ! അങ്ങനെ, പിതാവിന്റെ സാക്ഷ്യത്തിന് നാം ഓരോരുത്തരും അർഹരാകട്ടെ: "ഇതു എന്റെ ഓമനസുതനാണ്" ആമ്മേൻ.

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**



# 15 കാലത്തോടൊത്തു നീങ്ങുവാനുള്ള മുൻകരുതലുകൾ

**ഒക്ടോബർ 1969**

കാലത്തോടൊത്തു നീങ്ങുവാൻ, നാം വളരെ മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്. അവയിൽ മുൻഗണന നല്കേണ്ടത് ഏതിനെല്ലാമാണെന്നും നിശ്ചയിക്കണം. ഇന്നത്തെ പശ്ചാത്തലത്തിൽ നാം ഓരോരുത്തരും സാധാരണയിൽ കവിഞ്ഞ ഹൃദയശാന്തതയും, സേവനതല്പരതയും ഉള്ളവരായിരിക്കണം. നമ്മുടെ ചുറ്റുമുള്ളവർക്ക് ആദ്ധ്യാത്മിക നേതൃത്വവും, ഭൗതിക നേതൃത്വവും നല്കുന്നതിനുള്ള കഴിവ് ഓരോരുത്തർക്കും വേണം. മിഷൻ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് ഇതിനും പുറമെ, അവരവരുടെ പശ്ചാത്തലത്തിൽ പ്രവർത്തിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും ഇന്നത്തെ അടിയന്തിരാവശ്യമാണ്.

**1. ഹൃദയശാന്തതയും, സേവനതല്പരതയും:**

അനീതിയുടെയും അനിശ്ചിതത്വത്തിന്റെയും ഒരു പശ്ചാത്തലത്തിലേക്കാണു നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. "ഘെരാവോ", കയ്യേറ്റം മുതലായവ ചോദ്യം ചെയ്യപ്പെടുന്നതിനുപകരം, അധികൃതസ്ഥാനങ്ങളിൽ നിന്നുതന്നെ പരോക്ഷമായോ, പ്രത്യക്ഷമായോ അംഗീകൃതമാകുന്ന ഒരന്തരീക്ഷമാണ് രൂപം കൊള്ളുന്നതായിക്കാണുന്നത്.

തിന്മയോടെതിർക്കാതെ, തിന്മയെ നന്മകൊണ്ടു ജയിക്കണം എന്ന ദിവ്യഗുരുവിന്റെ പാഠം ഇന്ന് പ്രാവർത്തികമാകണമെങ്കിൽ, ഒരുവനു അസാമാന്യമായ സ്വയം നിയന്ത്രണം ആവശ്യമാണ്. മിശിഹായ്ക്കു പൂർണ്ണമായും സാക്ഷ്യം നല്കത്തക്ക ഹൃദയശാന്തതയും എളിമയും, ശത്രുക്കളെയും മിത്രങ്ങളാക്കിപ്പകർത്തുന്നപൊരുമാറ്റ മാധുര്യവും, നിസ്വാർത്ഥമായ സേവനസന്നദ്ധതയും നമ്മുടെ വ്യക്തി മുദ്രകളായേ തീരൂ. ചുരുക്കിപ്പറഞ്ഞാൽ, നമ്മിലെ പഴയ മനുഷ്യൻ നിശ്ശേഷം ഉരിഞ്ഞുമാറ്റപ്പെടണം; നമ്മിൽ പുതിയ മനുഷ്യൻ സമൂലഭരണം നടത്തണം. ഇതാണ് ഇന്നത്തെ മുൻകരുതലുകളിൽ ഒന്നാമത്തെ മുൻഗണയർഹിക്കുന്നത്.

**2. ആദ്ധ്യാത്മിക നേതൃത്വം:**

ആദ്ധ്യാത്മിക നേതൃത്വം ഏറ്റെടുക്കുന്നതിനായി നമ്മോട് ആവശ്യ

പ്പെടുന്ന സംഘടനകളും, സഖ്യങ്ങളും, സന്യാസസമൂഹങ്ങളും നിരവധിയാണ്, ഇന്നു കേരളത്തിൽ. ആവശ്യത്തിന്റെ തോതുവച്ചു നോക്കിയാൽ, ഈ ജോലിക്കായി. നമ്മുടെ വൈദികരെ ഓരോരുത്തരെയും ഒരുക്കിയെടുത്താലും, കേരളത്തിൽ, ഇന്നത്തെ സാഹചര്യങ്ങളിൽ, സാങ്കേതികമായ പഠനവും പരിശീലനവും ആവശ്യമാണെന്നും, സെമിനാരിയിലെ പഠനപദ്ധതിയിൽ സാധാരണ അത്തരം പരിശീലനത്തിനു സൗകര്യം കുറവാണെന്നും പ്രത്യേകം എടുത്തു പറയേണ്ട ആവശ്യമില്ല.

തിരുസഭയുടെ ആവശ്യമനുസരിച്ച്, ഓരോ സ്ഥലത്തും, നമ്മുടെ കഴിവുകളെ കേന്ദ്രീകരിക്കുക എന്നത് നമ്മുടെ പൈതൃകത്തിന്റെ അംഗീകൃതമായ ആദർശമാണെങ്കിൽ, ഈ മണ്ഡലത്തിൽ, ഒട്ടും തന്നെ സമയം കളയാതെ നാം മുന്നേറണം. ഒന്നോ രണ്ടോ പേരെ വിദേശത്തു വിട്ടു പരിശീലിപ്പിച്ചെടുക്കുക എന്നത്, ഇന്നത്തെ ആവശ്യത്തെ കാര്യക്ഷമമായി നേരിടുവാൻ തക്കമാർഗ്ഗമല്ല. അതിനാൽ, കേരളത്തിൽ തന്നെ ഒരു പരിശീലനകേന്ദ്രം സൃഷ്ടിച്ച്, നമ്മുടെ സഭാംഗങ്ങളിൽ ഒരു വലിയ ഭാഗത്തിനെങ്കിലും, അതിൽ പരിശീലനം നല്കാൻ സാദ്ധ്യതയുളവാക്കണം. നമ്മുടെ സഹോദരസഭകളുടെയും, വൈദികരുടെ പൊതുവിലുമുള്ള ഒരാവശ്യമാണിത്. അതുകൊണ്ട് മറ്റു സഭകളിൽ നിന്നും, ഇടവക വൈദികരിൽ നിന്നും പണ്ഡിതരും, പരിചയ സമ്പന്നരുമായ വ്യക്തികൾ വന്നു പഠിപ്പിക്കത്തക്ക ഒരു Institute of Spirituality" ആരംഭിക്കുന്നതിനു നേതൃത്വം നല്കേണ്ടത്, കേരളസഭയിൽ നമുക്കുള്ള സ്ഥാനം വച്ചുനോക്കിയാൽ, നമ്മുടെ കടമയാണ്. ഈ ആശയം C.R.I കേരള യൂണിറ്റ് പുരുഷവിഭാഗം, സ്വന്തമായി ഏറ്റെടുത്തു കഴിഞ്ഞിരിക്കുകയാണ്. അതിനാൽ താമസിയാതെ അതൊരു യാഥാർത്ഥ്യമാകുമെന്നു നമുക്കു പ്രത്യാശിക്കാം.

**3. ഭൗതിക നേതൃത്വം:**

ഭൗതികരംഗത്ത്, വിദ്യാഭ്യാസസ്ഥാപനങ്ങൾ വഴി ഒരു വലിയ സേവനം നാം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ രംഗത്തു തന്നെ, ഇന്നത്തെ ഒരാവശ്യം നേരിടേണ്ട കടമ നമുക്കുണ്ട്. തിരുസഭയുടെ പൊതുവായ ഒരു അടിയന്തിരാവശ്യമാണത്. ഇന്ന് പൊതുജനങ്ങളിൽ സംശയങ്ങളും, മാത്സര്യങ്ങളും ഉളവാക്കുന്ന ലേഖനങ്ങളും പത്രമാസികകളും, ലഘുലേഖകളും, ഗ്രന്ഥങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. തിരുസഭയുടെ പഠനങ്ങളെ സംബന്ധിച്ചു ഗൗരവാവഹമായ തെറ്റിദ്ധാരണകളും, സന്നിഗ്ദാവസ്ഥയും, അസംതൃപ്തിയും വളരുവാൻ ഇടയാക്കുന്ന പ്രത്യുത പ്രസി



ദ്ധീകരണങ്ങളുടെ പശ്ചാത്തലത്തിൽ, പൊതുജനങ്ങൾക്ക്, തിരുസഭയുടെ പഠനങ്ങളും ആശയങ്ങളും സംബന്ധിച്ച് തെളിവായ ബോധം നല്കുന്നതിൽ നേതൃത്വം വഹിക്കേണ്ട നമ്മുടെ കർത്തവ്യത്തെയാണ് ഇവിടെ സൂചിപ്പിക്കുവാൻ ഉദ്ദേശിച്ചത്. ഇതിലും നാം ഒറ്റ തിരിഞ്ഞു പ്രവർത്തിക്കേണ്ടതില്ല. പണ്ഡിതന്മാരായ വൈദികരും അവൈദികരും ഇന്നു നമ്മുടെ നാട്ടിലുണ്ട്. കഴിവുള്ളവരെ തിരഞ്ഞെടുത്ത്, ഈ രംഗത്ത് അണി നിരത്തുന്ന കാര്യം ഇക്കഴിഞ്ഞ C.R.I. കേരളായൂണിറ്റിന്റെ പുരുഷവിഭാഗസമ്മേളനത്തിൽ ചർച്ചാവിഷയമായി. കേരളായൂണിറ്റ് ഈ ആശയവും സ്വന്തമായി സ്വീകരിച്ചിരിക്കുകയാണ്. അത് യാഥാർത്ഥ്യമാക്കുന്നതിൽ ഉദാരമായി സഹകരിക്കേണ്ടതു നമ്മുടെ കർത്തവ്യമാണെന്ന് എടുത്തു പറയേണ്ട ആവശ്യമില്ലല്ലൊ.

**4. മിഷൻ പരിശീലനം:**

നമ്മുടെ മിഷനറിമാർക്കു സാങ്കേതികമായ പ്രത്യേക പഠനത്തിനും പരിശീലനത്തിനും സാദ്ധ്യത നല്കുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യമാണ്. ഏതു രംഗത്തും, കാര്യക്ഷമമായ പ്രവർത്തനം വഴി, ആൾസംഖ്യയും ധനവ്യയവും സാധിക്കുന്നിടത്തോളം കുറച്ച്, നമ്മുടെ പ്രവർത്തനത്തെ ആഹ്വാനം ചെയ്തും പ്രതീക്ഷിച്ചും കഴിയുന്ന മറ്റു അനേകം രംഗങ്ങളിൽ, മിച്ചമുള്ള കഴിവുകളെ അണിനിരത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നതുകൊണ്ട്, മിഷൻ രംഗത്തും ഇത്തരം മാർഗ്ഗങ്ങൾ ഒട്ടും താമസിയാതെ നാം അവലംബിക്കണം. അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഇത്തരം ഇൻസ്റ്റിറ്റ്യൂട്ടുകൾ ഭാവിയിൽ രൂപം പ്രാപിക്കും. അതിനു സമയം കുറെ എടുത്തേക്കും. അത്രയും താമസിക്കാതെ, അവയ്ക്കൊരു മുന്നോടിയായി, നമ്മുടേതായ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുക അഭിലഷണീയമാണ്. അംബികാപ്പൂർ മിഷനിലുള്ള നമ്മുടെ ക്രീസ്തുപാൽ ആശ്രമം, ഒരു പക്ഷെ, ഈ ആശയം പ്രാവർത്തികമാക്കാൻ നമുക്കു സഹായകമാകും.

ഈ മുൻകരുതലുകൾ, കാലത്തിനൊപ്പിച്ചു നീങ്ങുവാനുള്ള നമ്മുടെ കടമയുടെ നിർവ്വഹണം മാത്രമാണ്. അതിനാൽ ഏവരുടേയും സവിശേഷമായ ശ്രദ്ധ അവയിലേയ്ക്കു ക്ഷണിക്കുകയും, ഓരോരുത്തരുടെയും പ്രാർത്ഥനസഹായവും, അവരവരുടെ പരിധിയിൽ നിന്നുകൊണ്ടുള്ള ഉദാരമായ പരിശ്രമവും സഹകരണവും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. സർവ്വശക്തൻ നമ്മുടെ പരിശ്രമങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ. ആമ്മേൻ.

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**

# 16 ആദർശോന്മുഖത്വം (Idealism)

ജനുവരി 1970

## ജെനറാളച്ചന്റെ സന്ദേശം

### ആദർശോന്മുഖത്വം

(Idealism)

**മിഷൻ സ്റ്റേഷൻ നൽകിയ സന്ദേശം.**

ഈയിടെ, നമ്മുടെ ചാന്ദാമിഷൻ സന്ദർശിച്ചപ്പോൾ, ഒരു സ്റ്റേഷനിലെ ക്രമീകരണം വളരെ ആകർഷകമായി തോന്നി, ഗാംഭീര്യമോ, ആർഭാടമോ അവിടെയില്ല. എവിടെയും ലാളിത്യം, ശാലീനത. പക്ഷെ, എവിടെയും ആദർശോന്മുഖത്വം.

പ്രവേശനദ്വാരത്തുതന്നെ ഒരു ആർച്ച്. വില പിടിച്ചതല്ല. കലാനിബിഡമല്ല. കേവലം വിനീതം, പക്ഷെ, വടിവൊത്തത്. ഒടിവോ, ചതവോ അതിനില്ല. അതിൽ പടർന്നു കയറുന്ന ബോഗസിന്റെ ചുമന്ന പൂക്കൾ, രണ്ടു വശത്തും ഒരേ വിധം ഉയർന്നു നിന്ന്, ആഗതർക്കു സ്വാഗതം ആശംസിക്കുന്നതു പോലെ തോന്നും.

ഞങ്ങൾ വസതിയിലേയ്ക്കു നീങ്ങി: അതും ശാലീനം, ലളിതം! പച്ചലതകൾ ഒരേകനത്തിൽ പരന്നു വളരുന്ന, മുൻവശത്തെ വീതികുറഞ്ഞ പച്ചപ്പന്തൽ ഒരു പർണ്ണശാലയുടെ പ്രതീതിയുളവാക്കുന്നു. ഞങ്ങൾ അകത്തു പ്രവേശിച്ചു. അവിടെയും എല്ലാം ലളിതം, വിനീതം, പക്ഷെ എവിടെയും മനോഹരമായ ക്രമീകരണം. മേശ, കസേര മുതലായവ അതതിന്റെ സ്ഥാനത്ത്. എവിടെയും ഒരു സ്വച്ഛത! ശയനശാലയും ക്ഷാളന സ്ഥലങ്ങളും അതേ വിധം സ്വച്ഛം, ക്രമീകൃതം.

പിന്നീടു ഞങ്ങൾ ദേവാലയത്തിലേക്കു നടന്നു. അതും ഗംഭീരമല്ല. പൊന്നിന്റെ മിനുക്കമൊ വെള്ളിയുടെ തിളക്കമോ അവിടെ കാണമാനില്ല. പക്ഷെ അകത്താകെ നേരിയ ഒരു സൗരഭ്യം അതോടൊന്നിച്ച് തറയുടെ ശുചിത്വവും, വെട്ടത്തിന്റെ മങ്ങിയ ഇളംനീല നിറവും ദൈവസാന്നിദ്ധ്യബോധം ആഗതരിൽ ഉളവാക്കുന്നു. പാദരക്ഷകൾ മാറണമെന്ന നിർബ്ബന്ധമില്ല. പക്ഷെ അന്തരംഗത്തിന്റെ രഹസ്യമായ പ്രചോദനത്താൽ, നിഷ്പാദുകരായി ഞങ്ങൾ അകത്തു പ്രവേശിച്ചു. അൾത്താരയുടെ മുടുപടം തന്നെ "ഓംശാന്തി, ശാന്തി, ശാന്തി" എന്ന സ്വർഗ്ഗീയ സന്ദേശം നൽകിയതോടെ, ധ്യാനനിരതമായി താഴ്ന്ന ഞങ്ങളുടെ നയനങ്ങൾ, ദിവ്യബലിപീഠത്തെ താങ്ങി നില്ക്കുന്ന ത്രികോൺ തൂണിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്ന "പവിത്ര്, പവിത്ര്, പവിത്ര്" എന്ന ത്രിത്വൈകസ്തോത്രത്തിൽ പതിഞ്ഞു. ബലിപീഠത്തിൽ നിന്നു കുറച്ചകലെയായി, ചുമരിനോടു ചേർന്നു ദിവ്യ പേടകം സ്ഥിതിചെയ്യുന്നു. കമനീയമായി കടഞ്ഞെടുത്ത ഒരു മരത്തൂണാണ് അതിനെ താങ്ങി നില്ക്കുന്നത്. അതിന്റെ വലതു വശത്ത്, അതേവിധം, പക്ഷെ നേരിയതായി കടഞ്ഞെടുത്ത മരത്തൂണിൽ ഒരു പൂപ്പാത്രം; ഇടത്തു വശത്ത് അതേതരം തൂണിൽ ഒരു കെടാവിളക്കും. ബലിപീഠത്തിനു മുമ്പിൽ ആരാധനാ ബദ്ധരായി ദീർഘനേരം ഞങ്ങൾ നിന്നുപോയി. വൈമനസ്യത്തോടെയാണ് ഞങ്ങൾ, അവിടെ നിന്നും പുറത്തിറങ്ങിയത്.

മുറ്റത്ത് വൃത്തിയായി ചരൽ വിരിച്ചിരിക്കുന്നു. പള്ളിയുടെ ഇടത്തു വശത്ത് ഒരു നിര പ്ലാവ്. വലത്തു വശത്ത് ഒരു നിര കശുമാവ് മരങ്ങളെല്ലാം തന്നെ ജീവനും യുവത്വവും തുളുമ്പുന്നവ. എല്ലാറ്റിനും ഏകദേശം എട്ടടി ഉയരം കാണും. ഇവയെല്ലാം മരുഭൂമിയ്ക്കു സമം ഉണങ്ങി വരണ്ടു കിടക്കുന്ന തരിശുഭൂമിയുടെ നടുവിൽ! വിസ്താരഭയത്താൽ വിവരണം നിറുത്തുകയാണ്.

ചുരുക്കത്തിൽ എല്ലാം ലളിതം, ശാലീനം. പക്ഷെ എവിടെയും ശുചിത്വം, ക്രമീകരണം, ജീവൻ, ഉന്മേഷം.

"മിഷൻ സ്റ്റേഷനല്ലെ? വലിയ വൃത്തിയും, ക്രമീകരണവും പ്രതീക്ഷിക്കേണ്ട; ഇത്രയൊക്കെ ആവു: ഇത്രയെങ്കിലും ആയല്ലൊ." ഇതല്ല അവിടുത്തെ പ്രതീതി. ലളിതമെങ്കിലും എല്ലാം ആദർശോന്മുഖം.. ഓരോന്നും അതിന്റെ പൂർണ്ണതയിലേയ്ക്കു കൈചൂണ്ടുന്നു; എത്തിനോക്കിക്കൊണ്ടിരിക്കുന്നു; മുന്നേറിക്കൊണ്ടിരിക്കുന്നു. ഇതാണു ആ കൊച്ചു സ്റ്റേഷൻ നല്കിയ പ്രതീതി. അതിലൊരു മഹനീയ സന്ദേശമുണ്ട്. ആദർശോന്മുഖത്വത്തിന്റെ സന്ദേശം.

**ആദർശനിഷ്ഠയും സമൂഹത്തിന്റെ സുസ്ഥിതിയും**

ഏതൊരു സംഘടനയുടെ അയവിന്റെ മുന്നോടിയാണ് ആദർശനിഷ്ഠയുടെ അഭാവം! നിയമങ്ങളും നടപ്പുകളും ചില വ്യക്തികൾക്കു ഭാരമായിത്തോന്നാം. അവരുടെ നോട്ടത്തിൽ ആധുനികയുഗത്തിൽ നിയമത്തിനും നടപ്പുകൾക്കും പ്രസക്തിയോ അർത്ഥമോ ഇല്ല. പ്രായേണ

സ്വന്ത അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, അവർ അവയെല്ലാം അവഗണിച്ചു തുടങ്ങും.; ആ അഭിപ്രായത്തിനു അനുകൂലികളെ ലഭിയ്ക്കുവാൻ വാചാലതയെ മാർഗ്ഗമായി സ്വീകരിക്കുകയും ചെയ്യും. അവരുടെ പ്രഗത്ഭതയുടെ മുമ്പിൽ, ശ്രേഷ്ഠന്മാർ തലകുനിക്കുവാൻ ഉദ്ദേശിക്കുകയില്ലെങ്കിലും, കണ്ണടച്ചു കളഞ്ഞുവെന്നു വരും. "ഓർപ്പിച്ചാൽ അലോഹ്യം! കുറച്ചു നാളുകൂടി വല്ലവിധത്തിലും അങ്ങു കഴിഞ്ഞുകൊള്ളട്ടെ;" എന്ന നിലപാടു സ്വീകരിക്കുന്ന ശ്രേഷ്ഠന്മാർ ഇല്ലെന്നു പറയാമോ? അങ്ങനെ കുറച്ചു മുന്നോട്ടു പോകുമ്പോൾ, ചില മേൽ ശ്രേഷ്ഠന്മാർ കരുതും. "ഇത്രയുമായില്ലേ ഇനി പിടിച്ചാൽ കിട്ടുകയില്ല. ഇത്രയേ ആയുള്ളല്ലോ; ഇത്രയൊക്കെ ഇന്നു സാധിക്കൂ. ഇനി ഇങ്ങനെ തന്നെ പോകട്ടെ..." ആദർശനിഷ്ഠയുടെ അഭാവമായി; സമൂഹത്തിന്റെ കെട്ടുറപ്പ് അയഞ്ഞു കഴിഞ്ഞു; അടിസ്ഥാനത്തിന് ഇളക്കവുമായി.

നേരെമറിച്ച്, ഇത്രയുമായതിൽ വന്നു പോയ അബദ്ധം മനസ്സിലാക്കി, ഉടനടി, നിമിഷം പോലും നഷ്ടപ്പെടുത്താതെ, ആദർശത്തിലേയ്ക്ക് തിരിയുവാൻ ആഹ്വാനം ചെയ്ത്. ആദർശോന്മുഖരാകുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയാണ്, ഇത്തരം പരിതസ്ഥിതിയിൽ, ഓരോരുത്തരുടെയും, പ്രത്യേകിച്ചു ശ്രേഷ്ഠന്മാരുടേയും ഗൗരവാവഹമായ കർത്തവ്യം.

**നമ്മുടെ സന്ദേശം.**

മുൻപറഞ്ഞ മാനദണ്ഡംവച്ച്, "എല്ലാം ആദർശോന്മുഖമാക്കുക" എന്ന സന്ദേശമാണു ഈ വർഷാരംഭത്തിൽ നല്കേണ്ടതായി തോന്നുന്നത്. ആശ്രമങ്ങളുടെയും, സ്ഥാപനങ്ങളുടെയും കണക്കെഴുതി സൂക്ഷിക്കുന്നവിധം, സാളകൾ, ഭക്ഷണശാല എന്നിവിടങ്ങളിൽ പാലിക്കപ്പെടുന്ന മൗനം, സഹോദരങ്ങളെ പറ്റിയുള്ള സംസാരം എന്നീ വിഷയങ്ങളിൽ നമ്മുടെ പ്രത്യേക ശ്രദ്ധപതിക്കേണ്ടതുണ്ട്.

***i കണക്കെഴുത്ത്:*** കണക്കെഴുത്തു സംബന്ധിച്ചുള്ള നമ്മുടെ ആദർശം എന്താണെന്ന്. നമ്മുടെ നിയമസംഹിതയും പൊതു സംഘ നിശ്ചയങ്ങളും ജോലിക്രമീകരണങ്ങളും തെളിവായി കാണിക്കുന്നുണ്ട്. കാനോനിക വിസീത്തകളുടെ അവസരത്തിൽ, പോരായ്മകൾ ചൂണ്ടി കാണിച്ചു, നിർദ്ദേശങ്ങൾ നൽകാറുണ്ട്. പൊതു ശ്രേഷ്ഠസംഘത്തിൽ നിന്നും, സെക്രട്ടേറിയേറ്റുകളിൽ നിന്നും പ്രത്യേക നിർദ്ദേശങ്ങളടങ്ങിയ സർക്കുലറുകളും അയക്കാറുണ്ട്. എന്നിട്ടും ഈ കാര്യത്തിൽ, സാരമായ പോരായ്മകൾ വന്നു കൊണ്ടിരിക്കുകയാണ്. ഇത്രയൊക്കെ



നടക്കു: "ഇതുവരെ ഇങ്ങനെയേ നടന്നിട്ടുള്ളു!!" എന്നും മറ്റുമുള്ള സമാധാനം ബന്ധപ്പെട്ടവരിൽ നിന്നും കേൾക്കുവാൻ ഇടവരുന്നതു നിർഭാഗ്യകരമാണ്. ബുദ്ധിശക്തിയുടെ മദ്ധ്യമനിലവാരമെങ്കിലും ഉണ്ടെന്നേ അംഗീകരണം സിദ്ധിച്ചു കഴിഞ്ഞിട്ടുള്ളവരും, ആ ബുദ്ധിശക്തിയുടെ ഉപയോഗം തിരുസ്സഭയ്ക്കായി മുഴുവനും ഉഴിഞ്ഞു വച്ചിട്ടുള്ളവരും, തിരുസ്സഭയുടെ സുസ്ഥിതിയ്ക്ക് ആവശ്യമായ ഈ കാര്യനിർവ്വഹണത്തിൽ ബുദ്ധിമുട്ടും ക്ലേശവും കണ്ട് അധോമുഖരായിത്തീരാതെ, ധൈര്യപൂർവ്വം, ആദർശോന്മുഖരായി മുന്നേറുന്നതിനു ഒരു നിമിഷം പോലും താമസിക്കേണ്ടതല്ല തന്നെ.

***ii മൗനം:*** "മൗനം സംബന്ധിച്ച് ഇപ്പോൾ പ്രത്യേക നിയമമൊന്നുമില്ല; നിയമസംഹിതയും ക്രമാനുഷ്ഠാന വിധികളും പൊളിച്ചെഴുതുന്ന അവസരമായതുകൊണ്ട്, പുതിയവ നടപ്പിൽ വരുന്നതുവരെ, അവയൊന്നും ബാധകമല്ല" എന്ന സംസാരം പലപ്പോഴും കേൾക്കാറുണ്ടെന്നു പറയുന്നു. നിലവിലിരിക്കുന്ന നിയമസംഹിതയിലും, ക്രമാനുഷ്ഠാനവിധികളിലും നിന്നു വ്യത്യസ്ഥമായ ഏതെങ്കിലും നിർദ്ദേശം പൊതു സംഘമോ പൊതുശ്രേഷ്ഠസംഘമോ തെളിവായി നല്കിയിട്ടില്ലാത്തപക്ഷം, അവ ബലമായിത്തന്നെ ഇരിക്കും എന്നല്ലാതെ മറിച്ചു കരുതുവാൻ ന്യായമൊന്നും കാണുന്നില്ല. നമ്മെ സംബന്ധിച്ചിടത്തോളം ഇവ ബലമായിരിക്കുന്നതാണെന്നു ദെഫ്നിത്തോരി തെളിവായി പ്രസ്താവിക്കുകയും കൂടി ചെയ്തിട്ടുണ്ട്.

അതിനാൽ മൗനാചരണത്തിൽ, നമ്മുടെ ആദർശത്തിൽ നിന്നും വ്യത്യസ്ഥമായ രീതി എവിടെയെങ്കിലും അവലംബിക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിൽ, ആദർശത്തോടുള്ള പൂർണ്ണയോജിപ്പു പുനഃസ്ഥാപിക്കുവാൻ ഏവരും ആത്മാർത്ഥമായി പരിശ്രമിക്കണം. ആദർശത്തിൽ തന്നെ എന്തെങ്കിലും മാറ്റം വരുത്തേണ്ടതാണെന്നു അഭിപ്രായമുള്ളവർ,ം അടുത്ത സമ്മേളിക്കാനിരിക്കുന്ന നമ്മുടെ പൊതു സംഘത്തിൽ ചർച്ച ചെയ്തു തീരുമാനമെടുക്കത്തക്കവണ്ണം, പ്രസ്തുത അഭിപ്രായം ഡ്രാഫ്റ്റിംഗ് കമ്മിറ്റിയ്ക്കു അയച്ചു കൊടുക്കണമെന്നു താല്പര്യപ്പെടുന്നു. അഭിപ്രായം രേഖപ്പെടുത്തുമ്പോൾ, അതിനുള്ള ന്യായവും ചുരുക്കമായി കാണിച്ചാൽ, ചർച്ചയ്ക്കു സഹായകമായിരിക്കും. ഏതായാലും, പൊതുസംഘം എന്തെങ്കിലും വ്യത്യാസം വരുത്തുന്നതുവരെ, ഇപ്പോൾ നിലവിലിരിക്കുന്ന നിയമസംഹിതയും, പാരമ്പര്യവും നല്കുന്ന ആദർശം തന്നെ പാലിക്കുവാൻ നമുക്കു കടമയുണ്ട്, തീർച്ചയായും.

iii ***സഹോദരങ്ങളെപ്പറ്റിയുള്ള സംസാരം:*** സംസാരവിഷയത്തിൽ നാം

പാലിക്കേണ്ട ആദർശമെന്താണെന്നു എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക," "മറ്റുള്ളവർ നിങ്ങളോടു എങ്ങനെ വർത്തിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ, അതുപോലെ നിങ്ങളും അവരോടു വർത്തിക്കുക" 'സഹോദരനെ മോഷാ' എന്നു വിളിക്കുന്നവർ തീ നരകത്തിനർഹനാകുന്നു. "ശപിക്കുന്നവനെ അനുഗ്രഹിക്കുക" "പ്രതികാരം എന്റേതാകുന്നു," "തിന്മക്കു പകരം തിന്മ ചെയ്യരുത്." "തിന്മയെ നന്മ കൊണ്ട് ജയിക്കുക" "നിന്റെ ശത്രുവിനെ വിശക്കുന്നുവെങ്കിൽ അവനു ഭക്ഷണം നല്കുക, അവനു ദാഹിക്കുന്നുവെങ്കിൽ, വെള്ളം കൊടുക്കുക; ഇതുവഴി നീ അവന്റെ ശിരസ്സിൽ (പശ്ചാത്താപത്തിന്റെ) തീക്കനലുകൾ കൂട്ടുകയായിരിക്കും ചെയ്യുക." ഇപ്രകാരമുള്ള വേദവാക്യങ്ങൾ നമ്മുടെ ആദർശത്തിന്റെ ഏകദേശരൂപം വരച്ചു കാണിക്കുന്നുണ്ട്.

ഈ ആദർശത്തിൽ നിന്നു വ്യത്യസ്ഥമായ സംസാരരീതി, നമ്മുടെ ഇടയിൽ വന്നു പോകുന്നുണ്ടെന്നുള്ളതു ഒളിച്ചുവയ്ക്കാനാവാത്ത ഒരു വസ്തുതയാണ്. ചില ഉദാഹരണങ്ങൾ പറയാം. ഈ കഴിഞ്ഞ മെയ് മാസത്തിൽ ഏൽത്തുരുത്തു ആശ്രമത്തിൽ വച്ചാണ് ധർമ്മാരാമിലെ നമ്മുടെ വൈദിക വിദ്യാർത്ഥികളുടെ നിത്യവ്രതാനുഷ്ഠാനം നടന്നത്. ആ അവസരത്തിൽ, നിത്യവ്രതം അനുഷ്ഠിക്കുന്നതിനായി ഒരുങ്ങിവന്നവരിൽ, പത്തു പതിനാറു പേർ, വ്രതം ചെയ്യാതെ വ്രതവാചകങ്ങളെഴുതിയ കടലാസ്സും കൊണ്ടു ഇറങ്ങിപ്പോയി എന്നോരു വാർത്ത പരന്നിരിക്കുകയാണ്. ഇതിന്റെ വാസ്തവഗതിയെപ്പറ്റി, നമ്മുടെ സഭാംഗങ്ങളിൽ ചിലർ എന്നോടു നേരിട്ടു ചോദിക്കുകയുണ്ടായി. അങ്ങനെയൊരു സംഭവംനടന്നിട്ടില്ല എന്നതാണ് പരമാർത്ഥം. ഇതുപോലെതന്നെ അഞ്ചുകൊല്ലംമുമ്പ് പരന്ന വേറൊരു വാർത്തയും വിസ്മയാവഹമാണ്. അന്നു ഞാൻ ധർമ്മാരാമിലെ റെക്ടറായിരുന്നു. കേരളത്തിലെ ഒരു കന്യാസ്ത്രി എന്ന കണ്ടപ്പോൾ, വളരെ സഹതാപം പ്രകടിപ്പിച്ചുകൊണ്ടു ഇങ്ങനെ പറഞ്ഞു. "ഞങ്ങളെല്ലാവരും ഉള്ളുരുകി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങയുടെ ഹൃദയവേദന ഞങ്ങൾക്കു ഏതാണ്ടു ഊഹിക്കാം. എന്തു കാര്യമാണ് സൂചിപ്പിക്കുന്നത് എന്നു ചോദിച്ചപ്പോൾ, സഹോദരി പറഞ്ഞു: "ഇത്തവണ ധർമ്മാരാമിൽ മെത്രാനച്ചൻ പട്ടം കൊടുത്ത സമയത്ത്, അഞ്ചാംപട്ടമേൽക്കാനുള്ളവരോട്, 'ഒരടി മുന്നോട്ടുവയ്ക്കാൻ ആജ്ഞാപിച്ചപ്പോൾ, അവരിൽ നിന്നു അഞ്ചാറുപേർ പിന്തിരിഞ്ഞു ഇറങ്ങിപ്പോയ സംഭവത്തെയാണ് ഞാൻ സൂചിപ്പിച്ചത്.' ഞാൻ ചോദിച്ചു: "ഇതാരാണു പറഞ്ഞത്?" സഹോദരി ഉടനെ നമ്മുടെ സഭയിലെ ഒരച്ചന്റെ പേരുപറഞ്ഞു. ആ വാർത്തയെ



പ്പറ്റി അവർ ഒട്ടും സംശയിച്ചിരുന്നില്ലെങ്കിൽ, അതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. ഇത്തരം വർത്തമാനം കേട്ടാൽ അതിന്റെ സത്യാവസ്ഥയെപ്പറ്റി അന്വേഷിക്കുകപോലും ചെയ്യാതെ, അതു മറ്റുള്ളവർക്കു കൈമാറ്റം ചെയ്യുന്നതു നിർഭാഗ്യകരമെന്നല്ലാതെ എന്തു പറയട്ടെ!

ചിലപ്പോൾ നമ്മുടെ സഭാംഗങ്ങളിൽ ചിലരെപ്പറ്റി, സങ്കടകരമായ ചില വാർത്തകൾ എനിക്കു ലഭിക്കാറുണ്ട്. സംശയത്തിന്നതീതരെന്നു ഗണിക്കപ്പെടുന്ന സാക്ഷികളുടെ വാക്കുകൾ അതേ പടി കുറിച്ചെടുത്ത്, വാർത്തയുടെ ഉത്ഭവസ്ഥാനമെന്നു അവർ സമർത്ഥിക്കുന്ന വ്യക്തികളെ സാവകാശം സമീപിക്കാറുണ്ട്. പലപ്പോഴും അവസാനമായി അവിടെ നിന്നും ലഭിക്കുന്നത്. "കേട്ടുകേൾവിയേ ഉള്ളൂ" എന്ന സമാധാനമാണ്. ചിലപ്പോൾ, ഛർദ്ദിച്ചെന്നു കേട്ട "കാക്ക"യുടെ സ്ഥാനത്തു കറുത്ത വറ്റും കണ്ടെത്താറുണ്ട്.

സഹോദരങ്ങളുടെ കുറ്റങ്ങൾ സംഭാഷണവിഷയമാക്കുക ആദരണീയമല്ല, മാന്യതയല്ല, പ്രത്യുതകുറ്റകരമാണ്. പ്രതികാരഭാവത്തോടെ ഈ രീതി അവലംബിക്കുന്നതു ക്രിസ്തീയമല്ല. ഒരാളെ തേജോവധം ചെയ്യുന്നത് അയാളുടെ ജീവഹാനി വരുത്തുന്നതിലും സാഹസമാണെന്നു പറയാറുണ്ട്.

തെറ്റു ചെയ്യുന്നവരെ തിരുത്തുന്നതിനോ അവരെ ഭീതിപ്പെടുത്തി, തെറ്റായ മാർഗ്ഗത്തിൽ നിന്നും വിരമിപ്പിക്കുന്നതിനോ, അവരുടെ കുറ്റം മറ്റുള്ളവരോടു അതേവിധമോ, നിറം കലർത്തിയോ പറയുന്നവരും ഇല്ലാത്ത കുറ്റങ്ങൾ ഉണ്ടാക്കിപ്പറയുന്നവരും നന്മയെ ഉദ്ദേശിച്ചു തിന്മ ചെയ്യുന്നു എന്നതാണു പരമാർത്ഥം. ഉള്ള കുറ്റം പറയുന്നവർ "പരദൂഷണം" (ditraction) എന്ന കുറ്റത്തിനു ഇല്ലാത്ത കുറ്റം ഉണ്ടാക്കിപ്പറയുന്നവർ "ഏഷണി" എന്ന കുറ്റത്തിനും ഉത്തരവാദികളായിത്തീരുന്നു. സമുദായത്തിന്റെ കെട്ടുറപ്പിനു അവശ്യാവശ്യമായ പരസ്പരസ്നേഹം, ബഹുമാനം, ഐക്യം എന്നിവയെ നശിപ്പിക്കുന്ന വിഷവാതകങ്ങളാണ് പരദൂഷണവും ഏഷണിയുമെങ്കിൽ, അവയെ സ്വസഹോദരന്റെ തെറ്റു തിരുത്തുന്നതിനുള്ള ആയുധമായി സ്വീകരിക്കുന്നവർ സ്വയം വഞ്ചിക്കുന്നു; സ്വാഭാവികപ്രമാണത്തെത്തന്നെ ഹീനമായി ലംഘിക്കുന്നു; സമൂഹത്തിന്റെ അടിത്തറ മാന്തുന്നു. ഈ അപരാധത്തിൽ നിന്നും ദൈവം നമ്മെ രക്ഷിക്കട്ടെ!

സഹോദരന്മാരെയോ, ശ്രേഷ്ഠന്മാരെയോ തിരുത്തേണ്ടതുണ്ടെങ്കിൽ, അവരെ തേജോവധം ചെയ്യാതെ, നേരായതും, മാന്യമായതുമായ മാർഗ്ഗം നാം അവലംബിക്കണം. ആദ്യമായി തന്നെ അവർക്കു തെറ്റു

മനസ്സിലാക്കുന്നതിനു ആവശ്യമായ ദിവ്യപ്രകാശം നല്കുന്നതിനു ദൈവത്തോടു അപേക്ഷിക്കണം. അവരുടെ അപരാധത്തിനുള്ള പരിഹാരത്തിന്റെ ഒരു ഭാഗം നാം തന്നെ ഏറ്റെടുത്ത്, അവർക്കുവേണ്ടി എന്തെങ്കിലും പ്രായശ്ചിത്തം (Vicarious penance) അനുഷ്ഠിക്കണം. അവർക്കു തെറ്റു പറ്റിയ വിഷയത്തിൽ അവർക്ക് നാം തന്നെ ഉന്നതമാതൃക നല്കണം. മറ്റുള്ളവർക്കു അവരോടുള്ള മതിപ്പു നഷ്ടപ്പെടാതാക്കെ ഒരു വാക്കുപോലും പറയാതെ, അവരെ, സ്നേഹപൂർവ്വം, രഹസ്യത്തിൽ കുറ്റം ഓർമ്മപ്പിച്ചുകൊടുക്കണം. നാം തന്നെ ഓർമ്മിപ്പിക്കുന്നതുകൊണ്ട് ഉപകാരമുണ്ടാകുമെന്ന പ്രതീക്ഷയില്ലെങ്കിൽ, ശ്രേഷ്ഠൻവഴി, അതേവിധം, ഓർമ്മിപ്പിച്ചു കൊടുക്കണം. അതുകൊണ്ടും ഉപകാരപ്പെടുകയില്ലെങ്കിൽ, മേൽ ശ്രേഷ്ഠൻവഴി, രഹസ്യത്തിൽ, സാവകാശം, ആ സ്നേഹകൃത്യം നിർവ്വഹിക്കണം. ഇപ്രകാരം ചെയ്താൽ, നാം നമ്മുടെ സഹോദരന്മാരെ നേടി സമൂഹത്തിന്റെ കെട്ടുറപ്പിനു സാരമായ സഹായവും, സഹകരണവും നല്കി എന്നു നമുക്കു സമാധാനിക്കാം. ഇതാണു ഈ വിഷയത്തിൽ നമ്മുടെ ആദർശം.

ഈ ആദർശത്തിൽ നിന്നും വിഭിന്നമായ പ്രവർത്തനരീതി നിശ്ശേഷം വർജ്ജിച്ച്, ആദർശോന്മുഖമായി എന്നും എവിടെയും വർത്തിയ്ക്കുവാൻ നമുക്കു പരിശ്രമിക്കാം.

**ഉപസംഹാരം:** അങ്ങനെ നമ്മുടെ കൊച്ചു മിഷൻ സ്റ്റേഷൻ നല്കിയ സന്ദേശം നമ്മുടെ മുദ്രാവാക്യമായിത്തീരട്ടെ! നമ്മെയും നമ്മുടെ ഭവനങ്ങളെയും, സ്ഥാപനങ്ങളെയും സന്ദർശിയ്ക്കുന്നവരിലേയ്ക്കും അതു ഒഴുകിച്ചെല്ലുവാൻ ഇടയാകട്ടെ! ഇതുതന്നെ, അവതീർണ്ണനായ ദൈവസുതനു നാം നല്കുന്ന വിശിഷ്ടസാക്ഷ്യമായിരിക്കും. അവിടുന്നു നമ്മെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ! ആമ്മേൻ

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**



# 17 സന്ന്യാസിയും തിരുസഭയും

**ഏപ്രിൽ 1970**

### മിശിഹായും, തിരുസഭയും:

"മിശിഹാസഭയെ സ്നേഹിച്ചു; അവൾക്കുവേണ്ടി സ്വയം സമർപ്പിച്ചു." "അവിടുന്ന് എന്നെ സ്നേഹിച്ചു; എനിക്കുവേണ്ടി സ്വയം ഏല്പിച്ചു കൊടുത്തു" (എഫേ.5:25; ഗാല.2, 20) ഈ പ്രസ്താവനകളുടെ പാവന സ്മരണ സജീവമാക്കുന്ന കാലഘട്ടമാണല്ലോ ഇത്.

എന്തിനാണ്, തിരുസഭക്കുവേണ്ടി- തിരുസഭയുടെഘടകമായ എനിക്കുവേണ്ടി- മിശിഹാസ്വയം സമർപ്പിച്ചത്? സ്വയം ഏല്പിച്ചുകൊടുത്തത്? ഇതിനുള്ള ഉത്തരം എഫേസ്യർക്കുള്ള ലേഖനത്തിൽ മുൻപറഞ്ഞഭാഗത്ത്, വി.പൗലോസ് തുടർന്നു പ്രസ്താവിക്കുന്നതിൽ നിന്ന് സ്പഷ്ടമാകുന്നുണ്ട്. തിരുസഭയെ വിശുദ്ധീകരിക്കുന്നതിനും, പവിത്രീകരിക്കുന്നതിനും, ജരയോ നരയോ കറയോ കളങ്കമോ കൂടാതെ വിശുദ്ധമാക്കി, മഹത്വപൂർണ്ണയാക്കി, തന്റെ സ്വന്തമായി കാക്കുന്നതിനുവേണ്ടി. ഈ ഉദ്ദേശത്തോടെ അവിടുന്നു സുഖസൗകര്യാദികൾ മാറ്റിവെച്ചു; ജീവാർപ്പണം ചെയ്തു; ധനികനായിരിക്കെ ദരിദ്രനായി; ബ്രഹ്മചാരിയായി; കുരിശുമരണത്തോളം കീഴ്വഴങ്ങി.

### സ്വർഗ്ഗരാജ്യവും തിരുസഭയും:

വിവാഹത്തെപ്പറ്റി പറയേണ്ടിവന്നപ്പോൾ, ദിവ്യഗുരു നൽകിയ പ്രബോധനം ശ്രദ്ധേയമാണ്. വിവാഹസാദ്ധ്യതയില്ലാതെ ജനിക്കുന്നവരുണ്ട്. വിവാഹസാദ്ധ്യത നഷ്ടപ്പെടുത്തുന്നവരുമുണ്ട്, സ്വർഗ്ഗരാജ്യത്തെ പ്രതി സ്വയം അവിവാഹിതരായി ജീവിക്കുന്നവരുണ്ട്. (മത്തായി. 19:12 കാണുക). ഇവിടെ, സ്വർഗ്ഗരാജ്യത്തെപ്രതി എന്നപദത്തെ 'സ്വർഗ്ഗം പ്രാപിക്കുവാൻ' വേണ്ടി എന്നു വ്യാഖ്യാനിക്കുന്നത് സംഗതമല്ല, മാമ്മോദീസ പോലെ ബ്രഹ്മചര്യവും സ്വർഗ്ഗപ്രാപ്തിക്ക് ആവശ്യമാണെന്നവിവക്ഷ തീർച്ചയായും ഈ പ്രബോധനത്തിലില്ല. "സ്വർഗ്ഗരാജ്യം" എന്ന പദം

വി. മത്തായിയുടെ സുവിശേഷത്തിൽ പല പ്രാവശ്യം ഉപയോഗിച്ചുകാണുന്നുണ്ട്. "സ്വർഗ്ഗരാജ്യം കടലിലെറിയപ്പെട്ടവലപോലെയാണ്," "സ്വർഗ്ഗരാജ്യം ഒരു കടുകുമണിപോലെയാണ്" (മത്തായി. 13:47, 13: 31) മുതലായ പ്രസ്താവനകളിൽ ആ പദത്തിനുനല്കേണ്ടഅർത്ഥം സ്പഷ്ടമായും "തിരുസഭ" എന്നാണല്ലോ.

**തിരുസഭയും ബ്രഹ്മചര്യവും:**

വി.പൗലോസിന്റെ മുന്നുദ്ധരിച്ച ഭാഗത്തേയ്ക്ക് ഒന്നു കൂടി തിരിയുക: "മിശിഹാ സഭയെ സ്നേഹിച്ചു; അവൾക്കുവേണ്ടി സ്വയം സമർപ്പിച്ചു." അവൾക്കായി അവിടുന്നു ദരിദ്രനായി, ബ്രഹ്മചാരിയായി കുരിശുമരണംവരെ കീഴ്വഴങ്ങി. ബ്രഹ്മചര്യം വരിക്കുക എല്ലാവർക്കും സാദ്ധ്യമല്ല. (വി.മത്തായി. 19:12). പക്ഷേ, തിരുസഭയെപ്രതി - തിരുസഭയെ വിശുദ്ധീകരിക്കുന്നതിനും മഹത്വപൂർണ്ണയാക്കുന്നതിനുമുള്ള ജോലിക്കുവേണ്ടി വിവാഹം ഉപേക്ഷിക്കുവാൻ ദൈവത്തിൽ നിന്നും ആഹ്വാനം ലഭിക്കുന്നവരുണ്ട്. അവർക്കതുസാദ്ധ്യമാണ്. അവർ മിശിഹായെപ്പോലെ തിരുസഭയെപ്രതി ബ്രഹ്മചര്യം വരിക്കുന്നു. ഇവർ തിരുസഭയിൽ പ്രായേണ സന്യാസികളെന്ന് അറിയപ്പെടുവാൻ തുടങ്ങി.

**മിശിഹായും സന്യാസിയും തിരുസഭയും ബ്രഹ്മചര്യവും:**

സന്യാസിയുടെ മൂലപ്രമാണം, രണ്ടാം വത്തിക്കാന്റെ വാക്കുകളിൽ, മിശിഹാനുകരണമാണല്ലോ. മിശിഹായെ അനുകരിച്ച്, തിരുസഭയെപ്രതി, സ്വയം ബ്രഹ്മചാരികളാകുന്നവരും, ദാരിദ്ര്യം വഹിക്കുന്നവരും, ആജ്ഞാനുസരണം വാഗ്ദാനം ചെയ്യുന്നവരുമാണ് സന്യാസികളെങ്കിൽ, സന്യാസിയും തിരുസഭയും തമ്മിലുള്ള ബന്ധം സ്പഷ്ടമാണ്. ചുരുക്കത്തിൽ, എല്ലാം ഉപേക്ഷിച്ച്, തിരുസഭയ്ക്കായി ജീവിതം ഉഴിഞ്ഞുവച്ചിട്ടുള്ളവരാണ് സന്യാസികൾ. തിരുസഭയെപ്രതി അതായത്, തിരുസഭയെ വിശുദ്ധീകരിക്കാൻ, പവിത്രീകരിക്കാൻ, മഹത്വപൂർണ്ണയാക്കാൻവേണ്ടി ജീവിതം സമർപ്പിച്ചിട്ടുള്ളവരാണ് സന്യാസികളെങ്കിൽ, തിരുസഭയ്ക്കുവേണ്ടി ബുദ്ധിമുട്ടാൻ, വിയർക്കാൻ, ഉറക്കമിളക്കാൻ, ശക്തിപകർന്നുകൊടുക്കുവാൻ, ജീവൻ പൂജിക്കുവാൻ സന്നദ്ധതയില്ലാത്ത സന്യാസി ഒരു വികൃതസത്വമാണ് - മിശിഹായുടെ അനുകരണമല്ല അയാളുടെ പ്രമാണം; അയാൾ ബ്രഹ്മചാരിയായിരിക്കുന്നത് സ്വർഗ്ഗരാജ്യത്തെപ്രതി അല്ല, പ്രത്യുത പരോക്ഷമായിട്ടെങ്കിലും, സ്വാർത്ഥപൂരണത്തിനായും സുഖസൗകര്യം തേടിയുമാണെന്നുസിദ്ധം.



**സന്യാസിയും അനുസരണവും:**

തിരുസഭയ്ക്കുവേണ്ടി മിശിഹായെ അനുകരിച്ച് സ്വയം സമർപ്പിക്കുന്നവൻ- തിരുസഭയെ പവിത്രീകരിക്കാനും മഹത്വപൂർണ്ണയാക്കാനും ജീവിതം സമർപ്പിച്ചിട്ടുള്ളവൻ - സഭാധികാരികളോടൊത്തു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തേതീരൂ. സ്വന്തം കൂർവാടുകൾക്കനുസരണം പ്രയത്നിക്കുന്നവൻ തിരുസഭയെ അലങ്കരിക്കുന്നതിനുപകരം അലങ്കോലപ്പെടുത്തിയെന്നുവരാം. മുന്തിരിത്തോട്ടത്തിൽ സന്ധ്യവരെ ജോലിചെയ്തിട്ടും, മുക്കാലിയിലെ അടിയ്ക്കുമാത്രം അവൻ അർഹനായെന്നുവന്നാൽ അത്ഭുതപ്പെടാനില്ല. തിരുസഭയുടെ സമൂലമഹത്വീകരണാർത്ഥം പ്ലാനിട്ടുപ്രവർത്തിക്കുന്നതിന് തിരുസഭാനാഥൻ നിശ്ചയിച്ചിട്ടുള്ള അധികാരികളൊത്തു പ്രവർത്തിച്ചാൽ മാത്രമേ നാം മിശിഹായോടുകൂടി തിരുസഭയെ പണിതുയർത്തുന്നവരാകയുള്ളൂ. അല്ലാത്തവർ സ്വാർത്ഥലാഭത്തിനായി ക്രയവിക്രയം നടത്താൻ ദേവാലയത്തിൽ കയറിപ്പറ്റിയ കച്ചവടക്കാർക്കും നാണയമാറ്റക്കാർക്കും തുല്യരായിരിക്കും.

**സന്യാസിയും ദാരിദ്ര്യവും:**

തിരുസഭയെപ്രതി സ്വയം ദരിദ്രനാക്കുവാൻ തിരുസഭയുടെ ആവശ്യങ്ങൾ നടക്കുവാൻ, തിരുസഭയെ മഹത്വപൂർണ്ണയാക്കുവാൻ, സ്വന്തമായിട്ടുള്ളവ സസന്തോഷം കൈകാറും: തത്ഫലമായി സഹിക്കേണ്ടിവരുന്ന നഷ്ടങ്ങളിലും അസൗകര്യങ്ങളിലും അവൻ ആനന്ദിക്കുകയും അഭിമാനം കൊള്ളുകയും ചെയ്യും.

**തിരുസഭാസേവനം:**

i **വിശുദ്ധീകരണം**: വിശുദ്ധസ്ഥലത്തിരുന്ന്, തിരുസഭയുടെ വിശുദ്ധീകരണജോലിയിൽ, ദിവ്യവചനശുശ്രൂഷയിൽ, ദിവ്യപൂജാർപ്പണത്തിൽ, മറ്റു പ്രാർത്ഥനാപരിപാടികളിൽ ഭക്തിപൂർവ്വം വ്യാപൃതരാകുവാൻ സന്നദ്ധതയും സമയവുമുള്ള, വിശുദ്ധിയുടെ സജീവമാതൃകകളായ വൈദികരെ തിരുസഭയ്ക്ക് ധാരാളം ആവശ്യമുണ്ട്. തിരുസഭയ്ക്കുവേണ്ടി സ്വയം സമർപ്പിച്ചിരിക്കുന്നവരുടെ പരമപ്രധാനമായ ജോലിസ്ഥലമാണ് ദേവാലയം. നിരന്തരമായ "വിതയും കൊയ്ത്തും" നടക്കേണ്ട സ്ഥലമാണത്.

പുറത്തോട്ടിറങ്ങി, നിലം കണ്ടുപിടിക്കുന്നതിനും ഉഴുത് ഒരുക്കുന്നതിനുമുള്ള ജോലി അദ്ധ്വാനപരമെങ്കിലും, മാനുഷികമായ ആശ്വാസവും സ്വാഭാവികകഴിവുകളുടെ പ്രകടനത്തിനു കൂടുതൽ അവസരവും നല്കു

ന്നതാണ്. അതുകൊണ്ടായിരിക്കാം പലർക്കും അതുകൂടുതൽ ആകർഷകമായി തോന്നുന്നത്. ഈ ജോലി എന്നത്തേയുംകാൾ കൂടുതൽ ആവശ്യമാണിന്ന്. പക്ഷെ അതിലേയ്ക്കുള്ള ഒഴുക്കുകൊണ്ട് വിശുദ്ധസ്ഥലം വിജനമായി കിടക്കേണ്ടിവരുന്നത് നിർഭാഗ്യകരമാണ്.

തിരുസഭയുടെ ആവശ്യം മനസ്സിലാക്കി നമ്മുടെ സേവനം ക്രമീകരിക്കണം. നിലമൊരുക്കാൻ ആളുകൾ കൂടുതൽ വേണം, അതിന് ആനുപാതികമായി, വിതയ്ക്കാനും കൊയ്യാനും ജോലിക്കാർ വർദ്ധിക്കണം, ഒരേ വ്യക്തിതന്നെ രണ്ടിനും പ്രാപ്തിയുള്ളവനായാലേ ഇന്നത്തെ അടിയന്തിരാവസ്ഥയെ കാര്യക്ഷമമായി നേരിടാൻ നമുക്കു സാധിക്കയുള്ളു. അതിനാൽ രണ്ടിനും നൈപുണ്യമുള്ളവനായിരുന്ന നമ്മുടെ പിതാവ് കുര്യാക്കോസച്ചനെപ്പോലെ, നലം തികഞ്ഞ കർമ്മയോഗികളായി നമ്മളോരോരുത്തരും തീരണമെന്നത് തിരുസഭയുടെ ഇന്നത്തെ വലിയ ആവശ്യമാണ്.

**ii സാങ്കേതികജ്ഞാന പര്യാപ്തത**: ആധുനികലോകത്തിൽ തിരുസഭയുടെ ശോഭ നാലുപാടും വീശുന്നതിന് അജപാലനകൃത്യങ്ങൾക്കായി ഒരോ തുറയിലും സാങ്കേതികപരിശീലനം സിദ്ധിച്ചിട്ടുള്ള, വിശുദ്ധരും പ്രഗത്ഭരുമായ വൈദികരും അത്മായരും ഉണ്ടായേതീരൂ. നമ്മുടെ സഭ ഇക്കാര്യത്തിൽ തിരുസഭയുടെ ആവശ്യം പരിഗണിച്ച് മുന്നേറേണ്ടതുണ്ട്. അത്തരം വൈദികരും സഹോദരന്മാരും ധാരാളമുണ്ടാകുന്നതിന് മേൽശ്രേഷ്ഠന്മാർ പ്ലാനിട്ടുപ്രവർത്തിക്കണം. കീഴുള്ളവർ ആ പ്ലാനനുസരിച്ച് സസന്തോഷം സഹകരിക്കണം. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഭക്തസംഘടനകളും വഴി പ്രഗത്ഭരായ അത്മായപ്രവർത്തകരെ രൂപീകരിക്കാൻ അവയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും പരമാവധി പരിശ്രമിക്കണം.

**iii സ്വയം പര്യാപ്തത**: പരാധീനതയാണ് ഇൻഡ്യൻ സഭയുടെ വളർച്ചയെ സാരമായി ബാധിക്കുന്ന ഒരു ദുരദൃഷ്ടം. ഇതു പരിഹരിക്കുന്നതിന് ഏറ്റവും ആവശ്യമായത്, തിരുസഭയെ വളർത്തിയെടുക്കുന്നതിനായി, ഓരോ ക്രിസ്ത്യാനിയും തനിക്കുള്ളതിൽ നിന്ന് സാരമായ ഭാഗം സംഭാവനചെയ്യുവാൻ ബാദ്ധ്യസ്ഥനാണെന്നസത്യം ജനഹൃദയങ്ങളിൽ രൂഢമൂലമാക്കുകയാണ്. അതിനുനമ്മുടെ ഭാഗത്തുനിന്ന് ബോധപൂർവ്വമായ ഒരു പരിശ്രമം നടത്തേണ്ടതുണ്ട്. നമ്മുടെ പ്രസംഗങ്ങൾ വഴി ഈ സത്യത്തെപ്പററിയുള്ള സജീവബോധ്യം ജനങ്ങളിൽ വളർത്തണം. നമ്മുടെ ഭാഗത്തുനിന്നു നല്കാവുന്ന സംഭാവനകൾ, ധാരാളതയിൽ, ഏവർക്കും മാതൃകയായിരിക്കണം. Commonpool of funds" സംബന്ധിച്ച് C.B.C.I. ചെയ്തിരിക്കുന്ന നിശ്ചയം പ്രാവർത്തികമാക്കുന്നതിൽ നമ്മുടെ സഹകരണം ഏവർക്കും മാതൃകയായിരിക്കട്ടെ. പൊതുസംഘനിശ്ചയം ഇതുതന്നെയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. "Pool of funds" സംബന്ധിച്ച് C.B.C.I. പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലഘുലേഖ ഓരോ ഭവനത്തിലേക്കും അയച്ചുതരുന്നതാണ്. അതിൽ കാര്യങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.



ഇക്കൊല്ലത്തേയ്ക്ക് നമ്മുടെ സഭയിൽ നിന്നുള്ള സംഭാവന ഒരുമിച്ചുകൂടി ജൂൺ 1-ാം തിയ്യതി അയച്ചു കൊടുക്കത്തക്കവിധം, മെയ് 15-ാം തിയ്യതിക്കകം ഓരോ ഭവനത്തിൽ നിന്നും സ്ഥാപനത്തിൽ നിന്നും നല്കേണ്ടത് കേന്ദ്രധനകാര്യസെക്രട്ടേറിയേറ്റിലേയ്ക്ക് അയച്ചുതരണമെന്ന് താത്പര്യപ്പെടുന്നു.

ഉയിർപ്പുകാലമംഗളങ്ങൾ എല്ലാവർക്കും ആശംസിച്ചുകൊണ്ട്,

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**

# 18 ആരാധനയും ആരാധനാജീവിതവും

ജൂലൈ 1970

സൃഷ്ടികൾ, സൃഷ്ടികളെന്നന്യായത്താൽ തന്നെ, സ്രഷ്ടാവിനെ ആരാധിക്കുവാൻ കടപ്പെടുന്നു. ജ്ഞാനസ്നാനത്തിൽ, ഓരോ ക്രൈസ്തവനും, ദൈവാരാധനയ്ക്കായി പ്രത്യേകവിധം പ്രതിഷ്ഠിക്കപ്പെടുകയും, സൃഷ്ടജാലങ്ങളെയെല്ലാം പ്രതിനിധീകരിച്ച് സ്രഷ്ടാവിനെ സ്തുതിക്കുവാനും, അവിടത്തേയ്ക്കുകാഴ്ചകൾ സമർപ്പിക്കുവാനുമായി പൗരോഹിത്യപദവിയിലേയ്ക്ക് ഉയർത്തപ്പെടുകയും ചെയ്യുന്നു. സന്യാസവ്രതങ്ങൾ ജ്ഞാനസ്നാനത്തിലെ പ്രതിഷ്ഠയുടെ ദൃഢീകരണവും തീവ്രീകരണവുമാണല്ലോ. വൈദികപട്ടമാകട്ടെ, ആരാധനയുടെ ഉന്നതമായ ഔദ്യോഗികകൃത്യങ്ങൾക്കായി, വിശുദ്ധിയുടെ വിശുദ്ധസ്ഥലത്തേയ്ക്ക് നമ്മെ ആനയിക്കുകയും ചെയ്യുന്നു.

നാം, ബാല്യകാലംമുതൽ തന്നെ ദൈവാരാധന നടത്തുന്നവരാണ്. അന്ന്, മാതാപിതാക്കന്മാരും സഹോദരീസഹോദരന്മാരും ചൊല്ലിത്തന്ന വാക്കുകൾ നാം ഹൃദിസ്ഥമാക്കി, അവർ ഉരുവിടുന്നതുപോലെ തന്നെ അവ നാം ഉരുവിട്ടു, അവർ ചെയ്തുകാണിച്ച ആചാരങ്ങൾ അതേപടി നാം പകർത്തിയെടുത്തു.

ബുദ്ധിവച്ചതോടെ, വാക്കുകളുടെ അർത്ഥവും, ആചാരങ്ങളുടെ അടിസ്ഥാനവും നമുക്കുമനസ്സിലായിത്തുടങ്ങി. അതോടെ, നമ്മുടെ ആരാധന, നമുക്കു കൂടുതൽ അർത്ഥവത്താകുകയും അതിനില്ലാതിരുന്ന ഒരുജീവൻ നമ്മുടെ ഹൃദയാന്തർഭാഗത്തുനിന്ന് അതിലേയ്ക്ക് ഒഴുകിവരികയും ചെയ്തു. കാരണം: അറിവും, അവബോധവും, തജ്ജന്യമായ ആഗ്രഹവും, അഭിനിവേശവുമാണ്, വാക്കുകൾക്കും ആചാരങ്ങൾക്കും ജീവനും, ചൈതന്യവും, ഉന്മേഷവും, ആവേശവും പകർന്നുകൊടുക്കുന്നത്. ഇവയുടെ അഭാവത്തിൽ, അധരംകൊണ്ട് നാം ദൈവത്തെ ആരാധിക്കുന്നുവെങ്കിലും, ഹൃദയം കൊണ്ട് അങ്ങിൽ നിന്നും അകന്നിരിക്കുന്നുവെന്നുവരാം. “ഈ ജനം അധരം കൊണ്ട് എന്നെ ആരാധിക്കുന്നു; എങ്കിലും ഹൃദയം കൊണ്ട് എന്നിൽ നിന്ന് അകന്നിരിക്കുന്നു.” എന്ന



ദൈവോക്തി ഈ വസ്തുതയെ ഉദാഹരിക്കുന്നു. (Mt. 15,8).

**ആരാധനയും അവബോധവും.**

ആരാധനയ്ക്കു ജീവൻ നല്കുന്ന അവബോധത്തെപ്പറ്റി സ്വല്പം ചിന്തിക്കാം. ദൈവത്തോടുള്ള തന്റെ ബന്ധത്തെ മനുഷ്യൻ പലവിധത്തിൽ വാക്കുകൊണ്ടും, ആചാരങ്ങൾ കൊണ്ടും പ്രകടിപ്പിക്കുന്ന പ്രക്രിയയാണ് ആരാധനയെങ്കിൽ, പ്രസ്തുത ബന്ധത്തെപ്പറ്റിയുള്ള അവബോധമാണ് ആരാധനയെ സജീവമാക്കുന്നത്. അവബോധം അറിവിൽ നിന്ന് സംജാതമാകുന്നു. മനുഷ്യനു ദൈവത്തോടുള്ള ബന്ധം സംബന്ധിച്ച അറിവിന്റെ സ്രോതസ്സാകട്ടെ, ദൈവവും മനുഷ്യനുമായുള്ള ഉടമ്പടികളുടെ ചരിത്രം ഉൾക്കൊള്ളുന്ന വി.ഗ്രന്ഥമാണ്. വി.ഗ്രന്ഥത്തിന്റെ പ്രഥമകർത്താവു ദൈവം തന്നെ ആയതുകൊണ്ട് അതിലെ വാക്കുകൾ ദൈവവചനങ്ങളാണ്. ദൈവാരാധനയും വി.ഗ്രന്ഥവും തമ്മിലുള്ള ബന്ധം ഇതിൽ നിന്നും സ്പഷ്ടമാകുന്നു.

ആരാധനക്രമത്തിൽ നാം ഉരുവിടുന്ന പ്രാർത്ഥനകളും അനുസ്മരിക്കുന്ന വസ്തുതകളും, പലയിടത്തും, വി.ഗ്രന്ഥത്തിൽ നിന്നും പദാനുപദം പകർത്തിയെടുത്തിട്ടുള്ളവയാണെന്നു കാണാം. ആരാധകർ ആലപിക്കുന്ന സങ്കീർത്തനഭാഗം നോക്കുക:

ഭൂവാസികളെ കർത്താവിനെസ്തുതിക്കുവിൻ,
സന്തോഷപൂർവ്വം അവിടത്തെ പൂജിക്കുവിൻ....
അവിടന്നു നമ്മുടെ സ്രഷ്ടാവാകുന്നു;
നാം അവിടത്തെ അജങ്ങളും ജനവുമാകുന്നു....
നന്ദിനിറഞ്ഞ ഹൃദയത്തോടെ,
അവിടത്തെ നാമം പ്രകീർത്തിക്കുവിൻ
കർത്താവുനല്ലവനും കാരുണ്യവാനുമാകുന്നു.
അവിടുത്തെ വിശ്വസ്തത എന്നും നിലനില്ക്കും

(സങ്കീ.95)

രക്ഷണീയചരിത്രത്തിന്റെ അടിസ്ഥാനവസ്തുതകളാണ് ഈ ആരാധനാകീർത്തനത്തിൽ അനുസ്മരിക്കപ്പെടുന്നത്. ദൈവം സർവ്വശക്തനായ സ്രഷ്ടാവ്, ഞങ്ങൾ അല്പരായസൃഷ്ടികൾ, ആദത്തിന്റെ സന്തതികൾ, പാപംമൂലം ശാപമേറ്റവർ, ദൈവത്തിന്റെ വാഗ്ദാനത്തിൽ നിന്നും പ്രതീക്ഷപ്രാപിച്ച്, അവിടത്തെ ഉടമ്പടിപ്രകാരം, അവിടത്തെ ജനവും ആട്ടിൻ പറ്റവുമായിത്തീർന്നവർ! ഈ പ്രതീക്ഷ ഒരിക്കലും അസ്ഥാനത്താവുകയില്ല. കാരണം: ദൈവം വിശ്വസ്തനാണെന്ന് നാളിതുവരെ

യുള്ള ചരിത്രവും, സുബുദ്ധിയും ഉറപ്പു നല്കുന്നു.

ഈ വസ്തുക്കളെപ്പറ്റിയുള്ള പാരായണവും, ശ്രവണവും പഠനവും, അനുചിന്തനവും, ആരാധകരുടെ ഹൃദയാന്തർ ഭാഗത്തു നിന്നും സ്നേഹം, സ്തുതി, കൃതജ്ഞതമുതലായ വികാരങ്ങളുടെ ശക്തിയായ നീരുറവകൾ പൊട്ടിപുറപ്പെടുത്തുന്നു. അവ ഹൃദയം കവിഞ്ഞൊഴുകി വാക്കുകളിലേയ്ക്കും ആചാരങ്ങളിലേയ്ക്കും നിർഗ്ഗളിക്കുന്നു. ഇതാണ് സജീവമായ ദൈവാരാധന.

വിശുദ്ധരായ പൂർവ്വപിതാക്കന്മാരിൽ നിന്നും ഈ വിധം നിർഗ്ഗളിച്ചിട്ടുള്ള അതിവിശിഷ്ടങ്ങളായ ആരാധനപ്രകരണങ്ങളും പ്രകടനങ്ങളും സമ്യക്കായീ സമാഹരിച്ചെടുത്തിട്ടുള്ളതാണ്, ഇന്നത്തെ നമ്മുടെ ദിവ്യപൂജയിലെ ആരാധനക്രമം. അതിൽ നാലു പ്രധാനഘടകങ്ങളുണ്ട്:

1. സംഘാതമായ പ്രാർത്ഥനയും, പാരായണവും, ഗാനാലാപങ്ങളും,
2. കാഴ്ചസമർപ്പണം.
3. കാഴ്ചവസ്തുക്കളുടെ രൂപാന്തരീകരണം,
4. അവയിലൂടെ ദൈവവുമായുള്ള നമ്മുടെ ഏകീകരണം.

ഇവയുടെ അടിസ്ഥാനവസ്തുതകളും, തത്വങ്ങളും, സൂചനകളും, പ്രതിഛായകളും സംബന്ധിച്ചു ശരിയായ ജ്ഞാനമാണല്ലോ, ഇവയെ സജീവമാക്കേണ്ടചൈതന്യം നമ്മിൽ ഉല്പാദിപ്പിക്കുന്നത്. ആരാധനയ്ക്കു ജീവൻ നല്കുന്ന ചൈതന്യമാണ് നമ്മുടെ ചൈതന്യമെങ്കിൽ, നമ്മുടെ പ്രവൃത്തികളെല്ലാം തന്നെ അതിനാൽ സജീവമാക്കപ്പെടും എന്നു സിദ്ധം. അവയെല്ലാം നമ്മുടെ ആരാധനയുടെ തുടർച്ചയായിരിക്കും; വിപുലീകരണമായിരിക്കും: അങ്ങനെയെങ്കിൽ നമ്മുടെ ജീവിതം മുഴുവൻ ആരാധന ജീവിതമായിരിക്കും. വാസ്തവം ഇതാണോ എന്ന് ഓരോരുത്തരും ചിന്തിച്ചു നോക്കേണ്ടതാണ് .

1. സംഘാതമായ സ്തുതികീർത്തനം.

സംഘാതമായ പ്രാർത്ഥനയും, പാരായണവും, സ്തുതികീർത്തനവും, ദൈവവുമായുള്ള രണ്ടു ഉടമ്പടികളുടെയും അടിസ്ഥാനത്തിലാണു വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. സീനാമലപ്പുറത്തുവച്ചു നടന്ന ആദ്യത്തെ ഉടമ്പടിവഴിയായി (Exod 19/6) കർത്താവ് നമ്മുടെ ദൈവവും, നാം അവിടുത്തെ ജനവുമായിത്തീർന്നു. അവിടുന്ന് നമ്മുടെ ഇടയനും നാം അവിടുത്തെ അജഗണവുമായി. കാൽവരിമലപ്പുറത്തുവച്ചു നടന്ന രണ്ടാമത്തെ ഉടമ്പടി വഴിയായി, നാം മിശിഹായുടെ ശരീരത്തിന്റെ അവയവങ്ങളുമായിത്തീർന്നു (1 Cor. 12:4), മിശിഹായാകുന്ന



തായ്തണ്ടിന്റെ ശിഖരങ്ങളായിത്തീർന്നു. (John.15:1).

ഒരേ ജനത്തിലെ വ്യക്തികളെന്നനിലയിൽ, ഒരേ ആട്ടിൻ പറ്റത്തിലെ

അജഗണങ്ങളെന്നനിലയിൽ, ഒരേശരീരത്തിന്റെ അവയവങ്ങളെന്ന നിലയിൽ, ഒരേ മുന്തിരിച്ചെടിയുടെ ശിഖരങ്ങളെന്നനിലയിൽ, നാം പലരാണെങ്കിലും, നമുക്കു "ഒരേ മനസ്സും, ഒരേ സ്നേഹവും, ഒരേ ആത്മാവും, ഒരേ അഭിപ്രായവും (Phil.2,2) ആകുമ്പോഴേ, നമ്മുടെ ദൈവത്തിന്റെ, നമ്മുടെ ഇടയന്റെ, നമ്മുടെ ശിരസ്സിന്റെ സന്തോഷം പൂർത്തീയാവുകയുള്ളൂ.

ആ സന്തോഷം അവിടുത്തേയ്ക്കു നല്കുന്നതിനുള്ള സംഘാതശ്രമമാണ്, നമ്മുടെ സംഘാതമായ പ്രാർത്ഥനയും, പാരായണവും, ഗാനാലാപവും, ഇവകൊണ്ട് നാം എന്തു സൂചിപ്പിക്കുന്നുവോ, അതുസംബന്ധിച്ച അവബോധം നമുക്കുണ്ടെങ്കിൽ, നമ്മുടെ പ്രാർത്ഥനയും, പാരായണവും, സ്തുതികീർത്തനവും, ക്രമീകൃതമായി, ഒരേ സ്വരത്തിൽ, വേണ്ട നിർത്തുകളോടുകൂടി, ധ്യാനപൂർവ്വം, പരസ്പരം മാതൃകനല്കുന്ന ഭക്തിയോടും, ശ്രദ്ധയോടും, വിശുദ്ധിയോടുംകൂടി നിർവ്വഹിക്കുവാൻ നാം പ്രയത്നിക്കുകയില്ലേ? സ്വർഗ്ഗത്തിൽ, എന്നും എന്നുന്നേയ്ക്കും, ദൈവസമക്ഷം, ഒന്നു ചേർന്ന് നടത്തുവാനിരിയ്ക്കുന്ന പരിപൂർണ്ണമായ ആരാധനയുടെ ഒരു നാന്ദിയാണ് ബലിപീഠത്തിങ്കൽ ഇന്നു നടക്കുന്നതെന്നചിന്ത, നമുക്കും, നമ്മുടെ സഹോദരങ്ങൾക്കും അതു അനുവേദ്യമാകത്തക്കവിധം അതിൽ പരമാവധിസഹകരിക്കുവാൻ നമ്മെ ഉത്തേജിപ്പിക്കട്ടെ!

**2. കാഴ്ചസമർപ്പണം:**

നമ്മുടെ അസ്തിത്വം മുഴുവൻ സ്രഷ്ടാവിൽ നിന്നു ലഭിച്ചിരിക്കേ, അതു മുഴുവനും, അതുവഴിയായി നമുക്കുകൈവന്നിട്ടുള്ള സർവ്വസ്വവും അവിടത്തേയ്ക്കു സമർപ്പിക്കുന്നതിന്, നമ്മുടെ അസ്തിത്വം തന്നെ നമ്മെ നിർബന്ധിക്കുന്നു. അതിനുംപുറമെ, നാശഗർത്തത്തിൽ നിപതിച്ച നമ്മെ വിശുദ്ധീകരിച്ച്, പവിത്രീകരിച്ച്, ജരയോ നരയോ, കൂടാത്ത, ഒരു പരിശുദ്ധ ജനമായി ഒന്നിച്ചുചേർത്ത്, ഒരേ ശരീരമാക്കിയ പരമകാരുണികനെ എന്നുമെന്നും പാടിസ്തുതിയ്ക്കുവാനും നാം കടപ്പെടുന്നു. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ, അവതരിച്ച ദൈവജ്ഞാനം നമ്മെ പഠിപ്പിച്ചതനുസരിച്ച്, അനേകം സൂചനകളടങ്ങുന്ന അപ്പവും വീഞ്ഞും, അത്യുന്നതനായ ദൈവത്തിനു നാം സമർപ്പിക്കുന്നു.

ഈ കാഴ്ചവസ്തുക്കളിൽ, ഗോതമ്പുമണി ഗോതമ്പുമണിയോടു പൊടിഞ്ഞു ചേർന്നിരിക്കുന്ന രീതിയിലും, മുന്തിരിപ്പഴം മുന്തിരിപ്പഴത്തോടു അലിഞ്ഞു ചേർന്നിരിക്കുന്നവിധത്തിലും, നമ്മുടെ സഹോദരങ്ങളോട് ഒന്നിച്ചുചേരുന്നതിന് നിരന്തരം നാം പരിശ്രമിച്ചുകൊണ്ടിരിക്കുന്നില്ലെങ്കിൽ, നമ്മുടെ ആരാധനയും നമ്മുടെ ജീവിതവുമായി പൊരുത്തമുണ്ടെന്നുപറയാമോ? നമ്മുടെ ആരാധനയിൽ, ആത്മാർത്ഥതയില്ലെന്നുസ്പഷ്ടം. ദിവ്യഗുരു നമ്മോടു പറയും: ആ കാഴ്ചവസ്തുഅവിടെ വച്ച്, ആദ്യം നിന്റെ സഹോദരനുമായി രമ്യപ്പെടുക; അതിനുശേഷം അതെടുത്ത് ബലിപീഠത്തിലേയ്ക്കുവരിക എന്ന്. (Cfr. Mt. 5,23).

**3. രൂപാന്തരീകരണം;**

നമ്മെ പ്രതിനിധീകരിക്കുന്ന അനേകം ഗോതമ്പുമണികൾ കൂട്ടിപ്പൊടിച്ച് വെള്ളം കൂട്ടിക്കുഴച്ച് തീയിൽ ചുട്ടെടുത്ത അപ്പത്തെയും, അനേകം മുന്തിരിപ്പഴങ്ങൾ കൂട്ടിപ്പിഴിഞ്ഞെടുത്ത ദ്രാക്ഷാരസത്തെയും, ദൈവസുതൻ, നമ്മുടെ അധരങ്ങളിലൂടെ ഉരുവിടുന്ന വചനങ്ങൾവഴി, തന്റെ ശരീരരക്തങ്ങളായി പകർത്തുന്ന അനുപമരംഗത്തുവച്ച്, നമുക്കു അങ്ങിൽ നിന്നും ലഭിക്കുന്ന ദൗത്യം എന്താണ്? "എപ്പോഴെങ്കിലും, നിങ്ങൾ എന്റെ നാമത്തിൽ, ഒന്നിച്ചുകൂടുമ്പോൾ, ഇത് എന്റെ ഓർമ്മക്കായിച്ചെയ്യുക." നിങ്ങളുടെ വാക്കുകൾ വഴി സർവ്വസ്വവും എന്നിലേയ്ക്കുപകർത്തുക. എല്ലാവരെയും, എല്ലാറ്റിനെയും ദൈവസുതനിലേയ്ക്ക് ആനയിക്കുന്നതിനും – കേന്ദ്രീകരിക്കുന്നതിനും – എല്ലാം അങ്ങിലേയ്ക്കു രൂപാന്തരപ്പെടുത്തുന്നതിനുമുള്ള ദൗത്യമല്ലേ ബലിപീഠത്തിൽ വച്ചു നമുക്കു ലഭിക്കുന്നത്? കൂദാശകൾ ഓരോന്നിലും, നമ്മുടെ വാക്കുകൾ വഴി ഈ രൂപാന്തരീകരണം, നാം നടത്തുന്നുണ്ട്. നാം സ്വീകരിച്ചിരിക്കുന്ന ദൗത്യം ഇതു മാത്രമാണോ? എപ്പോഴെങ്കിലും, എവിടെയെങ്കിലും, ആരെങ്കിലുമായി അവിടത്തെ നാമത്തിൽ, നാം ഒന്നിച്ചുകൂടുമ്പോൾ (അവിടുത്തെ നാമത്തിലല്ലാതെ, ആരുമായി ഒരുമിച്ചുകൂടുവാൻ നമുക്കു ഇടവരാതിരിക്കട്ടെ; ) നടക്കുന്ന സംഭാഷണത്തിന്റെ ലക്ഷ്യം എന്തായിരിക്കണമെന്ന് ഈ ദിവ്യസന്ദേശത്തിന്റെ പശ്ചാത്തലത്തിൽ നമുക്ക് ഗൗരവമായി ചിന്തിക്കാം.

**4 ഏകീകരണം**

തന്റെ ശരീരരക്തങ്ങളായിപ്പകർത്തിയ നമ്മുടെ കാഴ്ചകളെ നമുക്കു ഭക്ഷ്യപേയങ്ങളായി നല്കുന്ന വിസ്മയനീയമായ ദൈവസ്നേഹത്തിന്റെ ലക്ഷ്യമാണ്, നമ്മുടെ ആരാധനക്രമത്തിലെ നാലാമത്തെരംഗം. അങ്ങനെ, നമ്മുടെ ആരാധനക്രമത്തിലെ നാലാമത്തെരംഗം, അങ്ങനെ നാം,



സൂര്യോദയം മുതൽ അസ്തമയം വരെ, ദൈവപിതാവിനു അർപ്പിക്കപ്പെടുന്ന നിർമ്മലബലിവസ്തുവുമായി സാധർമ്മ്യം മാത്രമല്ല, സായൂജ്യം പ്രാപിക്കുകയാണ്. നാം ദിവ്യകാരുണ്യം നല്കുമ്പോൾ പറഞ്ഞിരുന്ന വാക്കുകൾ മിശിഹായുടെ ശരീരവും രക്തവും കടങ്ങളുടെ മോചനത്തിനായി ഭവിക്കട്ടെ" എന്ന അതേ വാക്കുകൾ – നമ്മെ കാണിച്ചുകൊണ്ട്, ലോകത്തോടുപറയാൻ, ദൈവപിതാവിനു സാധിക്കത്തക്ക വണ്ണം, ലോകത്തിന്റെ കടങ്ങൾ വീട്ടുന്ന തന്റെ ദിവ്യചെമ്മരിയാട്ടിൻകുട്ടിയോട് നമ്മെ ഒന്നാക്കിച്ചേർത്ത്, ലോകത്തിലേയ്ക്കു അയയ്ക്കുകയാണ് അവിടുന്ന്. ലോകം നമ്മെ കാണുമ്പോൾ – നമ്മുടെ ജീവിതം പരിശോധിച്ചു നോക്കുമ്പോൾ – പറയുമോ, "ഇതാ, നമ്മുടെ പാപങ്ങൾക്കുപരിഹാരമായി അർപ്പിക്കപ്പെട്ടിരിക്കുന്ന ഒരു ബലിവസ്തു" എന്ന്? ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി വ്രതത്രയങ്ങളാകുന്നവാളുകൊണ്ട്, നിരന്തരം നമ്മെത്തന്നെ അരിഞ്ഞരിഞ്ഞ്, പ്രാർത്ഥനയാകുന്ന കുന്തിരിക്കവും ചേർത്ത്, ദൈവസ്നേഹമാകുന്ന അഗ്നിയിൽ, നിരന്തരം ദഹിപ്പിച്ച്, അതിൽ നിന്നും ഉയരുന്ന, സഹോദരസ്നേഹമാകുന്ന സുഗന്ധം നാലുവശവും പരത്തുവാൻ നമ്മുടെ ആരാധനാചൈതന്യം നമ്മെ ഉത്തേജിപ്പിക്കട്ടെ!

**ഉപസംഹാരം.**

വി.അമ്മത്രേസ്യാ, ഒരിക്കൽ സഹോദരികളോട് ഇപ്രകാരം പറഞ്ഞു: പ്രിയസഹോദരികളെ, നിങ്ങളിൽ ആരെങ്കിലും ധ്യാനത്തിന്റെ ഉന്നതപദവിയിൽ എത്തിയിരിക്കുന്നു എന്ന് എന്നോട് പറയുകയും, അതേസമയം, അനുദിനജീവിതത്തിൽ, സഹോദരികൾക്കു ചെയ്തുകൊടുക്കാവുന്ന സ്നേഹസേവനങ്ങൾ ചെയ്യുന്നതിൽ വിമുഖയായിരിക്കുകയും ചെയ്യുന്നെങ്കിൽ, അവളുടെ ധ്യാനത്തിൽ എനിക്കൊട്ടും തന്നെ വിശ്വാസമില്ല. ആരാധനയുടെ ചൈതന്യം ജീവിതത്തിൽ പ്രത്യക്ഷമാകുന്നില്ലെങ്കിൽ, ആ ആരാധനതന്നെ, ചൈതന്യരഹിതമാണ് എന്നുസാരം.

നമ്മുടെ ആരാധന ചൈതന്യപൂർണ്ണവും, ജീവിതം അതേ ചൈതന്യത്താൽ ഉത്തേജിതവുമാകുന്നതിന്, ആദ്യമേതന്നെ, ദൈവവും മനുഷ്യനുമായുള്ള ഉടമ്പടികളുടെ ചരിത്രം ഉൾക്കൊള്ളുന്ന, ദൈവനിവേശിതമായ വി.ഗ്രന്ഥം നമ്മുടെ പഠനവിഷയമാക്കണം. ഈ പഠനം, ദൈവത്തോടുള്ള നമ്മുടെ ബന്ധം സംബന്ധിച്ച ശരിയായ അവബോധം നമ്മിൽ ഉളവാക്കും. അതിന്റെ ഫലമായി, സങ്കീർത്തകൻ നീതിമാനെപ്പറ്റിപ്പറയുന്നവിധം, നമ്മുടെ പരമാനന്ദം, രാപകൽ ദൈവപ്രമാണങ്ങളിൽ ധ്യാനിക്കുന്നതിൽ നാം കണ്ടെത്തും. (സങ്കീ. 1) അതിൽ നിന്നും, നമ്മിൽ

പൊട്ടിപ്പുറപ്പെടുന്ന സ്നേഹം, സ്തുതി, കൃതജ്ഞത, മുതലായവയുടെ ഉറവകൾ ഹൃദയം കവിഞ്ഞൊഴുകി, നമ്മുടെ ആരാധനപ്രകരണങ്ങളെയും, പ്രകടങ്ങളെയും ജീവജലം കൊണ്ടു നിറച്ച്, പച്ചപിടിപ്പിച്ച്, മൊട്ടിട്ടു വികസിപ്പിക്കും. നാം അറിയാതെതന്നെ, നമ്മുടെ സാധാരണ ജീവിതം, നമ്മുടെ ആരാധനയുടെ ഒരു വിപുലീകരണവും, വിശദീകരണവും ആയിത്തീരും. നമ്മുടെ ആരാധന, നമ്മുടെ സാധാരണ ജീവിതത്തിന്റെ ഒരു സംക്ഷേപം അഥവാ പ്രതീകം ആണെന്നു പരിചിതർ പറയുവാൻ തുടങ്ങും. ഇപ്രകാരമുള്ള ആരാധനാ ജീവിതത്തിന്, നമ്മുടെ ജീവിതം, ജനസമക്ഷം സാക്ഷ്യം നൽകാൻ ഇടയാകട്ടെ!

സ്വന്തം, കനീസിയൂസച്ചൻ,

പ്രിയോർ ജനറാൾ.



# 19 നമ്മുടെ പൊതു സംഘ സമാപനം

ഒക്ടോബർ 1970

എത്രയും പ്രിയ ബ. പിതാക്കന്മാരേ,

രണ്ടാം വത്തിക്കാൻ സൂനഹദോസ് വിഭാവനം ചെയ്തവിധം, നവീകരണത്തിനും, അധുനാതനീകരണത്തിനുമായി, തിരുസ്സഭയുടെ നേതൃത്വത്തിൽ, നമ്മുടെ സഭാംഗങ്ങൾ, വ്യക്തിപരമായും സംഘാതമായും, തീവ്രയത്നം തുടങ്ങിയിട്ട് ഏകദേശം മൂന്നു വർഷമായി 1968 ഏപ്രിൽ 17-ാം തിയ്യതി മുതലുള്ള നമ്മുടെ പ്രത്യേക പ്രയത്നം, ഇന്ന് നാം അവസാനിപ്പിക്കുകയാണ്. അതിനുമുമ്പായി, നമ്മുടെ പ്രയത്നഫലം, ദൈവസന്നിധിയിൽ സമർപ്പിച്ച് അവിടത്തേയ്ക്ക് കൃതജ്ഞതാബലിയർപ്പിക്കുവാൻ ഇപ്പോൾ നാം തയ്യാറായിവന്നിരിക്കുകയാണ്.

നമ്മെ വളർത്തിയെടുത്ത സഭാംബികയ്ക്കായി ഈ ദൗത്യം നിർവ്വഹിക്കുവാൻ സാധിച്ചതിൽ, നമുക്ക് ആഹ്ലാദിക്കാം. സഭയുടെ സ്വഭാവത്തെയോ, ചൈതന്യത്തെയോ, പൈതൃകത്തെയോ, ലക്ഷ്യങ്ങളെയോ, ഉടച്ചു വാർക്കുകയല്ല നാം ചെയ്തത്. അവയെ തെളിവായ ഭാഷയിൽ അവതരിപ്പിക്കുന്നതിനായി അനേകമണിക്കൂറുകൾ നാം ചിലവഴിച്ചു. സഭാംഗങ്ങൾ വ്യക്തിപരമായും, സംഘാതമായും, നമുക്കയച്ചു തന്ന അഭിപ്രായങ്ങളുടെയും, നിർദ്ദേശങ്ങളുടെയും സഹായത്തോടെ, നാം പ്രാർത്ഥിച്ചു, ധ്യാനിച്ചു, പഠനം നടത്തി, ചർച്ചകൾ ചെയ്തു. അതിന്റെയെല്ലാം ഫലമായി, നമ്മുടെ ആഭിമുഖ്യങ്ങളെ തെളിവായ ഭാഷയിൽ അവതരിപ്പിക്കുകയും, ആധുനികലോകത്തിലെ സംസ്ക്കാരത്തെയും, ശാസ്ത്രീയവളർച്ചയെയും, സാമുദായികനിലവാരത്തെയും, ആധുനികതലമുറയുടെ, ശാരീരികവും, മാനസികവുമായ പരിവർത്തനങ്ങളെയും പരിഗണിച്ചുകൊണ്ട്, സഭാഘടനയിലും, ക്രമീകരണങ്ങളിലും, ജീവിതചർച്ചയിലും, പ്രാർത്ഥനാ, പ്രവർത്തനരീതികളിലും, ഭരണഘടനയിലും വരുത്തേണ്ടതായ മാറ്റങ്ങൾ, പരീക്ഷണാർത്ഥം, ചൂണ്ടിക്കാണിച്ചുകൊണ്ട്, ആഭിമുഖ്യങ്ങളും, അവയുടെ അനുബന്ധങ്ങളും നമ്മുടെ സഭയ്ക്കു നാം പ്രദാനംചെയ്തു.

ഇതായിരുന്നു നമ്മുടെ സമ്മേളനങ്ങളുടെ ആദ്യഘട്ടത്തിന്റെ അവസാനം, സഭയ്ക്കു നല്കുവാൻ നമുക്കു സാധിച്ച സംഭാവന.

ഒരു വർഷത്തിനുശേഷം, നമ്മുടെ സമ്മേളനങ്ങളുടെ രണ്ടാംഘട്ടത്തിലേയ്ക്കു നാം പ്രവേശിച്ചു. കഴിഞ്ഞ മേയ് മാസം 23-ാം തിയ്യതി രണ്ടാംഘട്ടത്തിന്റെ ആദ്യസമ്മേളനം നടത്തി.

ആഭിമുഖ്യങ്ങളുടെയും, അവയുടെ അനുബന്ധങ്ങളുടെയും വെളിച്ചത്തിൽ സഭാംഗങ്ങൾ നമുക്കു നല്കിയ നിർദ്ദേശങ്ങൾ കണക്കിലെടുത്ത്, വീണ്ടും നാം പഠനം തുടങ്ങി. ഇത്തവണ സമ്മേളനങ്ങൾ നീണ്ടുപോകരുതെന്ന് നമുക്കു നിർബന്ധമുണ്ടായിരുന്നു. തന്മൂലം നമ്മോടു തന്നെ നിഷ്ക്കരുണം, നാം പെരുമാറേണ്ടതായി വന്നു. അദ്ധ്വാനമോഡ് മൂന്നിരട്ടിയും നാലിരട്ടിയും ആയി വർദ്ധിപ്പിച്ച ദിവസങ്ങൾ പലതും നാം പിന്നിട്ടു. സെക്രട്ടറിമാരുടെയും Drafting Committee യുടെയും വിസ്മയാവഹമായ ത്യാഗബുദ്ധിയും, ക്ഷമാശീലവും, കർമ്മകുശലതയും ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുകയാണ്. ഈ അവസാനസമ്മേളനത്തിൽ ഒട്ടും തന്നെ ദാക്ഷിണ്യം കൂടാതെ ഓരോരുത്തരെയും നിർബ്ബന്ധിച്ചു ജോലിയെടുപ്പിക്കേണ്ടിവന്നതിൽ അനല്പമായ ഖേദമുണ്ട്. പക്ഷെ, എല്ലാവരും ഒത്തൊരുമിച്ച്, ആവലാതികൂടാതെ, സോന്മേഷം ജോലിചെയ്ത കാഴ്ച, കണ്ടു നിന്ന മാലാഖമാർക്കും, സ്വർഗ്ഗസ്ഥരായ നമ്മുടെ സഭാപിതാക്കന്മാർക്കും അത്യധികമായ ചാരിതാർത്ഥ്യം നല്കിയിരിക്കണമെന്ന ചിന്ത എന്നെ സമാശ്വസിപ്പിക്കുന്നു. നിങ്ങളെ വേദനിപ്പിച്ചതിനു ക്ഷമയാചിക്കുന്നതോടൊപ്പം, നിങ്ങളുടെ വിജയത്തിന് അനുമോദനങ്ങൾ നേർന്നുകൊള്ളട്ടെ!

വിവിധങ്ങളായ നിരവധി അനുഭവങ്ങൾ നിറഞ്ഞ ഒരു കാലസന്ധിയിൽ കൂടി, നമ്മുടെ പരിമിതികളെയും, പോരായ്കകളെയും, ക്ലേശങ്ങളെയും, അദ്ധ്വാനങ്ങളെയും അതിജീവിച്ച്, പരിശുദ്ധാത്മാവിന്റെ കരുക്കളെന്നവിധം, നമ്മുടെ സഭയ്ക്ക് എന്നെന്നും അഭിമാനിക്കുവാൻ സാധിക്കുന്ന ഒരു കോൺസ്റ്റിറ്റ്യൂഷനും, സ്റ്റാറ്റ്യൂട്ടും, ഡിരെക്ടറിയും രൂപപ്പെടുത്തുവാൻ, സാധിച്ചതിൽ, ആശ്വാസത്തിന്റെ ദീർഘശ്വാസം വിട്ടുകൊണ്ട് നമുക്കും, ഇന്ന്, പ്രവാചകനായ ശെമയോനോടുകൂടി ഉരുവിടാം: "കർത്താവെ, ഇനി അങ്ങയുടെ ദാസരെ സമാധാനത്തിൽ വിട്ടയയ്ക്കുക! ഞങ്ങൾ, വിദൂരത്തിൽ കണ്ട ദൗത്യനിർവ്വഹണം ഇതാ നടന്നുകഴിഞ്ഞു" വെന്ന്.

കഴിഞ്ഞ അനുഭവങ്ങളിൽ പ്രധാനമായവ അനുസ്മരിക്കുന്നത് കൃതജ്ഞതാപ്രകടനത്തിന്റെ തീക്ഷ്ണത വർദ്ധിപ്പിക്കുവാൻ നമ്മെ സഹായിക്കും.



1. ആദ്യഘട്ടത്തിൽ, സഭയുടെ സ്വഭാവം, പേര്, സഭാപിതാക്കന്മാരുടെ ചൈതന്യം, സഭാവസ്ത്രം മുതലായ വിഷയങ്ങൾ ചർച്ചചെയ്യുന്ന അവസരത്തിൽ, നമ്മുടെ ഇടയിൽത്തന്നെ കോളിളക്കങ്ങൾ ഉണ്ടാകാതിരുന്നില്ല. നാം പരിധിവിട്ടു ചാടുന്നു. പ്രവേശിക്കാൻ അനുവാദമില്ലാത്ത അപകടമേഖലയിൽ കയറി, നാം സൈ്വരവിഹാരം നടത്തുകയാണ്. എന്നെല്ലാമുള്ള അഭിപ്രായങ്ങൾ പലരും പ്രകടിപ്പിച്ചു. നമ്മുടെ ചർച്ചകളെ ഉത്ക്കണ്ഠാപൂർവ്വം അനുധാവനം ചെയ്തിരുന്ന സഭാംഗങ്ങളിൽ പലരും ഭയവിഹ്വലരായി. പക്ഷെ, കൊടുംകാറ്റുകൾ വന്നതുപോലെ തന്നെ അടങ്ങുകയും ചെയ്തു. എല്ലാം പ്രശാന്തനായി സംവീക്ഷിച്ചുകൊണ്ടിരുന്ന ദിവ്യനാഥന്റെ ബലിഷ്ഠകരം, ആശ്രിതരെ സമർത്ഥമായിത്തന്നെ നയിച്ചു.

സഭയുടെ അസ്തിത്വത്തിനു ലേശംപോലും കോട്ടംതട്ടാതെ, അതിന്റെ മനോഹരരൂപം തെളിവായ വെളിച്ചത്തിൽ, എടുത്തുകാട്ടുവാൻ, നമ്മുടെ സ്വന്തശക്തിയാലല്ല, അത്യുന്നതന്റെ കാരുണ്യത്താൽ, നമുക്കു സാധിച്ചുവെന്നു പറയുവാനൊരു ധൈര്യം തോന്നുകയാണ്. അവിടുത്തേയ്ക്ക് നിത്യസ്തുതി!

2. നമ്മുടെ ജോലി നിർവ്വഹണത്തിനിടയിൽ, നമ്മെ അസ്വസ്ഥരാക്കിയ മറ്റൊരു പ്രതിഭാസം, പൊതുവേ നടമാടിയ അനിശ്ചിതത്വത്തിന്റെ പ്രതീതിയാണ്. നിലവിലിരിക്കുന്ന നിയമങ്ങളും നടപ്പുകളും, ക്രമാനുഷ്ഠാനവിധികളും, മറിച്ചു പ്രത്യേകമെടുത്ത് പറയാത്തവയെല്ലാം ബലമായും, സുനിശ്ചിതമായും തുടരുന്നുവെന്ന്, അധികാരസ്ഥാനത്തുനിന്നും തെളിവായ പ്രസ്താവനകൾ നടന്നിട്ടും, "ഇന്നോ നാളെയോ മാറ്റങ്ങൾ വന്നേക്കാം. അതുകൊണ്ട് അധികം മുറുകേണ്ടതില്ല, കുറെയൊക്കെ അയച്ചുവിടാം." എന്നൊരു അനിശ്ചിതത്വത്തിന്റെ അവബോധം, ശ്രേഷ്ഠന്മാരുൾപ്പെടെ ഭൂരിഭാഗത്തെയും അടക്കി ഭരിച്ചിരുന്നുവെന്നു തോന്നിപ്പോയി. അടിസ്ഥാനരഹിതമെങ്കിലും അത്തരമൊരു അവബോധം പകർച്ചവ്യാധിയായിത്തീരുക എന്നത് മനഃശാസ്ത്രത്തിന്റെ സാധാരണ നിയമമാണ്. ഏതായാലും, അതിന്റെ വ്യാപ്തിയെ സുനിശ്ചിതമായി തടയത്തക്ക കോൺസ്റ്റിറ്റ്യൂഷനും, സ്റ്റാറ്റ്യൂട്ടും, ഡിരെക്ടറിയും ഇന്ന് രൂപം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന്, നമ്മുടെ അമ്മയായ പരിശുദ്ധ കന്യകയുടെ മാദ്ധ്യസ്ഥത്തിനു നന്ദി പറഞ്ഞുകൊണ്ട്, നമുക്ക് അഭിമാനിക്കാം.

പക്ഷെ, സുനിശ്ചിതങ്ങളായ നിയമങ്ങളോ മാനദണ്ഡങ്ങളോ ലഭിച്ചതുകൊണ്ടായില്ല. അവയുടെ അനുഷ്ഠാനം ഒരു യാഥാർത്ഥ്യമായാലേ

നമ്മുടെ അഭിമാനം സാർത്ഥകമാവുകയുള്ളൂ. ഈ സത്യത്തിലേയ്ക്കാണ് ഇനി നമ്മുടെ ശ്രദ്ധ കേന്ദ്രീകൃതമാകേണ്ടത്.

നാം രൂപം കൊടുത്ത പുതിയ കോൺസ്റ്റിറ്റ്യൂഷനും, സ്റ്റാറ്റ്യൂട്ടും, ഡിറെക്ടറിയും അവയുടെ പശ്ചാത്തലഗ്രന്ഥമെന്നു വിളിക്കാവുന്ന 'ആഭിമുഖ്യങ്ങളുടെ' വെളിച്ചത്തിൽ, ഏവരും പഠിക്കണം. അവയുടെ ശാസ്ത്രീയമായ പഠനം സുസാദ്ധ്യമാകത്തക്കവണ്ണം, അവയ്ക്കു പ്രചോദനം നല്കിയ രേഖകളും, കുറിപ്പുകളും, എല്ലാം തന്നെ, അമൂല്യമായി, ഫൈൽ ചെയ്ത്, നമ്മുടെ കേന്ദ്രഭവനത്തിൽ സൂക്ഷിക്കുന്നതാണ്.

നമ്മുടെ മൂലഗ്രന്ഥങ്ങളുടെ പഠനം സഭാംഗങ്ങൾ ഓരോരുത്തരും കാര്യമായി ഗണിക്കണമെങ്കിൽ, എല്ലാ തലത്തിലുമുള്ള ശ്രേഷ്ഠന്മാർ അതിനു മാതൃകയും, ഉത്തേജനവും, നേതൃത്വവും നല്കണം. തനിച്ചുള്ള വായനയ്ക്കും, പഠനത്തിനുംപുറമെ, കൂട്ടമായുള്ള വായനയും, വിശദീകരണങ്ങളും, ചർച്ചകളും നടക്കുന്നതിന് ധാരാളം പ്രോത്സാഹനം ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്.

പ്രവിശ്യാശ്രേഷ്ഠന്മാരും, സ്ഥലശ്രേഷ്ഠന്മാരും ഇത്തരം പ്രോത്സാഹനം ഉദാരമായി നല്കുന്നതിനുപുറമെ, അവിടവിടെ വന്നുഭവിച്ചേയ്ക്കാവുന്ന അനാസ്ഥയും അയവും കണ്ണടച്ചു വിടാതെ, ശാന്തതയോടെ, എന്നാൽ ദൃഢതയോടെ, തിരുത്തേണ്ടവരെ തിരുത്തുന്നതിൽ നിർബ്ബന്ധം വയ്ക്കുകയും വേണം.

പ്രിയ പിതാക്കന്മാരേ, സുവിശേഷത്തിലെ അടിസ്ഥാനതത്ത്വങ്ങളായ, സത്യത്തിനു സാക്ഷ്യം വഹിക്കുക എല്ലാറ്റിനും മുമ്പായി, ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക, മിശിഹാ നമ്മെ സ്നേഹിച്ചതുപോലെ, നാമും പരസ്പരം സ്നേഹിക്കുക എന്നിവ ജീവിതത്തിൽ സജീവമായ പകർത്തുന്നതിനുള്ള മാർഗ്ഗങ്ങളായിട്ടാണ് സന്യാസവ്രതങ്ങളും കൂട്ടജീവിതവും നാം അവലംബിച്ചിരിക്കുന്നത്.

സത്യസന്ധത അന്യൂനമായി പാലിക്കണമെങ്കിൽ, സുഖസൗകര്യാദികളും, മനുഷ്യപ്രീതിയും, ലൗകികപ്രഭാവവും, നാം തൃണവൽഗണിച്ചേതീരൂ. നാലുപേർ ചെയ്യുന്നതുപോലെ എന്ന മാനദണ്ഡമല്ല, അജ്ഞന്മാർക്കുപോലും ഇടർച്ചവരാതിരിക്കത്തവിധം ജീവിച്ച മിശിഹായുടെ മാതൃകയാണ് നമ്മുടെ മൂലപ്രമാണം.

നമ്മുടെയും ലോകത്തിന്റെയും പാപപരിഹാരത്തിനുവേണ്ടിക്കൂടിയുമാണ് നാം ലളിതജീവിതം അവലംബിച്ചിരിക്കുന്നത്. നമ്മുടെ തീക്ഷ്ണതയ്ക്കനുസരണം, നമ്മുടെ ജീവിതം കുറേക്കൂടി ലളിതമാക്കുന്നതിനുള്ള



സാദ്ധ്യതയും പുതിയ കോൺസ്റ്റിറ്റ്യൂഷൻ നമുക്കു നല്കുന്നുണ്ട് എന്ന വസ്തുത ചാരിതാർത്ഥ്യജനകമാണ്.

ദൈവാരാധനപരമായ ജീവിതത്തിനും, ദൈവപ്രമാണങ്ങൾക്കും ജീവിതത്തിൽ പ്രമുഖസ്ഥാനം നല്കേണ്ടതെങ്ങനെ എന്നു പഠിക്കുവാനാഗ്രഹിക്കുന്ന അനേകമനേകം നിർമ്മലാത്മാക്കൾ ഇന്നു നമ്മുടെ ബാലികാബാലന്മാരുടെയും, യുവതീയുവാക്കന്മാരുടെയും മദ്ധ്യേയുണ്ട് എന്നത് ഒരു പരമാർത്ഥം മാത്രമാണ്. സ്വാഭാവികമായും അവർ മാതൃക തേടി തിരിയുന്നത് ലോകത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായ തിരുസ്സഭയുടെ ഉള്ളിൽ സ്ഥിതിചെയ്യുന്ന ഉന്നത അടയാളമായ സന്യാസഭവനത്തിലേയ്ക്കാണ്. പ്രസ്തുത മാതൃക നൽകുന്ന ഉജ്ജ്വല ദീപങ്ങളായി നാം ഓരോരുത്തരും തീർന്നിരുന്നെങ്കിൽ! ദിവ്യനാഥൻ അതിനിടവരുത്തട്ടെ!

മിശിഹാ നമ്മെ സ്നേഹിച്ചതുപോലെ, മറ്റുള്ളവരെ സ്നേഹിക്കുന്നതിന് - അവരെ വിശുദ്ധീകരിക്കുന്നതിന്, അവരെ പവിത്രീകരിക്കുന്നതിന്, കറയോ, കളങ്കമോ, ജരയോ, നരയോ കൂടാതെ അവരെ മഹത്വപൂർണ്ണരായി മിശിഹായോട് ഒന്നിപ്പിക്കുന്നതിന് ദൈവപിതാവിന്റെ, അതെ, അവിടുത്തെ പ്രതിനിധീകരിക്കുന്ന ശ്രേഷ്ഠരുടെ നിർദ്ദേശമനുസരിച്ച്, നമ്മുടെ ശക്തിയും കഴിവുകളും, നമ്മുടെ വിയർപ്പും, രക്തവും, നമ്മുടെ ജീവൻ മുഴുവനും അതിനായി കോരിച്ചൊരിഞ്ഞുകൊണ്ടിരിക്കുന്നതിനും സാധിച്ചാൽ, അതാണ് നമ്മുടെ ജീവിതസാഫല്യം! അതാണ് സന്യാസജീവിതത്തിന്റെ ഉന്നതമായ ലക്ഷ്യം! ഇതാണ് തിരുസഭ ജീവിതവുമായി ഒന്നുചേരുന്ന സന്യാസജീവിതത്തിന്റെ പരമകാഷ്ഠം. ഈ സത്യം മനസ്സിലാക്കുവാനും, അത് ആഴമായി നമ്മുടെ അസ്തിത്വത്തിൽ അലിഞ്ഞുചേരുവാനും ഇടയാകട്ടെ!

നമ്മുടെ സഭയുടെ സ്വഭാവവും, സഭാപിതാക്കന്മാർ നമുക്കു നല്കിയിട്ടുള്ള പൈതൃകവും, അവരുടെ ചൈതന്യവും ഇതിലും തെളിവായി എടുത്തുകാണിക്കുവാൻ സാധിക്കുമോ എന്നു തോന്നാത്തക്കവിധം, apta et certa verba - അനുയോജ്യവും സുനിശ്ചിതവുമായ പദങ്ങൾ - ഉപയോഗിച്ചുതന്നെ, കോൺസ്ററിറ്റ്യൂഷനിൽ ചേർക്കുവാൻ ദൈവം നമ്മെ സഹായിച്ചിട്ടുണ്ട്.

നമ്മുടെ സഭയ്ക്ക് തിരുസഭയുടെ ജീവിതവുമായുള്ള ബന്ധം, കോൺസ്റ്റിറ്റ്യൂഷൻ തെളിവായി കാണിക്കുന്നുണ്ട്. തിരുസഭയുടെ അതാതുസ്ഥലത്തെ, അതാതുസമയത്തെ ആവശ്യമനുസരിച്ചുള്ള പ്രവർത്ത

നമാണ്, നമ്മുടെ സഭയുടെ പ്രത്യേകലക്ഷ്യമെന്ന് പിതാക്കന്മാരുടെ ജീവിതം തന്നെ നമ്മെ പഠിപ്പിക്കുന്നു. അവർ നമുക്കു നൽകിയിട്ടുള്ള പൈതൃകമാകട്ടെ., താഴെ പറയുന്നവയിൽ കോൺസ്റ്റിറ്റ്യൂഷൻ സംഗ്രഹിച്ചിരിക്കുകയാണ്.

1. ദിവ്യബലിയെ കേന്ദ്രമാക്കിയുള്ള തീവ്രവും ഏകാഗ്രഹവുമായ പ്രാർത്ഥനാജീവിതവും, ത്യാഗചൈതന്യവും,
2. ആത്മാക്കളുടെ രക്ഷയ്ക്കായി സംപൂർണ്ണ സമർപ്പണം.
3. അമലോത്ഭവ കർമ്മലനാഥയോടുള്ള മൃദുലമായ ഭക്തി,
4. വിശുദ്ധ ഔസേപ്പിതാവിനോടുള്ള പുത്രസഹജമായ സ്നേഹം,

5. തിരുസഭയോടും അതിലെ അധികാരികളോടും അചഞ്ചലമായ വിശ്വസ്തത. ഈ പഞ്ചശീലസമ്മിളിതമായ മനോഹര പൈതൃകത്തെ, നാം സംപൂജ്യമായി കാക്കണം. നമ്മിലും നമ്മുടെ യുവതലമുറയിലും അതു ദൃഢമൂലമാക്കണം. യോഗാർത്ഥിഭവനം മുതൽ, ആരോഗ്യപരമായ പാരമ്പര്യങ്ങൾ വഴി യുവഹൃദയങ്ങളിൽ ഇവ ആഞ്ഞു പതിയുവാൻ ഇടയാക്കണം. ഇങ്ങനെ നമ്മുടെ പൈതൃകം, എന്നും എവിടെയും, നാം ഓരോരുത്തരിലും പ്രത്യേകം പ്രശോഭിക്കണം. ഇതുകൊണ്ടുവേണം, മനുഷ്യർ നമ്മെ മറ്റു സഭക്കാരിൽ നിന്നും തിരിച്ചറിയുവാൻ.

ഇത്തരം ജീവിതം നമ്മുടെ സഭയിലേയ്ക്ക്, യുവഹൃദയങ്ങളെ അനുസ്യൂതം ആകർഷിക്കുവാൻ ഇടവരട്ടെ!

നാം രൂപംകൊടുത്തിട്ടുള്ള ഈ മൂലഗ്രന്ഥങ്ങൾ, ഇത്തരം ജീവിതത്തിനു ശക്തിയായ പ്രചോദനം നല്കുവാൻ, നാം ഇപ്പോൾ, കൃതജ്ഞതാപൂർവ്വം സമർപ്പിക്കുവാൻപോകുന്ന അമൂല്യബലിവസ്തു അവയ്ക്കു ശക്തി നല്കട്ടെ! ഈ ആശംസയോടും പ്രാർത്ഥനയോടുംകൂടി നമുക്കു അന്യോന്യം യാത്രപറയാം; ഈ സംഘത്തിനു വിരാമമിടാം.

എല്ലാവർക്കും ഒന്നുംകൂടി നന്ദി പറഞ്ഞുകൊള്ളട്ടെ. എന്റെ നിരവധി പോരായ്മകളെ ദയാപൂർവ്വം ക്ഷമിച്ച്; സ്നേഹബഹുമാനാദരങ്ങളോടെ, എന്റെ നേതൃത്വത്തിൽ ഈ മഹനീയജോലിയിൽ സഹകരിച്ച നിങ്ങൾ ഓരോരുത്തരെയും എളിയവനായ ഞാൻ പ്രതിനിധീകരിക്കുന്ന സർവ്വശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ! ആമ്മേൻ.



# 20 ക്രിസ്സ്മസ്

**ജനുവരി 1971**

## ക്രിസ്സ്മസ്:

ദൈവസുതൻ മനുഷ്യനായി ജനിച്ചത് നമുക്കു ജീവൻ നൽകുവാനും, ആ ജീവൻ നമ്മിൽ സമൃദ്ധിയാകുവാനുമാണല്ലോ. ബുദ്ധിജീവികളിൽ, നവജീവൻ പ്രവർത്തനമാരംഭിക്കുന്നത് ചിന്തയുടെ പരിവർത്തനത്തോടെയാണ്. പുൽക്കൂട്ടിലെ ദിവ്യശിശുവിനെപ്പറ്റിയുള്ള ധ്യാനം അത്തരം ചിന്താപരിവർത്തനം നമ്മിൽ വരുത്തിയാലേ, നമ്മെ സംബന്ധിച്ചിടത്തോളം ക്രിസ്സ്മസ്സ് അർത്ഥവത്താകുകയുള്ളു. നമ്മിലും മറ്റുള്ളവരിലും ഇതു സാധിക്കുന്നതിനുള്ള മാർഗ്ഗങ്ങളായിട്ടാണ് ക്രിസ്സ്മസ് കാലത്തെ ധ്യാനങ്ങളും പ്രസംഗങ്ങളും, പ്രഘോഷണങ്ങളും, ക്രിബ്ബിലെ സംവിധാനങ്ങളും നാം അവലംബിക്കാറുള്ളത്.

## ദൈവദാസൻ കണ്ട ദിവ്യശിശു:

നമ്മുടെ പിതാവായ ദൈവദാസൻ കുരിയാക്കോസ് ഏലിയാസച്ചൻ ഒരിക്കൽ ദിവ്യശിശുവിനെ ധ്യാനിച്ചു കണ്ടത് അങ്ങനെ തന്നെ "ആത്മാനുതാപം" വിവരിക്കുന്നുണ്ട്. നസ്രസിൽ നിന്ന് ബേത്ലേഹമിലേയ്ക്കുള്ള ദീർഘയാത്രയിലേർപ്പെട്ട പരിശുദ്ധ കന്യകയെയും വി.യൗസേപ്പിനെയും ധ്യാനിച്ചപ്പോൾ, ദൈവദാസന്റെ ചിന്ത വിഗ്രന്ഥത്തിന്റെ താളുകൾ ചിത്രീകരിക്കുന്ന മറ്റു പലരംഗങ്ങളിലേയ്ക്കും സഞ്ചരിക്കുകയാണ്. വാഗ്ദത്തത്തിന്റെ പെട്ടകം ശീലോയിൽ ആയിരിക്കുമ്പോൾ, അത് ഫിലിസ്തേയരുടെ കൈയ്യിൽ അകപ്പെട്ടു. വിജയാരവം മുഴക്കിക്കൊണ്ട്, അവർ ആ അനർഘനിക്ഷേപത്തെ, എക്രോനിലുള്ള അവരുടെ ദേവാലയത്തിൽ സാഘോഷം സ്ഥാപിച്ചു. അതിന്റെ മുമ്പിൽ അവരുടെ ദേവനായ ദാഗോന്റെ പ്രതിമ താണു വീണാരാധിച്ചു. ബലാല്ക്കാരമായി സമ്പാദിച്ച ആ ദിവ്യ നിക്ഷേപത്തിന്റെ സാന്നിദ്ധ്യം തങ്ങളുടെ രാജ്യത്തിനാകെ, തുടരെത്തുടരെയുള്ള ദൈവശിക്ഷകളെയാണ് വിളിച്ചിറക്കിക്കൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കി പരിഭ്രാന്തരായ ഫിലിസ്തേയർ, താമസംവിനാ അതിനെ ഇസ്രയേൽ രാജ്യത്തേയ്ക്കു തിരിച്ചയക്കുന്നതും, സൂര്യനാട്ടിൽ (ബേത്ഷെമ്മിഷിൽ). ഇസ്രായേൽക്കാർ

ആഹ്ലാദപൂരസരം അതിനെ സ്വീകരിക്കുന്നതും, വർഷങ്ങൾക്കുശേഷം, അത് ആഘോഷപൂർവ്വം ജറുസലെത്തേയ്ക്ക് കൊണ്ടുപോകുന്നതും, പ്രദക്ഷിണമദ്ധ്യേ, വീഴാൻ പോകുന്ന പേടകത്തെ, താങ്ങുവാൻ ചെന്ന ഹോസ്സേ എന്ന മനുഷ്യൻ സ്പർശനക്ഷണത്തിൽ മൂർഛിച്ചു വീണ് മരണമടയുന്നതും, പിന്നീട് ദാവീദുരാജാവ് ദാൻ മുതൽ ബേർഷെബാ വരെയുള്ള ജനങ്ങളുടെ അകമ്പടിയോടെ, അതിനെ സാഡംബരം സ്വന്ത അരമനയിലേയ്ക്കു ആനയിക്കുമ്പോൾ ഗായകരോടുകൂടി ഭക്തിപൂർവ്വം ഗാനമാലപിക്കുന്നതും, ഒന്നിനുപുറകെ ഒന്നായി, ദൈവദാസന്റെ ചിന്താവീഥിയിൽ തടിച്ചുകൂടുകയാണ്.

പുരോഹിതന്മാർക്കുമാത്രം വഹിക്കുവാൻ അനുവാദമുണ്ടായിരുന്ന ആ സംപൂജ്യപേടകം ഉൾക്കൊണ്ടിരുന്നതെന്താണ്? ദൈവം നല്കിയ പത്തു പ്രമാണങ്ങൾ കൊത്തിയ കല്പലകകൾ. പക്ഷെ, ഈ വരുന്ന വിനീതയായ കന്യക അതിനെക്കാൾ വിശിഷ്ടമായ പേടകമല്ലേ? അവൾ ഉദരത്തിൽ വഹിക്കുന്നത് പ്രമാണമെഴുതിയ പലകകളെയല്ല പ്രമാണദാതാവായ ദൈവത്തെത്തന്നെയാണ്. പക്ഷെ, ആർ അതറിയുന്നു. സഹയാത്രക്കാർക്ക് അതു തികച്ചും അജ്ഞാതമാണ്! വി.പേടകത്തെ ഒരു സ്ഥലത്തുനിന്നും മറ്റു സ്ഥലത്തേയ്ക്ക് ഭക്തരായ പുരോഹിതർ ബഹുമാനപൂർവ്വം സംവഹിക്കണമെന്നതായിരുന്നു പ്രമാണം. ഇവിടെ പ്രമാണദാതാവിനെ സംവഹിക്കുന്ന ഈ അതിവിശുദ്ധ പേടകം, നഗ്നമായ പാദങ്ങൾ മണ്ണിലും മുള്ളിലും ചവിട്ടി, ആയാസകരവും, ക്ലേശഭൂയിഷ്ഠവുമായ യാത്ര ചെയ്യുന്നു. വി.യൗസേപ്പു നിർബന്ധിക്കുമ്പോൾ മാത്രം, കഴുതപ്പുറത്തു കയറും. ഭർത്താവിനെ കാൽനടയായിത്തന്നെ അനുഗമിക്കുവാനാണ് അവൾ ആഗ്രഹിക്കുന്നത്.

സ്വപത്നിയുടെ ക്ലേശങ്ങൾ വി.യൗസേപ്പിനെ അത്യധികം അസ്വസ്ഥനാക്കുന്നുണ്ട്. പക്ഷെ, യാത്രയുടെ അവസാനം ബെത്‌ലെഹത്ത് ബന്ധുമിത്രാദികളുടെ ഹൃദ്യമായ സ്വീകരണം ഈ ക്ഷീണമെല്ലാം പെട്ടെന്നു തീർത്തുകൊള്ളും എന്ന ചിന്ത അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നു. അവസാനം ബെത്‌ലെഹത്ത് എത്തിച്ചേരുന്നു. പക്ഷെ, കണ്ടിട്ടും കണ്ടില്ലെന്ന ഭാവത്തിൽ മുഖം തിരിച്ചുകളയുന്ന സ്വകീയരെയാണ് അവർ അന്നവിടെ കണ്ടത്. സത്രങ്ങളിൽപോലും അവർക്കു സ്ഥലമില്ല. മനുഷ്യരാൽ തീർത്തും തിരസ്കൃതരായപ്പോൾ ഭീകരമായൊരു ഗുഹയെ അവർ അഭയം തേടേണ്ടിവന്നു.

ദൈവദാസൻ ചിന്തിക്കുകയാണ്: പണ്ട് അതേവഴി ഹെബ്രോണിൽ ചെന്ന മൂന്നു ദൈവദൂതരെ കണ്ടപ്പോൾ, പിതാവായ അബ്രാഹം, അവരെ



നിർബന്ധപൂർവ്വം സ്വഗൃഹത്തിൽ സ്വീകരിച്ച് സൽക്കരിച്ചു. എന്നാൽ ആരാണിവിടെ വന്നത്? ദൈവദൂതന്മാരല്ല; ദൈവം തന്നെ! അവിടുന്ന് തിരസ്കൃതനാകുന്നു. ആ ജനതയുടെ കന്മഷം എത്രയോ ഭീകരം!

തൽക്ഷണം ദൈവദാസന്റെ ചിന്ത തന്നിലേയ്ക്കു തന്നെ തിരിയുന്നു. എന്തിനീ ജനതയെ പഴിക്കുന്നു? അവരെക്കാൾ നന്ദിഹീനൻ ഞാനല്ലേ? എത്ര വലിയ കൃതഘ്നതയാണ് ഞാൻ എന്റെ ദൈവത്തോടു കാണിച്ചിട്ടുള്ളത്! അനുതാപത്തിന്റെ അനന്തമായ ഒരു ധാര ഈ ചിന്തയിൽ നിന്നും ദൈവദാസന്റെ ആത്മാവിലേയ്ക്ക് ഒഴുകുകയാണ്. അനുതാപമാണല്ലോ ദൈവസുതൻ നല്കുന്ന നവജീവന്റെ സ്രോതസ്സ്. "നിങ്ങൾ അനുതപിച്ചു മാനസാന്തരപ്പെടുവിൻ" അതായിരുന്നു നവജീവൻ നല്കുന്ന സുവിശേഷത്തിന്റെ മുഖവുരതന്നെ. ദൈവദാസന്റെ അഗാധമായ ആദ്ധ്യാത്മികതയുടെ രഹസ്യവും അനുസ്യൂതമായ ആത്മാനുതാപമല്ലാതെ മറ്റൊന്നുമായിരുന്നില്ല.

ദൈവദാസന്റെ ചരമശതാബ്ദിഘോഷങ്ങളുടെ മദ്ധ്യേ, ഇത്തരം ചിന്താപരിവർത്തനത്തിൽ നിന്നും, നവജീവന്റെ സ്രോതസ്സായ ആത്മാനുതാപത്തിന്റെ അനുസ്യൂതപ്രവാഹം നമ്മിലും ഉത്ഭൂതമാകുന്നതിന്, അദ്ദേഹം തന്നെ അതിനായി അവലംബിച്ച വി.ഗ്രന്ഥപാരായണത്തിലേയ്ക്കും, ദൈവശാസ്ത്രപഠനത്തിലേയ്ക്കും നമ്മുടെ ശ്രദ്ധയെ സവിശേഷം കേന്ദ്രീകരിക്കാം.

## സെമിനാറും പരീക്ഷയും, കൗൺസിലും, കുടുംബസമ്മേളനവും

വി.ഗ്രന്ഥം, ദൈവശാസ്ത്രം മുതലായവസംബന്ധിച്ച്, വർഷംതോറും നാം നടത്തിവരുന്ന സെമിനാറുകൾ, ഈ കഴിഞ്ഞ വർഷങ്ങളിൽ, പൊതുസംഘത്തിന്റെ സൗകര്യം പ്രമാണിച്ച്, ഉപേക്ഷിക്കേണ്ടതായിവന്നു. ഇക്കൊല്ലം ഉയിർപ്പുവാരത്തിൽ അതു നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരികയാണ്. സാധിക്കുന്നവർ എല്ലാവരും, അതിൽ സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. അതിനുശേഷം ബ.കൊച്ചച്ചന്മാരുടെ പഞ്ചവത്സരപ്പരീക്ഷയും നടത്താം. ദൈവദാസന്റെ ചരമശതാബ്ദിയോടനുബന്ധിച്ചുള്ള ഒരു കുടുംബസമ്മേളനത്തിനും അതു പറ്റിയ അവസരമായിരിക്കും. നമ്മുടെ ക്രമച്ചട്ടങ്ങൾ (ലക്കം 325,326) വിഭാവനം ചെയ്യുന്ന Formation Council ന്റെ ആദ്യ സമ്മേളനവും അതേ അവസരത്തിൽ നടത്തുവാൻ സൗകര്യം ലഭിക്കും. സ്ഥലവും, തിയ്യതിയും മറ്റും സംബന്ധിച്ച വിശദവിവരങ്ങൾ താമസിയാതെ അറിയിക്കുന്നതാണ്. ഇവ സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുവാൻ ആഗ്രഹി

ക്കുന്നു. അവ, ജനുവരി 25-ാം തീയതിക്കകം ഇവിടെ ലഭിക്കത്തക്ക വണ്ണം അയച്ചു തരണമെന്നഭ്യർത്ഥിക്കുന്നു, മുൻകൂട്ടി ഉപകാരം!

. നമ്മുടെ കർത്താവിന്റെ പിറവിമംഗളവും, നമ്മുടെ പിതാവിന്റെ ജൂബിലിമംഗളങ്ങളവും എവർക്കും വീണ്ടും വീണ്ടും ആശംസിച്ചുകൊണ്ട്,

സ്വന്തം, കനീസിയൂസച്ചൻ,

പ്രിയോർ ജനറാൾ.



# 21 പെസഹാരഹസ്യവും ചാവറയച്ചനും

ഏപ്രിൽ 1971

ദിവ്യകുഞ്ഞാടായ മിശിഹാ! അവിടുത്തെ പീഡാനുഭവം, മരണം, പുനരുത്ഥാനം! ഇവ, മനുഷ്യമക്കളിൽ, മരണത്തിൽ നിന്ന് ജീവനിലേയ്ക്കും, പാപത്തിൽ നിന്ന് വിശുദ്ധിയിലേയ്ക്കും വരുത്തുന്ന പരിവർത്തനം! ഇതെല്ലാമാണ് പെസഹാരഹസ്യത്തിന്റെ രത്നച്ചുരുക്കം. പ്രസ്താവിതപരിവർത്തനം, പാപിയായ മനുഷ്യനിൽ, യാഥാർത്ഥ്യമാകുന്നതിന് ഒരു ഒഴിച്ചുകൂടാത്ത വ്യവസ്ഥയുണ്ട്. അതാണ് ആത്മാനുതാപം. ആത്മാനുതാപത്തിന്റെ വറ്റാത്ത ഉറവിടം പീഢാനുഭവധ്യാനമാണെന്ന് അനുഭവസ്ഥരായ വിശുദ്ധർ അഭിപ്രായപ്പെടുന്നു.

ഇതേ അഭിപ്രായക്കാരനായിരുന്നു നമ്മുടെ പിതാവ് കുരിയാക്കോസ് ഏലിയാസച്ചൻ. പീഢാനുഭവധ്യാനം തന്റെ അനുദിനപരിപാടിയും, പീഢാനുഭവരംഗങ്ങൾ സാധാരണ പ്രസംഗവിഷയവുമാക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ അബോധമായിരിക്കണം. അദ്ദേഹത്തിന്റെ "ധ്യാനസല്ലാപങ്ങളും" "ആത്മാനുതാപവും ഈ അനുമാനത്തിലേയ്ക്ക് വഴിതെളിക്കുന്നുണ്ട്.

അനുതാപചൈതന്യത്തിന്റെ ഗുരുനാഥൻ" എന്ന പേരിന് തികച്ചും അർഹനായ ചാവറയച്ചൻ, പീഡയനുഭവിക്കുന്ന മിശിഹായെ ധ്യാനിച്ചിരുന്ന രീതി നമ്മുടെ പഠനവിഷയമാക്കുന്നത് വളരെ ഉപകാരപ്രദമാണ്.

സുവിശേഷത്തിലെ ചരിത്രവസ്തുതകൾ, മനോമുകുരത്തിൽ നിരക്കുന്നതോടെ, അവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്, അദ്ദേഹത്തിനു സ്വായത്തമായിരുന്ന വിഗ്രന്ഥത്തിലെ മറ്റു ഭാഗങ്ങളും, വ്യാഖ്യാതാക്കളുടെ സംഭാവനകളും, ലോകചരിത്രവും, മനഃശാസ്ത്രജ്ഞാനവും, തെരുതെരെ പ്രകാശം വീശുകയായി. തന്റെ സുശിക്ഷിതമായ ഭാവനശക്തിയുടെയും, കൂർമ്മബുദ്ധിയുടെയും നേതൃത്വത്തിൽ ഈ നല്ല മനുഷ്യൻ, ഹൃദയനിക്ഷേപങ്ങളിൽ നിന്ന് ഉപരിനന്മ പുറപ്പെടുത്തുന്നതു കാണുവാൻ ഒരു ഉദാഹരണമെടുക്കാം: തിരുമുഖത്തെക്കുറിച്ചുള്ള ധ്യാനം.

***തിരുമുഖം!*** പീഢാനുഭവധ്യാനമദ്ധ്യേ, ദൈവദാസൻ തന്റെ കണ്ണുകളെ ക്ഷണിക്കുകയാണ്: ഉയരു, നോക്കു! "സ്രഷ്ടാവിന്റെ മുഖം

ദർശിക്കൂ!”

**തിരുമുഖത്തിന്റെ തനിനിറം:**

നയനങ്ങൾ ആത്മനാ തിരുമുഖത്ത് പതിയുന്നതോടെ,ഹൃദയനിക്ഷേപങ്ങളിൽ നിന്നും ഇതാ, തെരുതെരെ, രശ്മികൾ പുറപ്പെടുന്നു:

1. ആകാശത്തിലെ മാലാഖമാരെ ആനന്ദിപ്പിക്കുന്ന തിരുമുഖമാണത്.
2. മനുഷ്യപുത്രരിൽവച്ച് സുന്ദരനായവന്റെ മുഖാരവിന്ദമാണത്.
3. ദുഃഖിതരുടെ അന്ധകാരം നീക്കി, അവരെ ആനന്ദപൂർണ്ണരാക്കിയിട്ടുള്ള ദിവ്യസൂര്യനാണത്.
4. അങ്ങകലെയുള്ള റോമൻ സമ്രാട്ടുകൾ ഈ തിരുമുഖത്തിന്റെ വിവരണം കേട്ടിട്ട്, ആകർഷിതരായി, അതിന്റെ ഏകദേശരൂപം വരപ്പിച്ച്, അരമനയിലെ അമൂല്യദർശനവസ്തുവായി സൂക്ഷിക്കുകയുണ്ടായിട്ടുണ്ട്.

**പീഡാനുഭവസമയത്തെ ഭാവമാറ്റം.**

പക്ഷേ അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്ത്? ബുദ്ധി ഒരു ചോദ്യം ഉയർത്തുന്നു.

ഭാവന, സ്മരണ നിക്ഷേപങ്ങളിൽ നിന്നും, ആവശ്യമുള്ളവയെടുത്ത് ആ പടം വരയ്ക്കുകയായി:

1. കവിളിൽ, അടിയുടെ പാട്: രക്തം ദുഷിച്ച്, വിരലുകളുടെ ഭാഷയിൽ കരുവാളിച്ചും തടിച്ചുകിടക്കുന്നു.
2. സേവകരുടെ തുപ്പലും ആ മുഖത്തെ മലിനമാക്കുന്നു.
3. തലയിൽ തറഞ്ഞിരിക്കുന്ന മുൾമുറിവുകളിൽ കൂടി ഒഴുകി വന്ന രക്തം അവിടവിടെയായി ഉറച്ചു കിടക്കുന്നു.
4. നാസികാദ്വാരങ്ങൾ രണ്ടിൽ നിന്നും രക്തം ഒഴുകി ഉറച്ച്, രക്തത്തുള്ളികൾ നൂലുണ്ടകളുമായി തൂങ്ങി കിടക്കുന്നു.
5. താടിയിലെ, പിച്ചിപ്പറിച്ച രോമകൂപങ്ങളിലും രക്തം പൊടിഞ്ഞത് ഉറച്ചു കിടക്കുന്നു.
6. നക്ഷത്രസമം ശോഭിക്കുന്ന നേത്രങ്ങൾ, ശിരസ്സിലേറ്റ അടിയുടെ ശക്തിയാൽ കലങ്ങിമറഞ്ഞ് ആകെ രക്തവർണ്ണമായി പകർന്നിരിക്കുന്നു.
7. കൺപോളകളിൽ രക്തം കെട്ടി, ഒട്ടിപ്പിടിച്ചിരിക്കുന്നതിനാൽ, അവ തുറക്കുവാൻ സാധിക്കാതെ, അടഞ്ഞുകിടക്കുന്നു.
8. തൊണ്ടിപ്പഴം പോലെ ശോഭിച്ചിരുന്ന തിരുവധരങ്ങൾ കരിനിറമായിപ്പകർന്നിരിക്കുന്നു.



**നിഗമനം**

ഈ തിരുമുഖചിത്രത്തെ ധ്യാനിച്ചുകൊണ്ട്, ബുദ്ധി ഏറ്റു പറയുകയാണ്: എന്റെ കർത്താവിന്റെ തിരുമുഖം എന്റെ പാപങ്ങളാൽ ഈ വണ്ണം പകരപ്പെട്ടതായി ഞാൻ കാണുന്നു.

ബുദ്ധിയുടെ നിഗമനത്തിലേയ്ക്ക് പ്രകാശം വീശുവാൻ ഓർമ്മയുടെ ശേഖരം ഒരു സംഭവം മുന്നോട്ടുവയ്ക്കുകയാണ്: പൂർവ്വകാലത്തിൽ, ഒരു മകന്റെ കുറ്റത്താൽ ഇരു കണ്ണുകളും കുത്തുവാൻ രാജ്യനീതി വിധിച്ചതിനാൽ, മകനോടുള്ള സ്നേഹത്താൽ

“അപ്പന്റെ ഒരു കണ്ണും മകന്റെ ഒരു കണ്ണും ഇങ്ങനെ അപേക്ഷിക്കയാൽ, മകനെപ്രതി കുത്തപ്പെട്ട ഒരു കൺകുരുടനായി അപ്പൻ ജീവിച്ചു.”

*മനസ്താപം:* മനസ്സിൽ നിന്നും ഉടനെ അനുതാപം പൊട്ടിപ്പുറപ്പെടുന്നു: “ആ അയ്യോ എന്റെ അപ്പന്റെ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയത് ഞാൻ തന്നെയാണല്ലോ.”

***മനസ്സ് തുടരുന്നു:***

1. ദുഷ്ടശരീരമേ, നീ മറ്റു മുഖങ്ങളുടെ സൗന്ദര്യം നുകരുവാൻ ഇഷ്ടപ്പെട്ടതുകൊണ്ട്, ഈ മുഖത്തെ സൗന്ദര്യം ദർശിക്കുവാൻ അനർഹനായി. ഇത് നിന്റെ മുമ്പിൽ മൂടപ്പെട്ടു. ചോര പുരണ്ടു ചിതറിക്കിടക്കുന്ന തലമുടി, അതിനെ നിന്നിൽ നിന്നും മറച്ചു കളയുന്നു.

2. മറ്റു മുഖങ്ങൾക്ക് നീ നല്കിയ ചുംബനങ്ങളുടെ സ്ഥാനത്ത് ഇതാ ഈ തിരുമുഖം ദുഷ്ടസേവകരുടെ അശുദ്ധമായ ഉമിനീരുകൊണ്ട് മലിനമായിരിക്കുന്നു.

പഴന്തുണികളാൽപോലും അതു മറയ്ക്കപ്പെട്ടിരിക്കുന്നത് നീ കാണുന്നില്ലേ?

3. തിരുമുഖം ദർശിക്കണമെങ്കിൽ, മുന്നോട്ടുവന്ന് ഭക്തിപൂർവ്വം, ആ തലമുടികളെ, സാവധാനം ഇളക്കി നീക്കുക. ഉറച്ചു കിടക്കുന്ന ചോര വടിച്ചു മാറ്റുക.

അപ്പോൾ നീ കാണും, കവിളിൽ പതിഞ്ഞിരിക്കുന്ന കൈവിരലുകളുടെ പാടും, അതിനുചുറ്റുമുള്ള പച്ചനിറവും കരുവാളിപ്പും.

ഇത് എവിടെനിന്ന്? വ്യാഖ്യാതാക്കളിൽ ചിലരുടെ വിശദീകരണം സ്മരണയിൽ ഉദയം ചെയ്യുന്നു. മുപ്പതിൽപ്പരം വർഷം തളർവ്വാതരോഗത്തിന്നധീനനായിരുന്ന ഒരു ദുർഭഗനെ ദിവ്യഗുരുസ്വസ്ഥനാക്കിയതായി സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. അയാളോട് കിടക്കയുമെടുത്ത് പൊയ്ക്കൊള്ളുവാൻ പറഞ്ഞതോടെ, "ഇനി പാപം ചെയ്യരുതെന്ന്" അവിടുന്ന് അനുശാസിച്ചിരുന്നു. അയാൾ പിന്നീടു പ്രധാന പുരോഹിതന്റെ ഭൃത്യഗണത്തിൽ ചേർന്നു. അയാളാണ് ദിവ്യഗുരുവിനെ ശാസിച്ചുകൊണ്ട് കന്നത്തടിച്ചത്.

പക്ഷെ, മനശാസ്ത്രജ്ഞാനത്തിന്റെ വെളിച്ചത്തിൽ ബുദ്ധി സമർത്ഥിക്കുകയാണ്: അവനല്ല അടിച്ചത്. അതു കർത്താവിന് ഇത്രയും സങ്കടം വരുത്തിയിട്ടുമില്ല. നിന്റെ അടിയുടെ ഫലമാണ് ഇവിടെ നീ ദർശിക്കുന്നത്... തളർന്ന കൈ സ്വസ്ഥമായി ലഭിച്ചവൻ... സ്വസ്ഥമായി ലഭിച്ചവൻ ഒരു കൈകൊണ്ട്. ഒരടിയേ അടിച്ചുള്ളൂ നിനക്കാകട്ടെ നേർമ്മയുള്ള രണ്ടു കൈകളും തന്നു; അവ തളരാതെ സംരക്ഷിച്ചു; അവകൊണ്ട് എഴുതാനും മറ്റു ജോലികൾ ചെയ്യാനും ശക്തിതന്നു. നീയും താനും അറിഞ്ഞിരിക്കുന്ന എണ്ണമില്ലാത്ത കുറ്റങ്ങൾ ഈ നിന്റെ രണ്ടു കൈകൾ കൊണ്ടും ചെയ്തതിനാൽ, ഈ ആൾ ഒരു കൈകൊണ്ടും ഗെത്സെമിനിൽ, അവിടുത്തെ പിടിച്ചുകെട്ടിയ സമയം മുതൽ പലരും, പല പ്രാവശ്യം, പല കൈകൾ കൊണ്ടും അവിടുത്തെ മുഖത്ത് അടിക്കാൻ ഇടയാക്കിയത് നിന്റെ കൈകൾ തന്നെ.

"അയ്യയ്യോ അടിയുടെ കാരണം ഗ്രഹിച്ചു ഞാൻ
അയ്യമില്ലാതെ അഹംചെയ്ത വൃത്തിയാലയ്യോ."

4. ***തിരുക്കണ്ണുകളെ നോക്കുക!*** ശിരസ്സിൽ മുള്ളുകൾ വെച്ച് പല പ്രാവശ്യം അടിച്ചു കയറ്റിയതിന്റെ ഫലമായി കണ്ണുകളിലേയ്ക്ക് രക്തമൊഴുകി, അത് അവയെ രക്തവർണ്ണമാക്കിത്തീർത്തിരിക്കുകയാണ്. നിനക്കു കണ്ണുതന്നതല്ലെ ഇതിനു കാരണം! നിന്നെ കുരുടനാക്കിയിരുന്നെങ്കിൽ, തന്റെ കണ്ണുകൾക്ക് സങ്കടം വരില്ലായിരുന്നു. നിന്നോടുള്ള സ്നേഹത്തെപ്രതി, സൂക്ഷ്മമുള്ള രണ്ടു കണ്ണുകൾ നിനക്കുതന്നു. എന്തിന്? മേലോട്ടുനോക്കി, അവിടുത്തെ സൃഷ്ടികളുടെ മഹിമയെ കണ്ട്, അവിടുത്തെ അറിഞ്ഞ് ബഹുമാനിപ്പാൻ. പക്ഷെ, "നിന്റെ കണ്ണുകൾകൊണ്ട് വ്യർത്ഥമായ എണ്ണമില്ലാത്ത വിലക്കപ്പെട്ട കാഴ്ചകൾക്ക്, ഈ നിന്റെ കണ്ണുകളെ തുറന്നതിനാലത്രെ, ഈ വണ്ണം തന്റെ കണ്ണുകൾ ചോരനിറമായിപ്പകർന്നിരിക്കുന്നത്."



**സംഭാഷണം, പ്രതിജ്ഞ:**

ഒടുവിൽ ദൈവദാസൻ കർത്താവിനോടു ചോദിക്കുകയാണ്: വത്സല താതാ, തിരുമുഖത്തെ ഈ വൈരൂപ്യം മാറി, മനോഹരമായ നയനങ്ങളുടെയും, കവിൾത്തടങ്ങളുടെയും തനി സൗന്ദര്യം എന്നെനിക്കു ദർശിക്കുവാൻ സാധിക്കും?

***ഉത്തരം:*** "എന്റെ മകനെ, നിന്റെ ഭാഷ മാറുമ്പോൾ, ഈ മുഖഭാഷയും, നിന്റെ കണ്ണിൽ മാറ്റപ്പെടും" ഇതാണീ ധ്യാനത്തിൽ നിന്നും ദൈവദാസൻ കണ്ടെത്തിയ അമൂല്യരത്നം. അതിന്റെ ഫലമായ പ്രതിജ്ഞ: "കർത്താവേ, ഇന്നു മുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ച് എന്നെ നിനക്കു മുഴുവനും ഞാൻ കയ്യാളിക്കുന്നു. നിന്റെ തിരുമനസ്സല്ലാതെ, മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല."

***ഉപസംഹാരം***

ഇതാണ് ചാവറയച്ചന്റെ ധ്യാനരീതി. അദ്ദേഹത്തിന്റെ പ്രസംഗമാകട്ടെ, ഇതിന്റെ ബഹിർഗമനവും. അങ്ങനെ ആ നല്ല മനുഷ്യൻ, തന്നിലുള്ള നന്മയുടെ ശേഖരത്തിൽ നിന്നും, ഉപരിനന്മ പുറപ്പെടുത്തി. അദ്ദേഹത്തിന്റെ അധരങ്ങളിൽ നിന്നു പൊഴിഞ്ഞ വചനങ്ങൾ ആ ഹൃദയത്തിന്റെ കവിഞ്ഞൊഴുകൽ മാത്രമായിരുന്നു. (Cfr. Mt. 12,35)

നമ്മിലും മറ്റുള്ളവരിലും പെസഹാരഹസ്യത്തിന്റെ ഭാഗഭാഗിത്തം യഥാർത്ഥീകരിക്കുന്ന ജോലിയിൽ, ദൈവദാസന്റെ ഈ മാതൃക നമുക്ക് സഹായകമായി ഭവിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി നമ്മുടെ കർത്താവിന്റെ ഉയിർപ്പുമംഗളം ഏവർക്കും ആശംസിക്കുന്നു.

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**

# 22 നമ്മുടെ പ്രാർത്ഥന തന്നെ ഒരു പ്രേഷിത പ്രവൃത്തി

**ജൂലൈ 1971**

**“ആരാധകരായ സഹോദരന്മാരുടെ”** സമൂഹമാണ് സന്യാസഭവനം. ഏതൊരു ക്രൈസ്തവനും ജ്ഞാനസ്നാനം വഴി ദൈവാരാധനയ്ക്കു പ്രതിഷ്ഠിക്കപ്പെടുന്നുവെന്ന് വത്തിക്കാൻ സൂനഹദോസ് സമർത്ഥിക്കുന്നുണ്ട്. അങ്ങനെ ക്രൈസ്തവസമൂഹം-തിരുസഭ-ദൈവാരാധനയ്ക്കു പ്രതിഷ്ഠിക്കപ്പെട്ടവരുടെ ഒരു സമൂഹമായിത്തീരുന്നു. അതുകൊണ്ട് വത്തിക്കാൻ സൂനഹദോസ് തന്നെ പറയുന്നു: തിരുസഭ ലോകത്തിൽ ഒരു **“അടയാളമാണ്.”** എന്തിന്റെ അടയാളം? **ദൈവസാന്നിദ്ധ്യത്തിന്റെ**. ദൈവാരാധനയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ടവന്റെ സാന്നിദ്ധ്യം തന്നെ ദൈവാസ്തിക്യത്തിന്റെ നിശ്ശബ്ദമായ സമർത്ഥനവും പ്രഖ്യാപനവും ആണല്ലോ. ദൈവമില്ലെങ്കിൽ, അവിടുത്തേക്ക് ആരാധകരുണ്ടാകുമോ?

സന്യാസിയാകട്ടെ തന്റെ വ്രതങ്ങൾമൂലം, ജ്ഞാനസ്നാനത്തിലെ പ്രതിഷ്ഠയെ തീവ്രീകരിക്കുകയും സ്ഥിരീകരിക്കുകയുമാണ് ചെയ്യുന്നത്. ഇതും വത്തിക്കാൻ സൂനഹദോസിന്റെ സമർത്ഥനമാണ്. അതുകൊണ്ട് സന്യാസസമൂഹം ഭൂമിയിൽ ദൈവസാന്നിദ്ധ്യത്തിന്റെ അടയാളത്തിന്റെ ഉള്ളിലെ അത്യുജ്ജ്വലമായ അടയാളമായി ഭവിക്കുന്നു. ഈ അടയാളം ബാഹ്യലോകത്തിനു ദൃശ്യമാകുന്നത് അവർ എന്തിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നുവോ, ആ ദൈവാരാധന വഴിയാണല്ലോ. ദൈവാരാധന എങ്ങനെയാണ് നാം വഴി പ്രകടമാകുന്നത്? തീർച്ചയായും നമ്മുടെ പ്രാർത്ഥനാജീവിതംവഴി. പ്രാർത്ഥനാജീവിതത്തിന്റെ പ്രകടമായ ഭാഗം, പ്രാർത്ഥനാസമയത്തെ നമ്മുടെ ***ബാഹ്യഭാവവും, വാച്യപ്രാർത്ഥനകൾ*** നാം ഉരുവിടുന്ന വിധവുമാണ്.

### ബാഹ്യഭാവം:

നമ്മുടെ ബാഹ്യഭാവം തന്നെ ആരാധനയുടേതായിരിക്കണം. നമ്മെ കാണുന്ന ആളുകൾക്കു അനുഭവവേദ്യമാകണം, അവിടെ ദൈവമുണ്ടെന്ന് . ഇന്ത്യൻ മഹർഷിമാരും, സ്വാമിമാരും തമ്മിൽത്തമ്മിൽ സന്ദർശനത്തിനുചെല്ലുമ്പോൾ, ദീർഘനേരം പ്രാർത്ഥനാനിരതരായി ഒരുമിച്ചി



രുന്നതിനുശേഷം ഒരു വാക്കും ഉരുവിടാതെ, എഴുന്നേറ്റുപോകുന്ന പതിവ് ഇപ്പോഴുമുണ്ട്. അവർ ദൈവസാന്നിദ്ധ്യത്തിന്റെ ദിവ്യാനുഭൂതി അന്യോന്യം പകർന്നു കൊടുത്തുകൊണ്ട് സംതൃപ്തരായി മടങ്ങുന്നു. അനുഭവസ്ഥനായ സ്വാമി അഭിഷിക്താനന്ദന്റെ സാക്ഷ്യമാണ് ഇവിടെ ഉദ്ധരിച്ചത്. പ്രാർത്ഥനാനിരതനായ ആർസിലെ വികാരിയച്ചനെ ഒരു നോക്കു കാണുന്നതിനായി, അനേകനാഴിക യാത്ര ചെയ്ത് തീർത്ഥകർ വന്നിരുന്നതായി പറയുന്നുണ്ട്. ദൈവത്തിൽ ലയിച്ച ആ മനുഷ്യവ്യക്തിയുടെ ദർശനത്തിൽ പ്രേക്ഷകർക്കും അതേ അനുഭൂതി ലഭിക്കുമായിരുന്നു; അതാണ് അതിന്റെ രഹസ്യം. പഞ്ചക്ഷതമേറ്റ പാദ്രേപീയോയെ സന്ദർശിക്കാൻ ചെന്നവരുടെ ഏറ്റവും പ്രധാന പരിപാടി അദ്ദേഹത്തിന്റെ ദിവ്യബലിയിൽ സംബന്ധിക്കുകയായിരുന്നു. ദിവ്യപൂജയർപ്പിക്കുന്ന സമയം ആ മനുഷ്യവ്യക്തിയിൽ പ്രത്യക്ഷപ്പെട്ടിരുന്ന രൂപാന്തരീകരണം ദൈവസാന്നിദ്ധ്യത്തിന്റെ ദിവ്യാനുഭൂതി നാലുഭാഗത്തേയ്ക്കും പകർന്നുകൊടുക്കുമായിരുന്നുവത്രെ.ഒലിവർ ഗോൾഡ്സ്മിത്ത് (Oliver Goldsmith) അദ്ദേഹത്തിന്റെ വില്ലേജ് പാർസനെപ്പറ്റി പറയുന്നത് ശ്രദ്ധാർഹമാണ്. ഈ പാർസൺ ദേവാലയത്തിൽ പെരുമാറിയിരുന്ന രീതി തന്നെ ദൈവാരാധകരെ പരിഹസിക്കുവാനായി കച്ചകെട്ടി വന്നിരുന്ന വരെ പ്രാർത്ഥനാനിരതരാക്കുവാൻ പര്യാപ്തമായിരുന്നു:

“And those who came to scoff, remained to pray” “പരിഹസിക്കുവാൻ വന്നവർ പ്രാർത്ഥിക്കുവാൻ നിന്നുപോയി.”

പ്രാർത്ഥനാനിരതരായ മനുഷ്യരുടെ ബാഹ്യഭാവം തന്നെ വലിയ പ്രേഷിതവൃത്തിയായി - പ്രേഷിതവൃത്തിയുടെ സംക്ഷേപം ക്രിസ്തുവിന്റെ ചൈതന്യം മറ്റുള്ളവരിലേയ്ക്കു പകർന്നുകൊടുക്കുകയാണല്ലോ - പരിണമിക്കുന്ന വിധം നോക്കുക!

### വാച്യപ്രാർത്ഥനകൾ:

വാച്യപ്രാർത്ഥനകളുടെ വശ്യശക്തി നിസ്തുലമാണ്. സന്യാസഭവനങ്ങളിൽ നിന്നും, നിശയുടെ നിശ്ശബ്ദതയിൽ ഉയർന്നിരുന്ന പ്രാർത്ഥനയുടെ സ്വരം ശ്രവിച്ചപ്പോൾ, പാപസാഹചര്യങ്ങളിലേയ്ക്ക് ത്വരിതമായി ചലിച്ചിരുന്ന പാദങ്ങൾ നിലച്ചു പോയതും, ആ സ്വരത്തിന്റെ വശ്യശക്തിയ്ക്കു വഴിപ്പെട്ട്, അതേ പാദങ്ങൾ നേരെ ദേവാലയത്തിലേയ്ക്കും, തുടർന്നു പാപസങ്കീർത്തനവേദിയിലേയ്ക്കും തിരിച്ചതുമായ എത്രയെത്ര സംഭവങ്ങളാണ് ചരിത്രത്തിൽ നാം കാണുക.

നന്നായി, ധ്യാനപൂർവ്വം നടത്തുന്ന സമൂഹപ്രാർത്ഥനകളുടെ ശ്രവണം

എത്രപേരെയാണ് സന്യാസജീവിതത്തിലേയ്ക്ക് ആഹ്വാനം ചെയ്തിട്ടുള്ളത്. നമ്മുടെ സഭയിൽ ചേർന്ന ഒരു ഇടവക വൈദികൻ – അദ്ദേഹം മരിച്ചുപോയി – പറയുകയുണ്ടായി, അദ്ദേഹത്തിന്റെ സന്യാസവിളിയ്ക്ക് ആരംഭമിട്ടത് നമ്മുടെ ഒരു ഭവനത്തിന്റെ സന്ദർശനമുറിയിൽ ഒരു രാത്രി അതിഥിയായി താമസിക്കുമ്പോൾ, പ്രാർത്ഥനാലയത്തിൽ നിന്നും ശ്രവിച്ച പ്രാർത്ഥനയായിരുന്നുവെന്ന്. സഭയിൽ കൂടിയതിനുശേഷം അദ്ദേഹത്തിനു മനസ്സിലായി തന്നെ അന്ന് ആകർഷിച്ചത് മാതാവിന്റെ തിരുനാൾ നമസ്ക്കാരത്തിലെ “ശുവ്ഹാ” ആയിരുന്നുവെന്ന്.

ധൃതികൂടാതെ, ധ്യാനപൂർവ്വം, കേൾക്കുന്നവർക്കും അർത്ഥം മനസ്സിലാകത്തക്കവിധം തെളിഞ്ഞ സ്വരത്തിൽ, വാക്കുകൾ സ്പുടമായി, ഒരുമിച്ചുശബ്ദിച്ച്, വേണ്ട നിർത്തുകളോടുകൂടി ജപിക്കുന്ന പ്രാർത്ഥനകൾ ആരിലാണ് ദൈവാനുഭൂതിയുളവാക്കാതിരിക്കുക! ഇങ്ങനെ നാം സാധാരണ ജപിക്കുന്ന പ്രാർത്ഥനകൾ തന്നെ ഒരു വലിയ പ്രേഷിതപ്രവർത്തനമായിത്തീരുന്നു. നമ്മുടെ വാച്യപ്രാർത്ഥനകൾ ആദർശപരമായി നടത്തുന്നതിനു സഹായകരമാകുവാൻ, മേയ് മാസത്തിൽ നടന്ന കുടുംബസമ്മേളനത്തിൽ പല രീതികൾ പ്രദർശിപ്പിക്കുകയുണ്ടായി. അവയിൽ നിന്നും സൽഫലമുളവായിട്ടുണ്ടെന്നു വിശ്വസിക്കുന്നു.

മിഷൻ പ്രവർത്തനകൾക്കായി ദൂരദേശങ്ങളിലേയ്ക്കുപോകാൻ സാധിക്കാത്തവർ അതുകൊണ്ട് ഇച്ഛാഭംഗപ്പെടാതെ, ഈ പ്രേഷിതവൃത്തി വഴി അനേകായിരങ്ങളിലേയ്ക്ക് ദൈവാനുഭൂതി പകർന്നുകൊടുക്കാനുള്ള അവസരം നന്നായി ഉപകരിപ്പിക്കുവാനും, വിദൂരങ്ങളിൽ അഹോരാത്രം അദ്ധ്വാനിച്ചു മിഷൻപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർ, ആ കാര്യങ്ങൾക്കിടയിൽ, പ്രാർത്ഥനയുടെ പ്രേഷിതശക്തി വിസ്മരിക്കാതെ, അതിന് അതർഹിക്കുന്ന പ്രാധാന്യം മുഴുവനും കൊടുക്കുന്നതിനും ശ്രദ്ധവച്ചുകൊണ്ട്, പ്രാർത്ഥനയുടെ പ്രേഷിതത്വം പരമാവധി ഫലപ്രദമാക്കുവാൻ നമുക്കു ഇടവരട്ടെ. ഇത് നമ്മുടെ നിരന്തരമായ കടമയാണ്. ഇതിൽ വരുന്ന പോരായ്ക മനുഷ്യരുടെ മുമ്പാകെയും, ദൈവസമക്ഷവും അക്ഷന്തവ്യമായിരിക്കും എന്ന ചിന്തയും നമുക്കു ഉത്തേജനം നല്കട്ടെ. പ്രാർത്ഥനാജീവിതത്തിന്റെ ഉത്തമമാതൃകയായ നമ്മുടെ അമ്മ പരിശുദ്ധ കന്യക നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ. അമ്മയുടെ തിരുനാൾ മംഗളം ഏവർക്കും ആശംസിക്കുന്നു.

## II മാർത്തോമ്മാ ശതാബ്ദി

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ചരമശതാബ്ദി



ആഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. മൈലാപ്പൂരിലെ ഘോഷങ്ങൾ അടുത്ത ജനുവരിയിൽ നടക്കും. ഇന്ത്യയിലെ എല്ലാ മെത്രാന്മാരും സന്നിഹിതരാകത്തക്കവണ്ണം C.B.C.I. മീറ്റിംഗും ആ ദിവസത്തിൽ മദ്രാസിൽ വച്ചു നടക്കുന്നതാണ്.

കേരളത്തിലെ ഘോഷങ്ങൾ സംബന്ധിച്ച പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി ഓർഗനൈസിംഗ് കമ്മിറ്റി ഈ ജൂലായി മാസത്തിൽ എറണാകുളത്തു സമ്മേളിക്കും.

പ്രസ്തുത പരിപാടികളോട് പരിപൂർണ്ണമായി സഹകരിക്കുന്നതോടുകൂടി, നമ്മുടെ സ്വന്തം നിലയിലും ചെയ്യുവാൻ സാധിക്കുന്നത് എന്തെന്ന് ഓരോ ഭവനത്തിലും ആലോചിച്ചു പ്രാവർത്തികമാക്കുന്നത് അഭിലഷണീയമാണ്. സഭയിൽ പൊതുവായി നടക്കേണ്ടവ സംബന്ധിച്ച് നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു.

## III പുതിയ മിഷനുകൾ

വടക്കെ ഇന്ത്യയിൽ *ബാസ്റ്റാർ* (റായ്പ്പൂർ പ്രീഫെക്ചറിന്റെ ഒരു ഭാഗം), *ഉത്തരകാശി* (മീററ്റ് രൂപതയുടെ ഒരു ഭാഗം) എന്നീ മിഷനുകൾ നമ്മെ ഏല്പിക്കുന്നതിനുള്ള തീരുമാനം തിരുസംഘങ്ങൾ എടുത്തുകഴിഞ്ഞു. ഇനി നടക്കുവാനുള്ള അവസാനതുല്യം ചാർത്തൽ ഒട്ടും താമസിയാതെ നടക്കും എന്ന വാർത്ത നൺഷ്യേച്ചറിൽ നിന്നും ഇവിടെ ലഭിച്ചിട്ടുണ്ട്. *ബിലാസ്പൂറും* കൂടി നമ്മെ ഏല്പിക്കുന്നതു സംബന്ധിച്ച ചർച്ചകൾ ഇനിയും തിരുസംഘങ്ങൾ തമ്മിൽ നടന്നുകൊണ്ടിരിക്കുകയാണ്. ആ തീരുമാനവും താമസിയാതെ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

ചാന്ദാമിഷനിലും സാഗാർ മിഷനിലും നമ്മുടെ ബഹുമാനപ്പെട്ട അച്ചന്മാർ ചെയ്തുകൊണ്ടിരിക്കുന്ന അദ്ധ്വാനങ്ങളിൽ ദൈവം കരുണാപൂർവ്വം വർഷിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളുടെ കാഴ്ചയാണ്, നമ്മിൽ ഇത്രയധികം മനോവിശ്വാസം അർപ്പിക്കുവാൻ തിരുസംഘങ്ങളെയും, മെത്രാന്മാരെയും പ്രേരിപ്പിക്കുന്നതെന്ന വസ്തുത, നമ്മുടെ മിഷനറിമാരോടുള്ള അഗാധമായ കൃതജ്ഞതാബോധത്തോടെ നാം അനുസ്മരിക്കണം. നല്ലവനായ ദൈവത്തിനു സ്തുതി!

സ്വന്തം, കനീസിയൂസച്ചൻ,

പ്രിയോർ ജനറാൾ.

# 23 ഈശോ നമ്മെ വിളിക്കുന്നു; നമുക്കും അവിടത്തോടു കൂടി പോകാം?

**ഒക്ടോബർ 1971**

**ആഫ്രിക്കയിലേയ്ക്ക്:**

വി.പൗലോസും, സീലാസും തിമോത്തിയും അടങ്ങിയ ചെറു മിഷനറി സംഘം, ഗലേഷ്യായിലെ പ്രവർത്തനവും കഴിഞ്ഞ് പടിഞ്ഞാറോട്ടു യാത്രചെയ്യുകയാണ്. വടക്കുഭാഗത്തുള്ള ബിത്തീനിയായിലെ വിളഞ്ഞു കിടക്കുന്ന വയലുകളിലേയ്ക്കാണ് ഇനി തിരിയേണ്ടത് എന്ന് അവർ നിശ്ചയിച്ചു. അതിനുള്ള ശ്രമങ്ങൾ തുടങ്ങിയപ്പോൾ, പരിശുദ്ധാത്മാവിൽ നിന്നും ഖണ്ഡിതമായ നിർദ്ദേശം ലഭിച്ചു. അങ്ങോട്ടു പോകരുതെന്ന്. തദനുസരണം അവർ വടക്കോട്ടു തിരിയാതെ, നേരെ പടിഞ്ഞാറോട്ടു തന്നെ യാത്ര തുടർന്നു. ത്രോവാസിലെത്തി. അതിനപ്പുറം കടലാണ്. അന്ന് ആ പട്ടണത്തിൽ തന്നെ താമസിച്ചു. രാത്രി പൗലോസിന് ഒരു കാഴ്ചയുണ്ടായി കടലിനപ്പുറത്ത് വടക്കു പടിഞ്ഞാറെ തീരം മാസിഡോണിയാ ആണല്ലോ അവിടെ നിന്നും ഒരാൾ, കൈനീട്ടി ക്കൊണ്ട് അപേക്ഷിക്കുന്നു. "മാസിഡോണിയായിൽ വന്ന് ഞങ്ങളെ സഹായിക്കുക" എന്ന്. അങ്ങനെയാണ്, ഏഷ്യാ മൈനറിൽ തന്നെ വിളഞ്ഞുകിടന്നിരുന്ന വയലുകളെ വിട്ട്. ഈശോ ആ ചെറു മിഷനറി സംഘത്തെ ഗ്രീസിലേക്കു വിളിച്ചത്. അവർ ഒട്ടും താമസിയാതെ, ആ ആഹ്വാനം അനുസരിക്കുകയും ചെയ്തു.

ഏകദേശം ഇതേ വിധം, കേരളത്തിൽ ദിവ്യനാഥൻ ഒരുക്കി ക്കൊണ്ടുവന്ന നമ്മുടെ ചെറു പ്രേഷിതസംഘത്തെ, ഇന്ത്യയിൽത്തന്നെ വിളഞ്ഞുകിടക്കുന്ന വയലുകൾ പലതും വിട്ട്, കടലിനപ്പുറത്ത് തെക്കുപടിഞ്ഞാറായി കിടക്കുന്ന ആഫ്രിക്കാ വൻകരയിലേയ്ക്ക് ഇപ്പോൾ ക്ഷണിക്കുകയാണ്.

**സൊൽവേസി:**

ആഫ്രിക്കായിലെ സാബിയാ പ്രോവിൻസിൽ നിന്നും, സൊൽവേസിയിലെ പ്രീഫെക്റ്റ് അപ്പസ്തോലിക്കാ, മോൺസിഞ്ഞോർ പൊറ്റാനി (Severian Abdon Potani) നമ്മെ കൈനീട്ടി വിളിക്കുന്നു. അദ്ദേഹം ഫ്രാൻസിസ്കൻ കൊൺവെൻചുവൽ (O.F.M. Conventual) സഭക്കാരനാണ്. അദ്ദേഹം എഴുതുന്നു: "എന്റെ രൂപത മുഴുവൻ സന്ദർശിച്ചു കഴിഞ്ഞപ്പോൾ, എനിയ്ക്കു ബോദ്ധ്യമായി, പുറമെനിന്ന് നമ്മുടെ ദൈവ ദികസഹോദരങ്ങൾ - അവർ ആരുതന്നെ ആയാലും - ഇവിടെ വന്ന് ഞങ്ങളോടുകൂടി ജോലി ചെയ്യാത്ത പക്ഷം, ഇന്നല്ലെങ്കിൽ നാളെ, ഈ ഭാഗങ്ങളിൽ പ്രത്യേകിച്ച് ഈ വയലിൽ, തിരുസ്സഭ ഒരു പരാജയമാകും എന്ന്. വരുന്നവർ അവരുടേതായിത്തന്നെ ഒരു ഭാഗം തിരിച്ചെടുത്ത് ജോലി ചെയ്യത്തക്കവണ്ണം ക്രമീകരിക്കാം. കുറച്ചു പണസഹായം എന്റെ വശത്തുനിന്ന് നല്കാൻ സാധിക്കും. ഞങ്ങളെ രക്ഷിക്കാൻ, പ്രിയ അച്ചാ, നിങ്ങൾക്ക് സാധിക്കുകയില്ലേ? രണ്ടു മിഷൻ നിങ്ങൾക്കു തരാൻ ഞാൻ തയ്യാറാണ്..." (1971 ജൂലായി 30-ാം തിയ്യതിയിലെ എഴുത്ത്).



ഈശോ വിളിക്കുന്നു. പോകണം. ഇതായിരിക്കും നമ്മുടെ പിതാവായ തോമ്മാശ്ലീഹായും, ദൈവദാസനായ കുരിയാക്കോസ് ഏലിയാസച്ചനും, രണ്ടുപേരുടെയും ചരമശതാബ്ദി നാം ഘോഷിക്കുന്ന ഈ അവസരത്തിൽ നമ്മോടു പറയുക. രണ്ടുപേരും കണക്കുകൂട്ടി സമയം നഷ്ടപ്പെടുത്താൻ ഇഷ്ടപ്പെട്ടിരുന്നവരല്ല. അതിനാൽ, അവരുടെ മാതൃകയനുസരിച്ച് ഈ സാഹസത്തിനിറങ്ങുവാൻ ധൈര്യമുള്ളവരുണ്ടെങ്കിൽ അവരെ നാം പ്രോത്സാഹിപ്പിക്കണം. അവർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ജോലിയും കൂടി ഏറ്റെടുക്കുവാൻ സന്നദ്ധതയുള്ളവർ മുന്നോട്ടു വന്നാൽ അത്, ഈ പ്രേഷിതവൃത്തിയുടെ ഭാഗഭാഗിത്വമായിരിക്കും. "നമുക്കും അവനോടുകൂടി മരിക്കാം" എന്ന വാക്കുകൾ പത്തൊമ്പതു നൂറ്റാണ്ടിനുശേഷമെങ്കിലും, ദിവ്യനാഥൻ വിളിക്കുന്നിടത്തേയ്ക്ക്, അപകടബോധത്തെ വെല്ലുവിളിച്ചുകൊണ്ട്, ഓടി ഇറങ്ങാനുള്ള ധൈര്യം അനേകരിലേയ്ക്ക് അനർഗ്ഗളമായി പകർന്നുകൊടുക്കട്ടെ!

**ലാറ്റിൻ അമേരിക്കയിലേയ്ക്ക്:**

തെക്കേ അമേരിക്കയിലെ വയലുകളും മിഷനറിമാരെ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന കാര്യം വിസ്മരിക്കാവതല്ല. അവിടെ നിന്ന് നമുക്ക് പ്രത്യേകമൊരു ക്ഷണം ലഭിച്ചിട്ടില്ലെങ്കിലും, നമ്മുടെ പിതാവായ തോമ്മാശ്ലീഹായുടെ മരണശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ, കേരളസഭയിൽ നിന്ന്, അങ്ങോട്ടും സഹായഹസ്തം നീട്ടുക സമുചിതമാണ്. കേരള ഹയരാർക്കിയുടെ ശ്രദ്ധ ഈ കാര്യത്തിൽ പതിഞ്ഞിട്ടുണ്ട്. ഹയരാർക്കിയുടെ പദ്ധതിയിൽ നമ്മുടെ സഹകരണം തീർച്ചയായും നാം നല്കണം.

### ബംഗാളിലേയ്ക്ക്:

പശ്ചിമബംഗാളിലേയ്ക്കുള്ള അഭയാർത്ഥിപ്രവാഹം നിമിത്തം ലക്ഷക്കണക്കിനു വന്നു ചേർന്നിട്ടുള്ള ഹതഭാഗ്യർക്ക് സഹായം നല്കണമെന്ന അഭ്യർത്ഥന പല കേന്ദ്രങ്ങളിൽ നിന്നും വന്നുകൊണ്ടിരിക്കുകയാണല്ലോ. വ്യക്തികളും സ്ഥാപനങ്ങളും സാദ്ധ്യമായത് പരമാവധി ചെയ്യുവാൻ കടപ്പെടുന്ന ഈ വൻസംരംഭത്തിൽ, സംഘടിതമായി പ്രവർത്തിക്കുന്നതാണ്, പാഴ്ചെലവുകൾ കൂടാതെ സഹായം ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതിനുള്ള ഉത്തമമാർഗ്ഗം എന്നു മനസ്സിലാക്കി, കേരളഹയരാർക്കി മുൻകൈ എടുത്തു പ്രവർത്തിക്കുകയാണ്. അതിലേയ്ക്കായി നിയമിക്കപ്പെട്ടിരിക്കുന്ന K.C.B.C. - C.R.I. Joint Commission സെപ്തംബർ 20-ാം തിയ്യതി മുതൽ ഔദ്യോഗികമായി കാര്യങ്ങൾ ഏറ്റെടുക്കും. കേന്ദ്രവുമായി സമ്പർക്കത്തിലേർപ്പെട്ടുകൊണ്ട് പ്ലാൻ ചെയ്യുന്ന ഈ പദ്ധതിയിൽ നമ്മുടെ ഉദാരമായ സഹകരണം പ്രതീക്ഷിക്കുന്നുണ്ട്.

പ്രാർത്ഥനകൊണ്ടും, പണസഹായം കൊണ്ടും ഇതിനകം ഈ കാര്യത്തിൽ കുറെയൊക്കെ നാം സഹകരിച്ചു കാണും. ഇപ്പോൾ ഏറ്റവും കൂടുതൽ ആവശ്യമായിരിക്കുന്നത് ആൾ സഹായമാണ്. സഹായിക്കാൻ സന്നദ്ധരായി പലരും മുന്നോട്ടുവരുന്നുണ്ടെങ്കിലും, സ്വാർത്ഥലാഭമാണ് അവരിൽ വലിയൊരു ഭാഗത്തെ പ്രവർത്തനനിരതരാക്കിയിരിക്കുന്നതെന്ന അനുഭവജ്ഞാനത്തിന്റെ പശ്ചാത്തലത്തിൽ, സന്യാസിനീസന്യാസികളെ കൂടുതലായി ആഹ്വാനം ചെയ്യുകയാണ്. ആവശ്യമനുസരിച്ച് ബാച്ചുകൾ മാറിമാറി സേവനം നിർവ്വഹിക്കത്തക്കവണ്ണം പ്ലാനിംഗ് നടക്കണം. അഖില കേരളാടിസ്ഥാനത്തിൽ നടക്കുവാൻ പോകുന്ന ഈ പദ്ധതിയിലും നാം ആത്മാർത്ഥമായി സഹകരിക്കണം.

ഈശോ വിളിക്കുന്നിടത്ത് ധൈര്യപൂർവ്വം അണിനിരക്കുവിൻ, നമ്മുടെ. പിതാക്കന്മാരായ തോമാശ്ലീഹായും, ദൈവദാസനും നമ്മെ സദാ ഉത്തേജിപ്പിക്കട്ടെ!

**സ്വന്തം, കനീസിയൂസച്ചൻ,**

**പ്രിയോർ ജനറാൾ.**



# 24

# കൃതജ്ഞതയുടെ കൂപ്പുകൈ

**ജനുവരി 1972**

ദൈവത്തിൽ നിന്നും, നമ്മുടെ സഹോദരങ്ങളിൽ നിന്നും നമുക്കു നിരന്തരം ലഭിച്ചുകൊണ്ടിരിക്കുന്ന ദാനങ്ങളെപ്പറ്റി ചിന്തിച്ചാൽ, നമ്മുടെ ഹൃദയം സദാ കൃതജ്ഞതാനിർഭരമായിരിക്കും. അതേ ദാനങ്ങളെ നമ്മുടെ അയോഗ്യതയുടെയും അനർഹതയുടേയും പശ്ചാത്തലത്തിൽ വീക്ഷിച്ചാൽ നമ്മുടെ കൃതജ്ഞത തീക്ഷ്ണതരമായിത്തീരുകയും ചെയ്യും. ഈ വിധം വർദ്ധിച്ച കൃതജ്ഞതയോടെയല്ലാതെ ദൈവത്തെയും സഹോദരങ്ങളെയും വീക്ഷിക്കാൻ എനിയ്ക്കു സാധിക്കാറില്ല. ഇപ്പോൾ സഭയുടെ പൊതുശ്രേഷ്ഠൻ എന്ന ജോലി ഒഴിയുവാൻ പോകുന്ന ഈ നിമിഷങ്ങളിൽ - ഈ വസ്തുത പ്രകടമായി പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നതോടുകൂടി, എന്റെ ബഹുവിധ ബലഹീനതകളാൽ വന്നു പോയിട്ടുള്ള അപരാധങ്ങൾക്ക്, ഓരോരുത്തരോടും ഞാൻ മാപ്പപേക്ഷിക്കുന്നു.

### നമ്മുടെ ശുഭപ്രതീക്ഷകൾ സുനിശ്ചിതങ്ങൾ

നമ്മുടെ സഭയുടെ ആസ്തിക്യം തന്നെ ദൈവപരിപാലനയുടെ നേരിട്ടുള്ള ഇടപെടലിന്റെ ഒരു സ്മാരകമാണെന്ന പരമാർത്ഥം നമ്മുടെ വിശുദ്ധ കുരിയാക്കോസ് ഏലിയാസച്ചൻ കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ വസ്തുതതന്നെ നമ്മുടെ സഭയെപ്പറ്റിയുള്ള ശുഭപ്രതീക്ഷകളുടെ സുനിശ്ചിതത്വത്തിനു നിദാനമായി ഞാൻ കാണുന്നു.

കാലചക്രക്രമണത്തോടൊപ്പം ആവിർഭവിച്ചുകൊണ്ടിരിക്കുന്ന നൂതനപ്രവണതകളുടെ വേലിയേറ്റത്തിൽ നാം സംയമനം വെടിയാതെ, കവിച്ചിലുകളുടെ നീർച്ചുഴികളിൽ നിപതിക്കാതെ, ലക്ഷ്യത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുവാൻ ദിവ്യനാഥനുതന്നെ നമ്മുടെ ചെറുനൗകയുടെ ചുക്കാനിൽ കൈ ഊന്നിക്കൊണ്ടിരിക്കുന്ന വസ്തുത സൂക്ഷ്മദൃക്കുകൾക്ക് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

### കൃതജ്ഞതയ്ക്ക് മുൻസ്ഥാനം നൽകുക

ഈ വസ്തുത നാം അനുസ്മരിക്കണം. അതു നാം വിലമതിക്കണം. അത് അവഗണിക്കുക ദിവ്യനാഥനോടുള്ള കടുത്ത കൃതഘ്നതയായിരിക്കും. സഭയിലെ "അയവിനെയും അഴിമതികളെയും" മാത്രം ദർശിക്കാനും അവയെപ്പറ്റി വിലപിച്ചു നീറിനീറി ജീവിതം അവസാനിപ്പിക്കാനുമുള്ള നൈർഭാഗ്യത്തിനിടയാകാതെ, ദൈവീകദാനങ്ങളെ അവയുടേതായ നിമിഷങ്ങളിൽ വിവേചിച്ചറിയുവാനും, അവയെ ഓർത്ത് ദൈവത്തെ സ്തുതിക്കുവാനും നമ്മെ ക്ഷണിക്കുന്ന പൗലോസ് അപ്പസ്തോലനോടു കൂടി എല്ലാറ്റിലും കൃതജ്ഞതപൂർവ്വം ഹൃദയം സ്വർഗ്ഗത്തിലേയ്ക്കുയർത്തുന്നതിനുള്ള നമ്മുടെ പ്രഥമ കർത്തവ്യത്തിനുതന്നെ നാം മുൻസ്ഥാനം നൽകുവാൻ ദിവ്യനാഥൻ നമ്മെ ഉത്തേജിപ്പിക്കട്ടെ!

### അപരാധങ്ങളെയും വിലയിരുത്തുക

ദിവ്യദാനങ്ങളോടുള്ള കൃതജ്ഞതയ്ക്ക് മുൻതൂക്കം നല്കിക്കൊണ്ട് നമ്മുടെ പോരായ്മകളെയും, അപരാധങ്ങളെയും ഗൗരവമായിത്തന്നെ നാം വിലയിരുത്തണം. ഇവിടെയും ആക്രമണ വീക്ഷണത്തിനും, സമൂല പ്രസ്താവനകൾക്കും, മറ്റുള്ളവരുടെ ബലഹീനതകൾക്കും മുൻസ്ഥാനം നല്കരുത്. സ്വന്തമായ അപരാധങ്ങളെ നാം ആദ്യം കാണണം. അതിൽ ശ്രദ്ധപതിയുന്നതോടെ അപരന്റെ നേർക്ക് എറിയാനെടുത്ത കല്ല്, കയ്യിൽ നിന്ന് താനേ ഊഴ്ന്നുവീണെന്നുവരാം.

### ഇതാ, ജീവിതനവീകരണത്തിന്റെ നേർവഴി

സ്വന്തം ബലഹീനതകളെപ്പറ്റിയുള്ള ശരിയായ പഠനം മറ്റുള്ളവരോട് സഹതാപവും സഹിഷ്ണുതയും, സ്നേഹവും ബഹുമാനവും നമ്മിൽ ജനിപ്പിക്കും. നാം നമുക്കുതന്നെ നല്കാറുള്ള പരിഗണന അവർക്കും നല്കിക്കൊണ്ട് അവരുടെ പ്രവൃത്തികളെ വിലയിരുത്താൻ അതു നമ്മെ നിർബ്ബന്ധിക്കും.

മാത്രമല്ല, സ്വന്തം ബലഹീനതകളുടെ വെളിച്ചത്തിൽ ദിവ്യദാനങ്ങളോടുള്ള കൃതജ്ഞതാബോധം നമ്മിൽ കൂടുതൽ ശക്തിപ്രാപിക്കും. സ്വയം മനസ്സിലാക്കിയാൽ മാത്രം നടക്കുന്ന ജീവിതപരിവർത്തനവും നവീകരണവും നമ്മിൽ ഒരു യാഥാർത്ഥ്യമാവുകയും ചെയ്യും. ഓരോ വ്യക്തിയും ഇതേവിധം നവീകൃതമാകുന്ന ക്ഷണത്തിൽ, സഭ മുഴുവനും നവീകൃതമായി.



### ക്രിസ്മസ് മംഗളം

പ്രതീക്ഷകളുടെ സുവിശേഷം അറിയിക്കുവാൻ ഭൂമിയിൽ അവതരിച്ച ദിവ്യശിശു നമ്മെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ! എല്ലാവർക്കും ഓരോരുത്തർക്കും ക്രിസ്തുമസ് മംഗളങ്ങൾ! നവവത്സരത്തിന്റെ സുപ്രതീക്ഷകളും!

സ്വന്തം, കനീസിയൂസച്ചൻ,

പ്രിയോർ ജനറാൾ.